# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Manathavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10 നവംബർ – 2019 ലക്കം 11**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ .................................................... 05
പുരോഹിതൻ മിശിഹായുടെ ശുശ്രൂഷകൻ............... 7
രൂപതാകച്ചേരി വാർത്തകൾ .................................... 17
*Safe Environment Programme* ........................................ 19
*Disaster Fund* ............................ 20
വൈദികരുടെ മാസധ്യാനം .................................... 23
സെമിനാരി വാർത്തകൾ ........................................ 26
മതബോധനരംഗം ................................................... 27
ചെറുപുഷ്പ മിഷൻലീഗ് ........................................ 30
*Department of Youth Ministry* ............................................ 40
കെ.സി.വൈ.എം ...................................................... 41
കുടുംബപ്രേഷിതത്വം ................................................ 50
സീയോൻ വാർത്തകൾ .............................................. 56
സാമൂഹ്യ സേവനരംഗം (WSSS) ................................ 58
ബയോവിൻ അഗ്രോ റിസർച്ച് .................................. 63
റേഡിയോ മാറ്റൊലി ................................................ 66
നീലഗിരി ഡവലപ്മെന്റ്.............................................. 69
ജയിൽ മിനിസ്ട്രി ...................................................... 71
*Mary Matha Arts & Science College* ......................... 72
വിദ്യാഭ്യാസ മേഖല ................................................. 75
അറിയിപ്പ് ................................................. 78
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 79
ബിഷപ്സ് പ്രോഗ്രാം .................................................. 80

# സർക്കുലർ

***Circular Letter No. 13/2019***
***Prot. No. 22417/2019***

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, അത്മായ നേതാക്കളേ, സഹോദരി സഹോദരന്മാരേ,

പുറം ലോകവുമായി വയനാടിനെ ബന്ധിപ്പിക്കുന്ന പ്രധാന പാതയായ കോഴിക്കോട്- കൊള്ളേഗാൽ ദേശീയ പാത 766 പൂർണ്ണമായി അടച്ചിടാനുള്ള നീക്കം കേന്ദ്ര സർക്കാരിന്റെയും കർണ്ണാടക സർക്കാരിന്റെയും ഭാഗത്ത് നിന്ന് ഉണ്ടാകുന്നുണ്ട് എന്ന വിവരം നിങ്ങൾക്കറിയാമല്ലോ. അത് സംഭവിച്ചാൽ കേരളത്തിലേയും കർണ്ണാടകയിലേയും ജനങ്ങളെ മാത്രമല്ല ഈ വഴി കടന്നു പോകുന്ന എല്ലാവരേയും അത് പ്രതികൂലമായി ബാധിക്കും. യാത്രകൾ മാത്രമല്ല ചരക്കുനീക്കവും സാധ്യമല്ലാതാകും. അതിന്റെ പ്രത്യാഘാതം അതിഭീകരമായിരിക്കും എന്നതിൽ സംശയമില്ല. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വയനാടിന് പിന്നെ പിടിച്ച് നിൽക്കാൻ കഴിയില്ല. വന്യമൃഗശല്യത്താൽ വീർപ്പുമുട്ടുന്ന വയനാടൻ ജനതയുടെ മേൽ വന്നു വീഴുന്ന ഒരു ഇടിത്തീ ആയിരിക്കും അത്. അതിനാൽ നമ്മൾ ഉണർന്ന് പ്രവർത്തിച്ചേ മതിയാകൂ. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ബത്തേരിയിൽ നടന്നുവരുന്ന സമരപരിപാടികളിൽ മാനന്തവാടി രൂപതയിലെ വിശ്വാസി സമൂഹവും അണിചേരണം. അതിന്റെ ഭാഗമായി ഒക്ടോബർ 6ന് ഞായറാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് നമ്മൾ ബത്തേരി അസംപ്ഷൻ പള്ളിമുറ്റത്ത് നിന്ന് സ്വതന്ത്രമൈതാനിയിലെ സമരപ്പന്തലിലേയ്ക്ക് പ്രതിഷേധ ജാഥയായി നീങ്ങി സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കും. ഇക്കാര്യം അറിയിച്ച് കൊണ്ട് ബഹുമാനപ്പെട്ട ജനറാളച്ചൻ ഇടവകകളിലേയ്ക്ക് എഴുതിയിട്ടുണ്ട്. ബഹുമാനപ്പെട്ട  വൈദീകരും സന്യസ്തരും അത്മായ നേതാക്കളും കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് നേതൃത്വം കൊടുക്കുകയും കഴിയുന്നത്ര ആളുകളെ, പ്രത്യേകിച്ച് വയനാട്ടിലേയും നീലഗിരി ജില്ലയിലേയും ഇടവകകളിൽ നിന്ന്, ജാഥയിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. ബത്തേരി ഫൊറോനായുടെ ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. നമ്മുടെയെല്ലാവരുടേയും ഇടപെടൽ ബന്ധപ്പെട്ടവരുടെ കണ്ണ് തുറ

പ്പിക്കും എന്ന് പ്രത്യാശിക്കാം. നിർഭാഗ്യവശാൽ നിങ്ങളോടൊപ്പം ചേരാൻ എനിക്ക് കഴിയില്ല. കാരണം നവംബർ 1 വരെ ഞാൻ വിദേശ ത്താണ്. പരിശുദ്ധ പിതാവിനേയും മറ്റ് സഭാധികാരികളേയും സന്ദർശി ക്കാനായി എല്ലാ സീറോ മലബാർ പിതാക്കന്മാരോടുമൊപ്പം ഞാനും ഇപ്പോൾ റോമിലാണ്. ഞങ്ങളുടെ ദൗത്യം വിജയകരമാകാൻ നിങ്ങൾ പ്രാർത്ഥിക്കണം. നിങ്ങളെ എല്ലാവരേയും പ്രത്യേകമായി ഇവിടുത്തെ വിശുദ്ധ സ്ഥലങ്ങളിൽ പ്രാർത്ഥിക്കുമ്പോൾ ഞാൻ ഓർക്കുന്നുണ്ട്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

സ്നേഹാശംസകളോടെ,

യേശുവിൽ,



**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# പുരോഹിതൻ മിശിഹായുടെ ശുശ്രൂഷകൻ

മല്പാൻ മാത്യു വെള്ളാനിക്കൽ

## (തിരുവചനഭാഗം: ശ്ലീഹ 22,1-30)

എഫേസോസിലെ സഭാനേതാക്കന്മാരോടു പൗലോസിന്റെ സ്വയം ന്യായീകരണ പ്രസംഗങ്ങളിൽ ഒന്നാമത്തെ പ്രസംഗമാണ് ഈ അദ്ധ്യായം നല്കുന്നത്. മറ്റു രണ്ടു പ്രസംഗങ്ങൾകൂടിയുണ്ട്. ഒന്ന് ഫെലിക്സിന്റെ മുമ്പിലും (24,10-21) മറ്റൊന്ന് അഗ്രിപ്പായുടെ മുമ്പിലും (26,1-23). ഈ ഒന്നാമത്തെ പ്രസംഗം കൊലവിളിയുമായി തന്റെ പുറകെ വന്ന യഹൂദജനങ്ങളോടാണ്. അതും അവർക്കു സുപരിചിതമായ അറമായ ഭാഷയിലുമായിരുന്നു. 'ഹെബ്രായ' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് (22,2) സംസാരഭാഷയായ അറമായ ഭാഷതന്നെയാണ്. ഈ വചനഭാഗത്തെ ഇപ്രകാരം വിഭജിക്കാം.

1. യഹൂദരോടു പ്രസംഗിക്കുന്നു (22,1-5)
2. മാനസാന്തരകഥ (22,6-16)
3. വിജാതീയരുടെ ശ്ലീഹാ (22,17-21)
4. യഹൂദരുടെ പ്രതികരണം (22,22-24)
5. റോമൻ പൗരത്വം വെളിപ്പെടുത്തുന്നു (22,25-30)

പുരോഹിതരുടെ വിളിയെക്കുറിച്ചും പുരോഹിതശുശ്രൂഷയെക്കുറിച്ചും പ്രചോദനമുൾക്കൊള്ളുവാൻ സഹായകരമായ ചില ചിന്തകൾ ഈ വചനഭാഗം നമുക്കു നല്കുന്നുണ്ട്.

### 1. പുരോഹിതൻ: വിശ്വാസതീക്ഷ്ണതയുള്ളവൻ

*"അവൻ പറഞ്ഞു: ഞാൻ ഒരു യഹൂദനാണ്. കിലിക്യായിലെ താർസോസിൽ ജനിച്ചു. എങ്കിലും, ഈ നഗരത്തിലാണ് ഞാൻ വളർന്നത്. ഗമാലിയേലിന്റെ പാദങ്ങളിലിരുന്ന് പിതാക്കന്മാരുടെ നിയമത്തിൽ നിഷ്കൃഷ്ടമായ ശിക്ഷണം ഞാൻ നേടി. ഇന്ന് നിങ്ങളെല്ലാവരും ആയിരിക്കുന്നതുപോലെ ഞാനും ദൈവത്തെക്കുറിച്ചു തീക്ഷ്ണത നിറഞ്ഞവനായിരുന്നു. പുരുഷന്മാരെയും സ്ത്രീകളെയും ബന്ധിച്ച് കാരാഗൃഹത്തിലടച്ചുകൊണ്ട് ഈ മാർഗത്തെ*

*നാമാവശേഷമാക്കത്തക്കവിധം പീഡിപ്പിച്ചവനാണു ഞാൻ*" (22,3-4).

'സഹോദരരേ', 'പിതാക്കന്മാരേ' എന്നാണ് പൗലോസ് യഹൂദന്മാരെ സംബോധന ചെയ്യുന്നത്. സഹോദരരെന്നു പൊതുവായി എല്ലാവരെയും, പിതാക്കന്മാരെന്നു സാൻഹെദ്രീൻ സംഘാംഗങ്ങളെയും സംബോധന ചെയ്തുകൊണ്ട് താൻ യഹൂദകുടുംബാംഗം തന്നെയാണെന്ന് പൗലോസ് സ്ഥാപിക്കുന്നു. കിലിക്യായിലെ താർസോസിൽ ജനിച്ച്, ജറുസലേമിൽ ഗമാലിയേൽ റബ്ബിയുടെ ശിഷ്യത്വം സ്വീകരിച്ച്, യഹൂദവിശ്വാസപാരമ്പര്യമനുസരിച്ച് തീക്ഷ്ണതയോടെ ജീവിച്ച തന്റെ ജീവിതവും പ്രവർത്തനവുമാണ് തന്റെ പ്രസംഗത്തിൽ പൗലോസ് ആദ്യം വ്യക്തമാക്കുന്നത്. യഹൂദ പാരമ്പര്യങ്ങളിലും അനുഷ്ഠാനങ്ങളിലും അവരെപ്പോലെതന്നെ തീക്ഷ്ണതയുള്ളവനായിരുന്നുവെന്നും, ഈ തീക്ഷ്ണതയുടെ ഫലമായി അതിൽനിന്നും വ്യതിചലിച്ച ക്രിസ്ത്യാനികളെ നാമാവശേഷമാക്കാൻ ഔദ്യോഗിക അംഗീകാരത്തോടെ അവരെ പീഡിപ്പിച്ചവനുമാണ് താനെന്നും പൗലോസ് തന്റെ പ്രസംഗത്തിൽ വ്യക്തമാക്കുന്നു. പിന്നീട് തന്റെ ലേഖനങ്ങളിലും ഇക്കാര്യം പൗലോസ് വ്യക്തമായി പറയുന്നുണ്ട് (റോമാ 10,2; ഗലാ 1,13-14). യഹൂദവിശ്വാസത്തിനെതിരായി പറയുകയും പ്രവർത്തിക്കുകയും ചെയ്തുവന്നവരാണെന്ന പ്രതീതി മാറ്റി എതിരാളികളെ ശാന്തരാക്കുവാനും ഇപ്പോഴത്തെ നിലപാട് തനിക്കു ലഭിച്ച ദൈവവിളിയുടെ ഫലമാണെന്ന് എതിരാളികളെ ബോദ്ധ്യപ്പെടുത്തുവാനുമാണ് പൗലോസ് ഇപ്രകാരം പ്രവർത്തിച്ചത്.

വിശ്വാസം പഠിക്കേണ്ടതാണെന്നും വിശ്വാസം ജീവിക്കുന്നതിൽ തീക്ഷ്ണതയുള്ളവരാകണമെന്നും പൗലോസിന്റെ ഈ പ്രസംഗം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. പുരോഹിതരുടെ പ്രധാനപ്പെട്ട ദൗത്യമാണ് വിശ്വാസപ്രബോധനം. ആദിമസഭയിലെ ശ്ലൈഹികശുശ്രൂഷയുടെ തുടർച്ചയാണല്ലോ പുരോഹിതശുശ്രൂഷ. ആദിമസഭയിൽ 'ശ്ലൈഹികപ്രബോധനം' ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്ന ഒരു പ്രക്രിയയായിരുന്നു: "അവർ ശ്ലൈഹികപ്ര

ബോധനം, എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ 2,42). മാമ്മോദീസായിൽ സ്വീകരിക്കുന്ന വിശ്വാസം ബോദ്ധ്യങ്ങളാക്കി മാറ്റുവാനും അവയ്ക്കനുസൃതമായി എല്ലാ സാഹചര്യങ്ങളിലും ജീവിക്കുവാനും വിശ്വാസികൾ പ്രാപ്തരാകണമെങ്കിൽ വിശ്വാസപ്രബോധനം തുടർച്ചയായി സഭയിൽ നടന്നുകൊണ്ടിരിക്കണം. അതു സാദ്ധ്യമാകണമെങ്കിൽ പുരോഹിതർ തുടർച്ചയായി വിശ്വാസം പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമാകണം. പുരോഹിതന്റെ പ്രഥമ ധർമ്മം പഠിപ്പിക്കുന്ന ശുശ്രൂഷയാണെന്ന് വൈദിക പരിശീലനത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ രേഖയിൽ (PO 4) പറയുന്നുണ്ട്. അതുകൊണ്ട് തുടർപരിശീലനത്തിനു പ്രാധാന്യം നല്കി കാലാനുസൃതമായി വിശ്വാസം പഠിക്കുകയും പഠിപ്പിക്കുകയും അതു ജീവിക്കുകയും ചെയ്യുന്നതിൽ പുരോഹിതർ തീക്ഷ്ണതയുള്ളവരാകണം.

**2. പുരോഹിതൻ: തന്റെ ദൈവവിളിയോടു പ്രതിബദ്ധതയുള്ളവൻ**

*"ഞാൻ യാത്രചെയ്ത് മധ്യാഹ്നത്തോടെ ദമാസ്ക്കസിനടുത്തെത്തിയപ്പോൾ, പെട്ടെന്നു സ്വർഗത്തിൽനിന്ന് ഒരു വലിയ പ്രകാശം എന്റെ ചുറ്റും വ്യാപിച്ചു. ഞാൻ നിലത്തുവീണു. ഒരു സ്വരം എന്നോട് ഇങ്ങനെ പറയുന്നതു കേട്ടു: സാവൂൾ, സാവൂൾ, നീ എന്നെ പീഡിപ്പിക്കുന്നതെന്തുകൊണ്ട്? ഞാൻ ചോദിച്ചു: കർത്താവേ, അങ്ങ് ആരാണ്? അവൻ പറഞ്ഞു: നീ പീഡിപ്പിക്കുന്ന നസറായനായ ഈശോയാണു ഞാൻ. എന്റെ കൂടെയുണ്ടായിരുന്നവർ പ്രകാശം കണ്ടു; എന്നാൽ, എന്നോടു സംസാരിച്ചവന്റെ സ്വരം കേട്ടില്ല. ഞാൻ ചോദിച്ചു: കർത്താവേ, ഞാൻ എന്തു ചെയ്യണം? കർത്താവ് എന്നോടു പറഞ്ഞു: എഴുന്നേറ്റു ദമാസ്ക്കസിലേക്കു പോവുക. നിനക്കുവേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്നത് അവിടെവച്ചു നിന്നോടു പറയും"* (22,6-10). നടപടിഗ്രന്ഥം 9-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന സാവൂളിന്റെ മാനസാന്തരകഥ പൗലോസ് തന്റെതന്നെ വാക്കുകളിൽ ഇവിടെ വിവരിക്കുകയാണ്. ഒമ്പതാമദ്ധ്യായത്തിലെ വിവരണത്തിൽനിന്നും ചില വ്യത്യാസങ്ങൾ ഈ വിവരണത്തിൽ കാണുന്നുണ്ട്. മധ്യാഹ്നത്തിലാണ് ഇതു

സംഭവിച്ചത്. സ്വർഗത്തിൽനിന്ന് ഒരു വലിയ പ്രകാശം പൗലോസിന്റെ ചുറ്റും വ്യാപിച്ചു (22,6). ഒരു ദൈവിക വെളിപ്പെടുത്തലിന്റെ സ്വഭാവം ഇവിടെ കാണാൻ കഴിയും. ദൈവം പ്രകാശമാണ് (1യോഹ 1,5). പ്രകാശമെന്നത് ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിനെ സൂചിപ്പിക്കുന്നുണ്ട്. അതുപോലെതന്നെ പരസ്പര സംഭാഷണത്തിന്റെ സ്വഭാവവും ഇവിടെ കാണുന്നുണ്ട്. "സാവൂൾ, സാവൂൾ, നീ എന്നെ പീഡിപ്പിക്കുന്നതെന്തുകൊണ്ട്?" എന്നു കർത്താവു പറയുന്നതും "കർത്താവേ, അങ്ങ് ആരാണ്?" എന്നു പൗലോസ് ചോദിക്കുന്നതും, "നീ പീഡിപ്പിക്കുന്ന നസറായനായ ഈശോയാണു ഞാൻ" എന്നു കർത്താവു പറയുന്നതും, പിന്നീട് "കർത്താവേ, ഞാൻ എന്തു ചെയ്യണം?" എന്നു പൗലോസ് ചോദിക്കുന്നതും, "എഴുന്നേറ്റു ദമാസ്ക്കസിലേക്കു പോവുക" എന്നു കർത്താവു കല്പിക്കുന്നതും എല്ലാം അതിന്റെ സൂചനകളാണ് (22,7-10). അതുപോലെ, കൂടെയുണ്ടായിരുന്നവർ സ്വരം കേട്ടില്ല എന്നു പറയുന്നത് (22,9) ഇതു പൗലോസിനു വ്യക്തിപരമായി ലഭിച്ച ഒരു ദൈവവിളിയാണെന്ന സൂചനയാണു നല്കുന്നത്. തന്റെ മാനസാന്തരാനുഭവത്തെ ദൈവവിളിയായി പൗലോസ് മനസ്സിലാക്കുകയും അതിന് പ്രത്യുത്തരം നല്കുകയും ചെയ്യുന്നു എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. യഹൂദമതാനുയായി ആയിരുന്ന താൻ എപ്രകാരമാണ് മിശിഹാനുയായി തീർന്നതെന്ന് തന്റെ എതിരാളികൾക്കു മനസ്സിലാക്കിക്കൊടുക്കുവാനാണ് ഇതിലൂടെ പൗലോസ് പരിശ്രമിക്കുന്നത്. അതു തന്റെ കേവലം മാനുഷികമായ തിരഞ്ഞെടുപ്പല്ലെന്നും, ദൈവത്തിന്റെ പ്രത്യേകമായ വിളിയുടെയും തിരഞ്ഞെടുപ്പിന്റെയും ഫലമായി സംഭവിച്ചതാണെന്നും അവർക്കു മനസ്സിലാക്കിക്കൊടുക്കുവാനാണ് പൗലോസ് തന്റെ മാനസാന്തര വിവരണം ഇവിടെ നല്കുന്നത്. എന്നാൽ അതോടൊപ്പം പൗലോസ് തന്റെ മാനസാന്തരാനുഭവത്തെ എപ്രകാരം മനസ്സിലാക്കുന്നുവെന്നും വ്യക്തമാക്കുന്നുണ്ട്. അതിനെ തന്റെ ദൈവവിളിയുടെ ഭാഗമായിട്ടാണ് പൗലോസ് കാണുകയും സ്വീകരിക്കുകയും ചെയ്യുന്നത്. നമ്മുടെ ജീവിതാനുഭവങ്ങളിലൂടെയാണ്

ദൈവം സംസാരിക്കുന്നതും നമ്മെ സംബന്ധിച്ചുള്ള അവിടുത്തെ പദ്ധതികൾ നമുക്കു വെളിപ്പെടുത്തുകയും ചെയ്യുന്നത്. അതു കൊണ്ടു പുരോഹിതരായ നാം നമ്മുടെ ജീവിതാനുഭവങ്ങളെ ധ്യാനവിഷയമാക്കുകയും അവയിലൂടെ നമ്മുടെ ദൈവവിളിയുടെ സ്വഭാവവും പ്രത്യേകതകളും മനസ്സിലാക്കുകയും പ്രത്യുത്തരിക്കുകയും വേണം.

**3. പുരോഹിതൻ: മാനസാന്തരാനുഭവമുള്ള വിശ്വാസജീവിതം നയിക്കുന്നവൻ**

"*അവിടെ താമസിച്ചിരുന്ന സകല യഹൂദർക്കും സുസമ്മതനും നിയമം അനുസരിക്കുന്നതിൽ നിഷ്ഠയുള്ളവനുമായിരുന്ന അനനിയാസ് എന്ന ഒരു മനുഷ്യൻ എന്റെ അടുത്തുവന്നു പറഞ്ഞു: സഹോദരനായ സാവൂൾ, നിനക്കു കാഴ്ച തിരിച്ചുകിട്ടട്ടെ. ഉടൻതന്നെ എനിക്കു കാഴ്ച തിരിച്ചുകിട്ടുകയും ഞാൻ അവനെ കാണുകയും ചെയ്തു. അവൻ പറഞ്ഞു: നമ്മുടെ പിതാക്കന്മാരുടെ ദൈവത്തിന്റെ ഹിതമറിയാനും നീതിമാനായവനെ ദർശിക്കാനും അവന്റെ അധരത്തിൽനിന്നുള്ള സ്വരം ശ്രവിക്കാനും നിന്നെ അവിടുന്നു നിയമിച്ചിരിക്കുന്നു. നീ കാണുകയും കേൾക്കുകയും ചെയ്തതിനെക്കുറിച്ച് എല്ലാ മനുഷ്യരുടെയും മുമ്പാകെ അവനു നീ സാക്ഷിയായിരിക്കും*" (22,12-15).

ദമാസ്ക്കസിൽവച്ചുള്ള അനനിയാസിന്റെയും സാവൂളിന്റെയും കൂടിക്കാഴ്ചയെപ്പറ്റിയുള്ള വിവരണം, അതു സംഭവിച്ചപ്പോഴുള്ള വിവരണത്തെക്കാൾ (9,10-19) ഹ്രസ്വമാണ്. പക്ഷേ അതിൽ ശ്രദ്ധേയമായ ചില വിശദാംശങ്ങളുണ്ട്. ദൈവത്തെ വിശേഷിപ്പിച്ചിരിക്കുന്നത് 'പിതാക്കന്മാരുടെ ദൈവം' എന്നാണ്. ഇത് യഹൂദരോടുള്ള പത്രോസിന്റെ പ്രസംഗത്തിലും (3,13), സ്തേഫാനോസിന്റെ പ്രസംഗത്തിലും (7,52) ഉപയോഗിച്ചിരിക്കുന്നതു കാണാം. അതുപോലെ ഈശോയെ 'നീതിമാൻ' എന്നും വിശേഷിപ്പിക്കുന്നു. ഇതു പഴയനിയമത്തിൽ 'സഹനദാസന്റെ' വിശേഷണമാണ് (ഏശ 53,11). മിശിഹായിലുള്ള പൗലോസിന്റെ വിശ്വാസം പഴയനിയമപ്രതീക്ഷകൾക്കനുസൃതമാണെന്ന്

ഇതെല്ലാം സമർത്ഥിക്കുന്നു. അതുപോലെ യഹൂദർക്ക് സുസമ്മതനും നിയമം അനുസരിക്കുന്നതിൽ നിഷ്ഠയുള്ളവനുമായ അനനിയാസ് സാവൂളിനു കാഴ്ച നല്കുന്നതും, മിശിഹായ്ക്കു സാക്ഷിയാകുവാനും സ്നാനം സ്വീകരിക്കുവാനും പൗലോസിനോട് ആവശ്യപ്പെടുന്നതും, യഹൂദരുടെ മുമ്പിൽ പൗലോസിന്റെ മാനസാന്തരം ദൈവികമായ ആധികാരികതയുള്ളതാണെന്ന് പ്രഖ്യാപിക്കുന്നവയാണ്.

എഴുന്നേറ്റു സ്നാനം സ്വീകരിക്കുവാൻ അനനിയാസ് പൗലോസിനോട് ആവശ്യപ്പെടുന്നത്, ശരിക്കും മിശിഹായിൽ വിശ്വാസിയാകുവാൻ ആവശ്യപ്പെടുന്നതിനു തുല്യമാണ്: "വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ 16,16). വിശ്വാസം മാനസാന്തരാനുഭവം ഉൾക്കൊള്ളുന്നതാണ്. പരസ്യജീവിതത്തിലേക്കു പ്രവേശിച്ചപ്പോൾ ഈശോ ആഹ്വാനം ചെയ്തു: "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1,15). മാനസാന്തരാനുഭവമാണ് യഥാർത്ഥ വിശ്വാസത്തിലേക്ക് ഒരുവനെ കൊണ്ടുവരുന്നത്. മാനസാന്തരമെന്നു പറയുന്നത് ഒരു പുതിയ ജീവിതാഭിമുഖ്യം ഉണ്ടാകുന്നതാണ്. അന്ധമായിത്തീർന്ന പൗലോസിന്റെ കണ്ണുകൾ അനനിയാസ് തുറന്നത് ഇപ്രകാരമുള്ള മാനസാന്തരാനുഭവം പൗലോസിനുണ്ടായി എന്നതിന്റെ സൂചനയാണ്. മിശിഹാനുഭവത്തിൽ കേന്ദ്രീകൃതമായ ഒരു പുതിയ ജീവിതാഭിമുഖ്യം ഉൾക്കൊള്ളുന്ന വിശ്വാസജീവിതം നയിക്കുന്നവനായിരിക്കണം പുരോഹിതൻ.

**4. പുരോഹിതൻ: പ്രേഷിതാഭിമുഖ്യമുള്ള പ്രാർത്ഥനാനുഭവമുള്ളവൻ**

*"ഞാൻ ജറുസലേമിൽ തിരിച്ചുവന്ന് ദൈവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, എനിക്കൊരു ദിവ്യാനുഭൂതിയുണ്ടായി. കർത്താവ് എന്നോടു ഇപ്രകാരം സംസാരിച്ചുകൊണ്ടുനില്ക്കുന്നതു ഞാൻ കണ്ടു. അവൻ പറഞ്ഞു: നീ വേഗം ജറുസലേമിനു പുറത്തു കടക്കുക. കാരണം, എന്നെക്കുറിച്ചുള്ള*

*നിന്റെ സാക്ഷ്യം അവർ സ്വീകരിക്കുകയില്ല. ... അപ്പോൾ അവൻ എന്നോടു പറഞ്ഞു: നീ പോവുക, അങ്ങു ദൂരെ വിജാതീയരുടെ അടുക്കലേക്കു ഞാൻ നിന്നെ അയയ്ക്കും*" (22,17-18.21).

പൗലോസ് തന്റ മാനസാന്തരാനുഭവത്തിന്റെ ഭാഗമായി ജറുസലേം ദൈവാലയത്തിലെ പ്രാർത്ഥനാനുഭവവും വിവരിക്കുന്നു. മാനസാന്തരത്തിനുശേഷം മൂന്നു വർഷം കഴിഞ്ഞാണ് പൗലോസ് ജറുസലേമിലേക്കു പോയത് (ഗലാ 1,18). ജറുസലേം ദൈവാലയം ക്രൈസ്തവരുടെയും പ്രാർത്ഥനാവേദിയായിരുന്നല്ലോ (3,1). അപ്രകാരം തന്റെ ജറുസലേം സന്ദർശനാവസരത്തിൽ ഉണ്ടായ പ്രാർത്ഥനാനുഭവമായിരിക്കാം പൗലോസ് ഇവിടെ വിവരിക്കുന്നത്. അതൊരു ദിവ്യാനുഭൂതിയായിട്ടാണ് പൗലോസ് അവതരിപ്പിക്കുന്നത്. അതും മിശിഹാനുഭവത്തിന്റെ സ്വഭാവമുള്ള ഒരു ദൈവാനുഭവമായിരുന്നു: "കർത്താവ് എന്നോടു ഇപ്രകാരം സംസാരിച്ചുകൊണ്ടു നില്ക്കുന്നതു ഞാൻ കണ്ടു" (22,18). ജറുസലേമിൽ മിശിഹായെക്കുറിച്ചുള്ള തന്റെ സാക്ഷ്യം സ്വീകാര്യമാവുകയില്ലെന്നും, അതുകൊണ്ടു തന്നെ വിജാതീയരുടെ ശ്ലീഹായായി അവരുടെ അടുത്തേക്ക് അയയ്ക്കുകയാണെന്നുമാണ് (22,21) ഈ പ്രാർത്ഥനാനുഭവത്തിൽ പൗലോസിനു ലഭിച്ച സന്ദേശം. താൻ വിജാതീയരുടെ ശ്ലീഹായായിത്തീർന്നത് ദൈവനിയോഗത്താലാണെന്ന് തന്നെ കൊല്ലാൻ വന്ന യഹൂദരെ ബോദ്ധ്യപ്പെടുത്താൻ പൗലോസ് ശ്രമിക്കുകയായിരുന്നു.

പൗലോസിന്റെ ഈ പ്രാർത്ഥനാനുഭവം എപ്രകാരമുള്ളതായിരുന്നു എന്നു വിശദീകരിക്കുവാൻ പല വ്യാഖ്യാതാക്കളും ശ്രമിക്കുന്നുണ്ട്. വെളിപാടു പുസ്തകത്തിൽ യോഹന്നാനുണ്ടായ അനുഭവത്തോടു ബന്ധപ്പെടുത്തി പൗലോസിന്റെ ഈ പ്രാർത്ഥനാനുഭവത്തെ കാണുന്നവരുണ്ട്. വെളിപാടുപുസ്തകത്തിൽ ഇപ്രകാരം പറയുന്നു: "കർത്താവിന്റെ ദിനത്തിൽ ഞാൻ ആത്മാവിൽ ലയിച്ചിരിക്കെ കാഹളത്തിന്റേതുപോലുള്ള ഒരു വലിയ സ്വരം എന്റെ പിറകിൽനിന്നു കേട്ടു: നീ കാണുന്നത് ഒരു ഗ്രന്ഥത്തിൽ എഴുതി എഫേസോസ്, സ്മിർണാ, പെർഗാമോസ്, തിയത്തീറ, സാർദീസ്,

ഫിലാദെൽഫിയ, ലവൊദീക്യ എന്നീ ഏഴു സഭലങ്ങളിലെ സഭകൾക്കും അയച്ചുകൊടുക്കുക" (വെളി 1,10-11). 'കർത്താവിന്റെ ദിനം' ഞായറാഴ്ചയായതുകൊണ്ട് ഇതു കുർബാനാനുഭവമായി വ്യാഖ്യാതാക്കൾ മനസ്സിലാക്കുന്നുണ്ട്. കുർബാനയാണല്ലോ ക്രിസ്തീയജീവിതത്തിലെ ഏറ്റം വലിയ പ്രാർത്ഥന. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പരിശുദ്ധ കുർബാനാനുഭവമാണ് ഏറ്റം വലിയ പ്രാർത്ഥനാനുഭവത്തിന്റെയും ദൈവാനുഭവത്തിന്റെയും വേദി. ദൈവത്തിന്റെ വിളിയും അയയ്ക്കലും നമുക്കു ലഭിക്കേണ്ട ഏറ്റം വലിയ വേദി പരിശുദ്ധ കുർബാനതന്നെയാണ്. പുരോഹിതർക്ക് അവരുടെ ദൈവവിളിയും പ്രേഷിതാഭിമുഖ്യവും നവീകരിക്കുവാനുള്ള വേദിയും പരിശുദ്ധ കുർബാനയർപ്പണം തന്നെയായിരിക്കണം.

**5. പുരോഹിതൻ: അവകാശങ്ങൾ സുവിശേഷപുരോഗതിക്കായി ഉപയോഗിക്കുന്നവൻ**

"*അപ്പോൾ സഹസ്രാധിപൻ, അവനെ പാളയത്തിലേക്കു കൊണ്ടുവരാനും എന്തു കുറ്റത്തിനാണ് അവർ അവനെതിരായി ആക്രോശിക്കുന്നതെന്ന് അറിയാൻവേണ്ടി ചമ്മട്ടികൊണ്ടടിച്ചു തെളിവെടുക്കാനും കല്പിച്ചു. അവർ പൗലോസിനെ തോൽവാറുകൊണ്ടു ബന്ധിച്ചപ്പോൾ അടുത്തു നിന്ന ശതാധിപനോട് അവൻ ചോദിച്ചു: റോമാപ്പൗരനായ ഒരുവനെ വിചാരണചെയ്ത് കുറ്റം വിധിക്കാതെ ചമ്മട്ടികൊണ്ടടിക്കുന്നതു നിയമാനുസൃതമാണോ? ശതാധിപൻ ഇതുകേട്ടപ്പോൾ സഹസ്രാധിപനെ സമീപിച്ചു പറഞ്ഞു: അങ്ങ് എന്താണു ചെയ്യാനൊരുങ്ങുന്നത്? ഈ മനുഷ്യൻ റോമാപ്പൗരനാണല്ലോ. അപ്പോൾ സഹസ്രാധിപൻ വന്ന് അവനോടു ചോദിച്ചു: പറയൂ, നീ റോമാപ്പൗരനാണോ? അതേ എന്ന് അവൻ മറുപടി നല്കി. സഹസ്രാധിപൻ പറഞ്ഞു: ഞാൻ ഒരു വലിയ തുക കൊടുത്താണ് ഈ പൗരത്വം വാങ്ങിയത്. പൗലോസ് പറഞ്ഞു: ഞാൻ ജന്മനാ റോമാപ്പൗരനാണ്*" (22,24-28).

ദൈവം തന്നെ 'വിജാതീയരുടെ ശ്ലീഹായായി' നിയോഗിച്ചു എന്നു പറയുന്നതുവരെ ജനക്കൂട്ടം പൗലോസിന്റെ വാക്കുകൾ

ശ്രദ്ധിച്ചു. വിജാതീയരെ ഉൾപ്പെടുത്തുക എന്ന ആശയം അവർക്കു വഹിക്കാമായിരുന്നില്ല. അവർ കോപാവേശരായി, കൈകൾ ഉയർത്തിയും, വസ്ത്രങ്ങൾ മുകളിലേക്കു പറപ്പിച്ചും, പൊടിമണ്ണു വാരി വായുവിൽ വിതറിയും തങ്ങളുടെ രോഷം പ്രകടിപ്പിച്ചു. പക്ഷേ പട്ടാള ഉദ്യോഗസ്ഥർക്ക് യഹൂദന്മാർ പൗലോസിൽ ചുമത്തിയ കുറ്റം എന്തെന്നു പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിഎല്ല. എങ്കിലും അത് മതപരമായ ഏതോ കാര്യമാണെന്ന് ഊഹിക്കുവാൻ അവർക്കു സാധിച്ചിരിക്കണം. അങ്ങനെയുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടത് യഹൂദന്മാരുടെ സാൻഹെദ്രീൻ സംഘമാകയാൽ പൗലോസിനെ അവരുടെ അടുക്കൽ വിടുകയാണു വേണ്ടതെന്ന് അവർക്കു തോന്നി. പൗലോസിന്റെ അപ്പോഴത്തെ നിസ്സഹായതയും ആരുടെയും പിന്തുണയില്ലാത്ത സ്ഥിതിയും കണ്ടപ്പോൾ പട്ടാള ഉദ്യോഗസ്ഥന്മാർക്ക് അദ്ദേഹത്തോട് പുച്ഛം തോന്നിയിരിക്കണം. അതുകൊണ്ട് അദ്ദേഹത്തെ തൂണിന്മേൽ കെട്ടി പ്രഹരിച്ചിട്ട് ചോദ്യം ചെയ്യുവാൻ അവർ ഉദ്യമിക്കുന്നു.

ആ അവസരത്തിൽ താൻ റോമാപ്പൗരനാണെന്ന് അദ്ദേഹം വെളിപ്പെടുത്തുകയാണ്. റോമാപ്പൗരന് ചില അവകാശങ്ങൾ ഉണ്ടായിരുന്നു. അവയിലൊന്നാണ് നിയമാധിഷ്ഠിതമായ പരിശോധനയ്ക്കുശേഷം കുറ്റക്കാരനെന്നു വിധിക്കപ്പെടാതെ ശിക്ഷയ്ക്കു വിധേയനാക്കിക്കൂടാ എന്നുള്ളത്. സഹസ്രാധിപൻ പൗലോസിനെ വിചാരണയില്ലാതെ ശിക്ഷിക്കുവാനാണ് ആജ്ഞാപിച്ചത്. എന്നാൽ പൗലോസ് തന്റെ റോമൻ പൗരത്വം വെളിപ്പെടുത്തിയപ്പോൾ അയാൾ പരിഭ്രമിക്കുകയും പൗലോസിനെ ശിക്ഷിക്കുന്നതിൽനിന്നു വിരമിക്കുകയും അദ്ദേഹത്തെ ആലോചനാസംഘത്തിന്റെ മുമ്പിൽ നിർത്തി തെളിവെടുക്കാൻ തീരുമാനിക്കുകയും ചെയ്തു (22,30). റോമാപ്പൗരത്വത്തിന്റെ പദവികൾ ഒന്നിലധികം പ്രാവശ്യം പൗലോസ് പ്രയോജനപ്പെടുത്തിയതായി കാണാം. അർഹമായ സ്ഥാനങ്ങളും അവകാശങ്ങളും നഷ്ടമാക്കേണ്ടതില്ല എന്നും അത് സുവിശേഷപ്രഘോഷണത്തിന് ഉപയുക്തമായ രീതിയിൽ പ്രയോജനപ്പെടുത്തണമെന്നും ഇതു സൂചിപ്പിക്കുന്നു. പുരോ

ഹിതരും തങ്ങളുടെ ശുശ്രൂഷാരംഗങ്ങളിൽ തങ്ങളുടെ ന്യായമായ സ്ഥാനങ്ങളും സ്വാധീനങ്ങളും സുവിശേഷപുരോഗതിക്കായി ഉപയോഗിക്കുവാൻ പരിശ്രമിക്കണം.

**ജീവിതസൂചിക**

1. ക്രിസ്തീയവിശ്വാസം പഠിക്കുവാനും പഠിപ്പിക്കുവാനുമുള്ള തീക്ഷ്ണത എനിക്ക് എത്രമാത്രമുണ്ട്?

2. എന്റെ ദൈവവിളിയോട് പ്രതിബദ്ധത പുലർത്തുന്ന ഒരു ജീവിതമാണോ ഞാൻ നയിക്കുന്നത്?

3. മാനസാന്തരം അഥവാ ദൈവരാജ്യത്തിന്റെ സുവിശേഷ പ്രഘോഷണത്തോടുള്ള ജീവിതാഭിമുഖ്യംഉൾക്കൊള്ളുന്ന വിശ്വാസജീവിതമാണോ എന്റേത്?

4. എന്റെ പരിശുദ്ധ കുർബാനാനുഭവം പ്രാർത്ഥനാനുഭവവും പ്രേഷിതാഭിമുഖ്യവും ഉൾക്കൊള്ളുന്നതാണോ?

5. എന്റെ ന്യായമായ സ്ഥാനമാനങ്ങളും അവകാശങ്ങളും സുവിശേഷ പുരോഗതിക്കായി ഞാൻ ഉപയോഗിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**വാർഷികധ്യാനം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികർക്കായുള്ള വാർഷികധ്യാനം സെപ്റ്റംബർ മാസത്തിൽ രണ്ടു ബാച്ചുകളിലായി നടന്നു. ബഹു. ജോർജ്ജ് കാരാംവേലി അച്ചൻ നയിച്ച ധ്യാനത്തിൽ 154 വൈദികർ പങ്കെടുത്തു. ധ്യാന വിജയത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദിയും അനുമോദനങ്ങളും.

ഈ ധ്യാനത്തിൽ പങ്കെടുത്തിട്ടില്ലാത്ത രൂപതാ വൈദികർ ഈ വർഷം ഡിസംബർ 31–ന് മുൻപായി വാർഷിക ധ്യാനം നടത്തുകയും ആ വിവരം റിപ്പോർട്ട് ചെയ്യുകയും കുർബാന കണക്കുബുക്ക് രൂപതാകച്ചേരിയിൽ സമർപ്പിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു യോഗം 2019 ഡിസംബർ 11 ബുധനാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. വിശദ വിവരങ്ങൾ കത്ത് മുഖേന ബഹു. വൈദികരെ അറിയിക്കുന്നതാണ്.

**സ്നേഹസ്മരണ**

നവംബർ 12–ാം തീയതി നമ്മുടെ പ്രിയപ്പെട്ട ജോസഫ് ചൂരയ്ക്കാമറ്റത്തിലച്ചന്റെ ചരമവാർഷികദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**2 പൗരോഹിത്യം സ്വീകരിക്കുന്നവർ**

ആലുവ മംഗലപ്പുഴ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാരായ ആലക്കത്തടത്തിൽ ജെയിംസ് (നിധിൻ) തെക്കേതിൽ എബ്രാഹം (പ്രിൻസ്), കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാരായ കുന്നത്ത് ജോസഫ് (അഖിൽ), പേഴക്കാട്ടിൽ ഫ്രാൻസിസ് (റിബിൻ), തൃശ്ശൂർ മേരിമാതാ സെമിനാരിയിൽ വൈദീക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ തലച്ചിറ ജോർജ്ജ് (നിധീഷ്), കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തി

യാക്കിയ ഡീക്കന്മാരായ കളപ്പുരക്കൽ എബ്രാഹം (വിനോയ്), മുളകുടിയാങ്കൽ സെബാസ്റ്റ്യൻ (ജോഫിൻ), ഷില്ലോംഗ് ഓറിയൻസ് സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാരായ മഠത്തിപ്പറമ്പിൽ ദേവസ്യ (അരുൺ), മുട്ടപ്പള്ളിൽ ജോസഫ് (ജിഫിൻ), പൂന പേപ്പൽ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ഇടച്ചിലാത്ത് ജോസഫ് (ജിതിൻ), റോമിലെ Pontificio Collegio Internazionale Maria Mater Ecclesiae സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കിയ ഡീക്കൻ കളപ്പുരക്കൽ മാത്യു (വിപിൻ) എന്നിവർ ഡിസംബർ - ജനുവരി മാസങ്ങളിൽ തിരുപ്പട്ടം സ്വീകരിക്കാൻ ഒരുങ്ങുന്നു. ഇവർക്ക് ആശംസകളും അനുമോദനങ്ങളും നേരുന്നു. പൗരോഹിത്യ കൂട്ടായ്മയിലേക്ക് ഇവർക്ക് ഹൃദ്യമായ സ്വാഗതം. പൗരോഹിത്യ സ്വീകരണത്തിനായി ഒരുങ്ങുന്ന ഇവരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**തിരുപ്പട്ട സ്വീകരണത്തിന്റെ തീയതിയും സ്ഥലവും**

| തീയതി | വീട്ടുപേരും, പേരും | സ്ഥലം | സമയം |
|---|---|---|---|
| 2019 ഡിസം 26 | ഡീ.കളപ്പുരക്കൽ എബ്രാഹം (വിനോയ്) | യവനാർകുളം | രാവിലെ 9.15 |
| 2019 ഡിസം 26 | ഡീ. തലച്ചിറ ജോർജ്ജ് (നിധീഷ്) | ദീപ്തിഗിരി | ഉച്ചക്ക് 2.30 |
| 2019 ഡിസം 28 | ഡീ. പേഴക്കാട്ടിൽ ഫ്രാൻസിസ് (റിബിൻ) | വെള്ളൂന്നി | രാവിലെ 9.15 |
| 2019 ഡിസം 30 | ഡീ. ആലക്കത്തടത്തിൽ ജെയിംസ് (നിധിൻ) | ഏലപ്പീടിക | ഉച്ചക്ക് 2.30 |
| 2019 ഡിസം 31 | ഡീ. തെക്കേതിൽ എബ്രാഹം (പ്രിൻസ്) | കരിമ്പിൽ | രാവിലെ 9.15 |
| 2020 ജനു 1 | ഡീ. കളപ്പുരക്കൽ മാത്യു (വിപിൻ)<br>ഡീ. കുന്നത്ത് ജോസഫ് (അഖിൽ)<br>ഡീ. ഇടച്ചിലാത്ത് ജോസഫ് (ജിതിൻ) | ചെന്നലോട് | രാവിലെ 9.15 |
| 2020 ജനു 4 | ഡീ. മുട്ടപ്പള്ളിൽ ജോസഫ് (ജിഫിൻ) | തരിയോട് | രാവിലെ 9.15 |
| 2020 ജനു 4 | ഡീ. മുളകുടിയാങ്കൽ സെബാസ്റ്റ്യൻ (ജോഫിൻ) | കോട്ടത്തറ | ഉച്ചക്ക് 2.30 |
| 2020 ജനു 23 | ഡീ. മഠത്തിപ്പറമ്പിൽ ദേവസ്യ (അരുൺ) | പോരൂർ | രാവിലെ 9.15 |

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# Safe Environment Programme

**ചുങ്കക്കുന്ന്**

Safe Environment Committee സംഘടിപ്പിച്ച Safe Environment Training Programme 08/10/19 ന് ചുങ്കക്കുന്ന് വച്ച് നടന്നു. ഫൊറോന വികാരി ബഹുമാനപ്പെട്ട വിൻസെന്റ് കളപ്പുര അച്ചൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. അഡ്വക്കേറ്റ് സജിമോൻ, അഡ്വക്കേറ്റ് റിനു ജോസ്, ഫാ. ജോസഫ് പരുവുമ്മേൽ എന്നിവർ ക്ലാസ്സുകൾ എടുത്തു. പ്രോഗ്രാമിൽ ചുങ്കക്കുന്ന് ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള കൈക്കാരന്മാർ, സെക്രട്ടറിമാർ, കപ്യാർമാർ, മതാധ്യാപകർ, ഏതാനും വൈദീകർ എന്നിവർ പങ്കെടുത്തു.

ബഹുമാനപ്പെട്ട വിൻസെന്റ് കളപ്പുര അച്ചൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും വളരെ ഭംഗിയായി ചെയ്തു. ഈ പ്രോഗ്രാം വളരെ മനോഹരമായി സംഘടിപ്പിച്ചതിനും ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തു തന്നതിനും ബഹുമാനപ്പെട്ട വിൻസന്റ് കളപ്പുര അച്ചനും, അച്ചനോട് സഹകരിച്ച ഏവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**നവംബർ മാസത്തെ പ്രോഗ്രാം**

നവംബർ 3 : മാനന്തവാടി ടൗൺ പള്ളി.

നവംബർ 9 : കാവുംമന്ദം (തരിയോട് ഫൊറോന)

Adv. Rinu Jose
Director, Safe Environment Committee,
Dioceses of Mananthavady

# DISASTER FUND

## DISASTER FUND RECEIVED FROM OTHER DONORS

| NAME | AMOUNT |
|---|---|
| ST. SEBASTIAN'S CHURCH KUTTIKKAD | 150,000 |
| ST. XAVIOR'S CHURCH PUTHUKARY, ALAPUZHA | 60,000 |
| MATHRUVEDHI, DIOCESE OF IRINJALAKKUDA | 100,000 |
| K.C.Y.M. KANAKAMALA | 25,000 |
| M.S.M.I PROVINCIAL HOUSE BATHERY | 50,000 |
| DR. BOSCO AND FAMILY (LAKKIDY) | 50,000 |
| ST. AUGUSTINE SOCIAL SERVICE | 25,000 |
| SISTERS OF CHARITY OF VINCENTGIRI | 200,000 |
| **TOTAL** | **660,000** |
| **DISASTER FUND RECEIVED FROM PARISHES** | |
| **PARISH NAME** | **AMOUNT** |
| ADACKATHODE | 20,000 |
| ALATTIL | 20,000 |
| AMBALAVAYAL CHURCH | 30,000 |
| AMBAYATHODE | 6,000 |
| APPAPARA | 1,000 |
| ARATTUTHARA | 20,400 |
| BATHERY | 71,210 |
| BAVALI | 2,000 |
| BEKKI | 5,000 |
| BOSPARA | 15,000 |
| BOYSTOWN | 6,000 |
| CHARITY | 26,000 |
| CHEENGAVALLAM | 7,000 |
| CHENNALOD | 25,000 |
| CHERUKATTUR | 25,000 |
| CHULLIYANA | 4,000 |
| COONOOR | 10,000 |
| DEEPTHIGIRI | 16,000 |
| DHARMAGIRI | 7,825 |
| DWARAKA | 10,830 |

| | |
|---|---|
| EDAPETTY | 4,000 |
| EDIVANNA | 22,000 |
| IRULAM | 10,000 |
| KALLODY | 28,000 |
| KALLUVAYAL | 24,650 |
| KALPETTA | 38,000 |
| KALPRA | 15,000 |
| KAMMANA | 20,000 |
| KARANI | 8,000 |
| KARIMBIL | 16,500 |
| KARTIKULAM | 10,000 |
| KAVUMMANNAM | 11,750 |
| KAYYUNNI | 50,000 |
| KELAKAM | 18,320 |
| KENICHIRA | 40,000 |
| KOLAVAYAL | 10,000 |
| KUNJHOME | 10,000 |
| KURUMANI | 20,000 |
| KURUMBALAKOTTA | 15,000 |
| KUTTIMOOLA | 12,000 |
| LAKKIDI | 3,650 |
| MANANTHAVADY CATHEDRAL | 35,000 |
| MANANTHAVADY TOWN | 7,719 |
| MANJOORA | 12,000 |
| MANGALAM | 3,900 |
| MANVAYAL | 16,000 |
| MARAKADAVU | 10,000 |
| MARAKAVU | 48,966 |
| MARTIN NAGAR | 15,000 |
| MOOLANKAVU | 25,000 |
| MULLENKOLLY | 56,000 |
| MUNDERI | 7,000 |
| NADAVAYAL | 50,000 |

| | |
|---|---|
| NARIVALAMUNDA | 27,000 |
| NEDUMPALA | 30,000 |
| NIRAVILPUZHA | 4,132 |
| OLIVUMALA | 5,000 |
| OZHUKKANMULA | 5,800 |
| PALANKARA | 30,000 |
| PALEMAD | 21,000 |
| PANAMARAM | 2,500 |
| PANTHIPOYIL | 16,000 |
| PARATHOTTAM | 13,000 |
| PAYYAMPALLY | 50,000 |
| POOLAPPADAM | 20,000 |
| PRASANTHIGIRI | 1,500 |
| PUTHUSSERY | 5,310 |
| PUZHAMUDI | 10,500 |
| SANTHIGIRI | 6,000 |
| SEETHAMOUNT | 15,000 |
| THALIPADAM | 18,720 |
| THAVINJAL | 30,466 |
| THRISSILERY | 8,640 |
| VADAKKANAD | 10,000 |
| VAKERI | 6,120 |
| VALANCHERY | 2,000 |
| VALAVAYAL | 8,000 |
| VALLIKETTU | 30,000 |
| VANJODE | 3,300 |
| VAZHAVATTA | 50,000 |
| VYTHIRI | 9,220 |
| **TOTAL** | **14,40,928** |

# വൈദികരുടെ മാസധ്യാനം

## നീലഗിരി മേഖല

നീലഗിരി മേഖലയിലെ ബഹു. വൈദികരുടെ മാസധ്യാനവും, വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാളും സംയുക്തമായി പനംചിറ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഇടവക വികാരി ബഹു. ഫാ. ജയൻ മണ്ണുകുളം TOR ഏവരേയും സ്വാഗതം ചെയ്തു. പനംചിറ ശാന്തിഗിരി ആശ്രമ സുപ്പീരിയർ ബഹു. ഫാ.ഷിബിൻ വല്ലാട്ടുതുണ്ടത്തിൽ ധ്യാനചിന്തകൾ പങ്കുവയ്ക്കുകയും ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് തോമസ് മണക്കുന്നേൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മിഷൻലീഗ് മേഖലാ ബൈബിൾ കലോത്സവത്തിന്റെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും അച്ചൻ നന്ദി പറഞ്ഞു. രൂപതാ ബൈബിൾ കലോത്സവം ഒക്ടോബർ 12 ന് ബത്തേരിയിൽ വച്ച് നടത്തപ്പെടുന്നതാണെന്ന് അറിയിച്ചു. കെ.സി.വൈ.എം. രൂപതാ മത്സരത്തെക്കുറിച്ച് ബഹു. റോബിനച്ചൻ സംസാരിച്ചു. മാതൃവേദി രൂപതാ സാഹിത്യമത്സരം നവംബർ 9 ന് മാനന്തവാടിയിൽ വച്ച് നടക്കുന്നതാണെന്ന് മാതൃവേദി മേഖലാ ഡയറക്ടർ സജി പുതുക്കുളങ്ങര അച്ചൻ അറിയിച്ചു. ഒക്ടോബർ 20 ന് സൺഡേ സ്കൂൾ +2, $7^{th}$ ക്ലാസുകളിലെ കുട്ടികളുടെ പ്രതിഭാസംഗമം കയ്യൂന്നിയിൽ വച്ച് നടക്കുന്നതാണെന്ന് മേഖലാ മതബോധന ഡയറക്ടർ ബഹു. തോമസ് മണക്കുന്നേലച്ചൻ അറിയിച്ചു. ഗൂഡല്ലൂർ റീജണൽ സെന്ററിന്റെ വെഞ്ചരിപ്പ് നവംബർ 19 നാണെന്ന് NDS ഡയറക്ടർ ബഹു. ഫാ. ബിനോയി കാശാംകുറ്റിയിൽ അറിയിച്ചു. ചർച്ചയ്ക്കുശേഷം ശാന്തിഗിരി ആശ്രമത്തിൽ ഒരുക്കിയ സ്നേഹവിരുന്നിൽ ഏവരും പങ്കുചേർന്നു. ബഹു. ബിനോയി അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. നവംബർ 7 ന് ബോസ്പാറ ഇടവകയിൽ വച്ച് നടക്കുന്ന മാസധ്യാനത്തിലേയ്ക്ക് എല്ലാവരെയും ഹൃദയപൂർവ്വം ക്ഷണിച്ചു.

**ഫാ. ജയൻ മണ്ണുകുളം TOR**
റീജണൽ സെക്രട്ടറി

**ബത്തേരി ഫൊറോന**

ഒക്ടോബർ മാസത്തിലെ ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം വട്ടത്തുവയൽ സാന്താ മരിയ സി.എസ്.ടി ആശ്രമത്തിൽ വച്ചു 10-10-2019 ന് നടന്നു. ആശ്രമ സുപ്പീരിയർ ഫാ. ജിമ്മി ആക്കാട്ട് ഏവരേയും സ്വാഗതം ചെയ്തു. ഫാ. ബിജു എസ്.ഡി.ബി.

ധ്യാനചിന്തകൾ പങ്കുവെച്ചു. തുടർന്ന് നടന്ന മീറ്റിംഗിന് ഫൊറോന വികാരി റവ. ഫാ. ജെയിംസ് പുത്തൻപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് വിവിധ സംഘടനകളുടെ ഡയറക്ടർമാർ സംഘടനകളുടെ പ്രവർത്തനത്തെ വിലയിരുത്തി സംസാരിച്ചു. മതബോധനം : പ്ലസ് വൺ സംഗമം നവംബർ 24 ന് നടത്തുവാൻ തീരുമാനിച്ചു. മാതൃവേദി : വിധവ സംഗമം നടത്തി. ഒക്ടോബർ 12 ന് കുടുംബക്കൂട്ടായ്മ സംഗമം അമ്പല വയൽ ഇടവകയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. മിഷൻലീഗ് 2018-19 വർഷത്തെ മിഷൻ സ്റ്റാറായി തെരഞ്ഞെടുക്കപ്പെട്ട ബത്തേരി മേഖല യുടെ ഡയറക്ടർ ജോബി മുക്കാട്ടുകാവുങ്കലച്ചനെ ഫൊറോന വികാരി ബഹു. ജെയിംസച്ചൻ അനുമോദിച്ചു. മേഖലാ കലാമത്സരങ്ങൾക്കും എയ്ഞ്ചൽസ് മീറ്റിനും പങ്കെടുത്ത് വിജയിപ്പിച്ചവർക്ക് ജോബിയച്ചൻ നന്ദിയർപ്പിച്ചു. രൂപതാ കെ.സി.വൈ.എം-ന്റെ ആഭിമുഖ്യത്തിൽ ദേശീയ പാത അടയ്ക്കുന്നതിനെതിരെ നടന്ന യുവജന സമരത്തിന് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചു നടത്തിയ പന്തം കൊളുത്തി പ്രകടനത്തിന് കാണിച്ച സഹകരണത്തിന് രജീഷച്ചൻ നന്ദിയർപ്പിച്ചു. നടക്കാൻ പോകുന്ന കലാമത്സരങ്ങൾക്ക് ഏവരുടേയും സഹകരണം അഭ്യർത്ഥിച്ചു. അടുത്ത മാസധ്യാനം തോമാട്ടുചാൽ ഇടവകയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. അനീഷ് ആലുങ്കൽ**
സെക്രട്ടറി

**മാനന്തവാടി ഫൊറോന**

മാനന്തവാടി ഫൊറോനയിലെ വൈദികരുടെ ഒക്ടോബർ മാസത്തിലെ മാസധ്യാനം 8-ാം തീയതി ചൊവ്വാഴ്ച നോർബർട്ട് ഹൗസിൽ വെച്ച് നടന്നു. പുതിയിടം ഇടവകാവികാരി ബഹു. ജോതിഷ് കാരക്കടയിൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു സംസാരിച്ചു. തലപ്പുഴ ലത്തീൻ ഇടവക വികാരി ബഹു. അലോഷ്യസ് OSA അച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു. പൗരോഹിത്യ ജീവിതത്തിൽ ആത്മീയ ജീവിതത്തിന് ഏറെ പ്രാധാന്യമുണ്ട് എന്ന് ഓർമിപ്പിച്ചു. തുടർന്നുള്ള സമ്മേളനത്തിൽ മതബോധന മേഖലാ ഡയറക്ടർ ബഹു. ജോജോ കുടക്കച്ചിറ അച്ചൻ നവംബർ 3-ാം തീയതി വേദപാഠം സെമസ്റ്റർ പരീക്ഷയാണെന്നും 12-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ ഏകദിന സംഗമം നവംബർ 10-ാം തീയതി കത്തീഡ്രൽ ഇടവകയിൽവെച്ച് നടത്തുവാൻ തീരുമാനിച്ചതായും അറിയിച്ചു. മാതൃവേദിയെകുറിച്ച് മേഖലാ ഡയറക്ടർ ബഹു.സണ്ണി കൊല്ലാർതോട്ടം അച്ചൻ

സംസാരിച്ചു. ഒക്ടോബർ 16-ന് രാവിലെ 10.30 ന് കരിമാനി കുരിശുപള്ളിയിൽ നിന്നും നടത്തപ്പെടുന്ന ജപമാല റാലിയിൽ എല്ലാം മാതൃവേദി അംഗങ്ങളും പങ്കെടുക്കണമെന്നും നവംബർ 10,11,12 തിയതികളിൽ ഇടവക സന്ദർശനം നടത്തുന്നതായിരിക്കുമെന്നും അറിയിച്ചു. മിഷൻലീഗ് മേഖലാ ഡയറക്ടർ ബഹു.അനീഷ് കാട്ടാംകോട്ടിലച്ചൻ സെപ്റ്റംബർ 9-ാം തീയതി നടന്ന മേഖലാ കലാമത്സരം വിജയിപ്പിക്കുവാനായി പരിശ്രമിച്ച എല്ലാവർക്കും നന്ദി അറിയിച്ചു.

ദുബായിൽ വെച്ച് നടന്ന AKCC അന്തർദേശിയ പ്രതിനിധി സംഗമത്തെക്കുറിച്ച് AKCC രൂപതാ ഡയറക്ടർ ബഹു. ആന്റോ മമ്പള്ളിൽ അച്ചൻ സംസാരിച്ചു. ശാഖാഭാരവാഹികളെ കണ്ടെത്തണമെന്നും ഇടവകകളിൽ AKCC കൂടുതൽ അംഗങ്ങളെ കണ്ടെത്തി സജീവമാക്കണമെന്നും അച്ചൻ നിർദേശിച്ചു. സെയ്ഫ് എൻവിയോൺമെന്റ് സെമിനാറുകൾ (Safe Enviornment) സാധിക്കുന്നിടത്തോളം വലിയ ഇടവകകളിൽ തന്നെ നടത്തുന്നത് പ്രായോഗികമായി കൂടുതൽ സൗകര്യപ്രദമാണെന്ന് യോഗം അഭിപ്രായപ്പെട്ടു. ബഹു. ജോഷി പുൽപ്പയിൽ അച്ചൻ എല്ലാവർക്കും നന്ദി അർപ്പിക്കുകയും അടുത്ത മാസധ്യാനത്തിന് ഏലപ്പീടിക ഇടവകയിലേക്ക് എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു.

**ഫാ. ജോർജ്ജ്കുട്ടി കണിപ്പിള്ളിൽ**

സെക്രട്ടറി

**ചുങ്കക്കുന്ന് ഫൊറോന**

ചുങ്കക്കുന്ന് ഫൊറോനയിലെ ഒക്ടോബറിലെ മാസധ്യാനം പാൽചുരം ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ബഹു. ബാബു മാപ്ലശ്ശേരിയച്ചൻ സ്വാഗതം പറഞ്ഞു. ബഹു. പറമ്പിലച്ചൻ ധ്യാനചിന്തകൾ നൽകി. ദൈവത്തിന്റെ മുമ്പിൽ എല്ലാവരും ഒരുപോലെയാണെന്ന് ധ്യാനവിചിന്തനത്തിലൂടെ അച്ചൻ പറഞ്ഞു. വിവിധ സംഘടനകളെപ്പറ്റി ചർച്ച ചെയ്തു. മിഷൻ ലീഗിന്റെ മേഖല കലാമത്സരങ്ങൾ വളരെ മനോഹരമായി നടത്തുന്നതിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട മേഖല ഡയറക്ടർ ഫാ. സുനിൽ മഠത്തിലിനെ വൈദീകർ അഭിനന്ദിച്ചു. KCYM മേഖല കലാമത്സരങ്ങൾ ഒക്ടോബർ 20 -ന് ചുങ്കക്കുന്ന് പള്ളിയിൽ വച്ച് നടത്തുവാൻ തീരുമാനമായി. ഒക്ടോബർ മാസം ജപമാലമാസമായതിനാൽ അമ്മമാർക്കായ് മാതൃസംഘടനയുടെ നേതൃത്വത്തിൽ ജപമാല റാലി നടത്തുവാൻ തീരുമാനിച്ചു. വിഭവ സമൃദ്ധമായ ഭക്ഷണത്തിനുശേഷം ബഹു. സിനീഷ് പുത്തൻപുരക്കൽ അച്ചൻ നന്ദിപറഞ്ഞ് അടുത്ത മാസധ്യാനത്തിനായി നെല്ലിയോടി പള്ളിയിലേക്ക് സ്വാഗതം ചെയ്തു.

**ഫാ. സനോജ് ചിറ്ററയ്ക്കൽ**

സെക്രട്ടറി

# സെമിനാരി വാർത്തകൾ

## അൾത്താര ബാലൻമാരുടെ ക്യാമ്പ്

സ്നേഹ ബഹുമാനപ്പെട്ട അച്ചാ,

മൗണ്ട്മേരി കോളേജിൽ നിന്നും ആഗതമാകുന്ന ക്രിസ്തുമസ്, പുതുവത്സരാശംസകൾ നേരുന്നു. അച്ചന്റെ എല്ലാ സഹായസഹകരണങ്ങൾക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു. ഈ വർഷം 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന വൈദീകജീവിതത്തിലേക്ക് കടന്നുവരാൻ താൽപര്യമുള്ള അൾത്താരസംഘത്തിൽ അംഗങ്ങളായവരോ അല്ലാത്തവരോ ആയ ആൺകുട്ടികൾക്കുവേണ്ടി ഒരു ക്യാമ്പ് നമ്മുടെ രൂപതയുടെ വൊക്കേഷൻ ബ്യൂറോയും ചെറുപുഷ്പ മിഷൻലീഗും ചേർന്ന് സംഘടിപ്പിക്കുന്നു. വൈദീകജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദനമേകാൻ, ദൈവവിളി തിരിച്ചറിയാൻ ഈ ക്യാമ്പ് സഹായകമാകും. 2019 ഡിസംബർ 22 ഞായർ വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 24 ചൊവ്വ രാവിലെ 10 മണിക്ക് ക്യാമ്പ് അവസാനിക്കും. നമ്മുടെ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിൽ വച്ച് നടത്തപ്പെടുന്ന ഈ ക്യാമ്പിലേക്ക് ഇടവകകളിൽ നിന്നും കുട്ടികളെ പറഞ്ഞുവിടുമല്ലോ. അച്ചന്റെ ഇടവകയിൽ നിന്നും 8, 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന വൈദികരാകാൻ താൽപര്യമുള്ള പരമാവധി കുട്ടികളെ പറഞ്ഞയയ്ക്കണേ.

NB: 1. ക്യാമ്പിന് രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപയായിരിക്കും.
2. കുർബാന പുസ്തകം, പേന, നോട്ട് ബുക്ക്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.
3. ക്യാമ്പിന് വരുന്ന കുട്ടികളുടെ വിവരം താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിലേക്ക് 2019 ഡിസംബർ 22ന് മുമ്പ് വിളിച്ചറിയിക്കുമല്ലോ.

**ഫാ.ബിജു തുരുത്തേൽ**
വൊക്കേഷൻ പ്രൊമോട്ടർ
ഫോൺ: 9495511616

**ഫാ.സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ
ഫോൺ: 9447882293

**ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ, മൈനർ സെമിനാരി

**ഒന്നാം ടേം പരീക്ഷ**

ഈ അദ്ധ്യായന വർഷത്തെ ഒന്നാം ടേം പരീക്ഷ നവംബർ 3-ാം തീയതിയാണ്. നമ്മുടെ എല്ലാ ഇടവകകളിലും ഒരേ സമയത്താണ് പരീക്ഷ നടത്തേണ്ടത്. രാവിലെ 11 മണി മുതൽ 1 മണി വരെയാണ് പരീക്ഷയുടെ സമയം. മറ്റ് സമയങ്ങളിൽ വേദപാഠം നടത്തുന്ന ഇടവകകൾ നിർദ്ദേശിക്കപ്പെട്ട സമയത്ത് പരീക്ഷ നടത്താൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. നവംബർ 2-ാം തീയതി 10 മണി മുതൽ 5 മണി വരെ രൂപതാ മതബോധന കേന്ദ്രത്തിലും മാനന്തവാടി സെന്റ് ജോസഫ് ബുക്കുസ്റ്റാളിലും (മാനന്തവാടി , കല്ലോടി, പയ്യംമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ ലഭ്യമായിരിക്കും.

**മേഖല അധ്യാപക സംഗമം**

ഒക്ടോബർ 13-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് പയ്യംമ്പള്ളി, ദ്വാരക, കല്ലോടി ഫൊറോനകളിലെ മതാധ്യാപകരുടെ സംഗമം നടന്നു. പയ്യംമ്പള്ളി മേഖലയിൽ നിന്ന് 112 അധ്യാപകരും ദ്വാരക മേഖലയിൽ നിന്ന് 117 അധ്യാപകരും കല്ലോടി മേഖലയിൽ നിന്ന് 133 അധ്യാപകരും രൂപതാ മതബോധന ടീം അംഗങ്ങളും പങ്കെടുത്തു. 'Digital Catechism' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചത് സീറോ മലബാർ സഭയുടെ Digital Catechism പരിപാടികൾക്ക് നേതൃത്വം നല്കുന്ന ജിബി വർഗ്ഗീസ് ആണ്.

**Plus Two വിദ്യാർത്ഥി സംഗമം**

ഒക്ടോബർ 6-ാം തിയതി നടവയൽ ഫൊറോനയിൽ (ചുണ്ടക്കര) Plus Two വിദ്യാർത്ഥികളുടെ സംഗമം നടത്തപ്പെട്ടു. Plus Two സംഗമത്തിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ റവ. ഫാ. നോബിൾ പാറക്കലിനും ആവശ്യമായ ക്രമീകരണങ്ങളെല്ലാം സജ്ജമാക്കിയ മേഖലാ ഡയറക്ടർ ബഹു. ജെയ്സൻ കുഴികണ്ടത്തിൽ അച്ചനും ചുണ്ടക്കര വികാരി ബഹു. കുര്യൻ വാഴയിൽ അച്ചനും, മേഖലാ സെക്രട്ടറി മാത്യു സാറിനും സഹകരിച്ച എല്ലാ അധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി.

ഒക്ടോബർ 13 – നടവയൽ  ഫൊറോന (നടവയൽ) യിൽ വച്ച് നട ത്താനിരുന്ന Plus Two സംഗമം നവംബർ 24 ലേക്ക് മാറ്റിയിരിക്കുന്നു. **നവംബർ മാസത്തിൽ Plus Two സംഗമം നടക്കുന്ന ഫൊറോനകൾ താഴെ കൊടുക്കുന്നു.**

നവംബർ 10 – മാനന്തവാടി

നവംബർ 17 – തരിയോട്

## HDC contact class

HDC 1st year വിദ്യാർത്ഥികളുടെ മൂന്നാമത്തെ ക്ലാസ്സ് നവംബർ 9ന് ദ്വാരകയിൽ നടത്തപ്പെടുന്നതായിരിക്കും.

## Plus One വിദ്യാർത്ഥി സംഗമം

2019 നവംബർ 24 –ാം തീയതി ഞായറാഴ്ച രൂപതയിലെ 11–ാം ക്ലാസ്സിൽ വേദപാഠം പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. ഫീസ് 100 രൂപ. അഭിവന്ദ്യ പിതാവിന്റെ വി. ബലിയോടെയാണ് ആരംഭിക്കുന്നത്.

### Plus Two പ്രതിഭാസംഗമം

പ്ലസ് ടു വിദ്യാർത്ഥികളുടെ ഫൊറോനാതല പ്രതിഭാസംഗമം നടത്തി രൂപതാതല സംഗമത്തിനുള്ള കുട്ടികളുടെ പേര് നവംബർ 30ന് മുൻമ്പ് ഓഫീസിൽ അറിയിക്കേണ്ടതാണ്. ഫൊറോനാതല പ്രതിഭാസംഗമത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് പെൺകുട്ടി കളുടെയും രണ്ട് ആൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ എന്നിവയാണ് ഓഫീസിൽ തരേണ്ടത്. ഫൊറോന മതബോധന ഡയറക്ടേഴ്സും സെക്രട്ടറിമാരും ശ്രദ്ധിക്കുമല്ലോ.

### രൂപതാ വിസിറ്റ്

വിവിധ ഇടവകകളിലെ സന്ദർശന തീയതികൾ താഴെ ചേർക്കുന്നു. Date ഇട്ടിട്ടുണ്ടെങ്കിലും മാറ്റം വരാം. വിസിറ്റിന് രണ്ടാഴ്ച മുൻമ്പ് വികാരിയച്ചനേയും HM നേയും രൂപതാ ഓഫീസിൽനിന്ന് വിളിച്ച് Visit ഉറപ്പു വരുത്തുന്നതാണ്.

**നവംബർ 10 –** കല്ലുമുക്ക്, വടക്കനാട്, ചുങ്കക്കുന്ന്, പുതുശ്ശേരി, മക്കിയാട്, എടപ്പെട്ടി, ചൂരൽമല, ഏലപ്പീടിക, തവിഞ്ഞാൽ, പാടിച്ചിറ, അമരക്കുനി, ദ്വാരക, കാരക്കാമല, കണിയാമ്പറ്റ, പനമരം, കമ്മന, കാട്ടിക്കുളം, തരിയോട്

**നവംബർ 17 –** വാകേരി, മൂലങ്കാവ്, അടയ്ക്കാത്തോട്, അമ്പായത്തോട്, കരിമ്പിൽ, തൃക്കൈപ്പറ്റ, വാഴവറ്റ, ബോയ്സ് ടൗൺ, വലിയകൊല്ലി,

മുള്ളൻകൊല്ലി, മരകാവ്, വാളവയൽ, കല്ലുവയൽ.

**ഡിസംബർ 1** – ബത്തേരി, കടൽമാട്, കൊട്ടിയൂർ, ജൂഡ്സ്മൗണ്ട്, വൈത്തിരി, കളത്തുവയൽ, വാളാട്, കുറുമ്പാലക്കോട്ട.

**ഡിസംബർ 8** – ചിത്രഗിരി, പഴൂർ, കേളകം, ഒറ്റപ്ലാവ്, നെടുംമ്പാല, കൽപ്പറ്റ, പട്ടാണിക്കൂപ്പ്, നടവയൽ, നെയ്ക്കുപ്പ, പാറത്തോട്ടം, മുതിരേരി, പോരൂർ, വെള്ളൂന്നി.

**ഡിസംബർ 15** – മണിമൂളി, നിലമ്പൂർ ഫൊറോനകൾ.

**ഡിപ്ലോമ രജിസ്ട്രേഷൻ**

ഡിപ്ലോമ രജിസ്ട്രേഷൻ ഈ വർഷം മുതൽ online ആണ്. അതാത് ഇടവകകളിൽ തന്നെ online ചെയ്യേണ്ടതാണ്. ഓഫീസിൽ നിന്ന് ചെയ്യുന്നതല്ല. കുട്ടികളുടെ data യിൽ mistake വരാതിരിക്കാനാണത്. Plus One, Plus Two register ചെയ്തതുപോലെ തന്നെയാണ് data entry ചെയ്യേണ്ടത്. നമ്മുടെ ഇടവകയുടെ സ്ഥലപേര് User name ആയി ഉപയോഗിക്കുക.

ഉദാ: – dwaraka (full small letters)

Password - 1234

ഓരോരുത്തരുടേയും separate print out copy എടുക്കേണ്ടതില്ല. മുഴുവൻ കുട്ടികളുടേയും list (Students List ) എടുത്ത് വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററിന്റെയും ക്ലാസ്സ് ടീച്ചറിന്റെയും ഒപ്പിട്ടിട്ടാണ് ഡിസംബർ 7 രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടത്. Print Out ലെ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ കൃത്യമാണെണ് കുട്ടികളും ഉറപ്പുവരുത്തേണ്ടതാണ്.

**Private Registration Certificate**

2019 ൽ plus one, plus two private ആയി പരീക്ഷ എഴുതിയ കുട്ടികളുടെ Mark List ഉം Certificate ഉം എത്തിയിട്ടുണ്ട്. ഹാൾ ടിക്കറ്റുമായി കുട്ടികൾ നേരിട്ടോ മാതാപിതാക്കളോ വന്നാൽ Certificate ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമിഷൻ സുഹൃത്തുക്കളേ,

സ്നേഹ ത്യാഗ സേവന സഹന മുദ്രാവാക്യവുമായി ചെമ്മഞ്ഞ കൊടിയുടെ കീഴിൽ അണിനിരന്ന 'പ്രേഷിത വർണ്ണം 2k19' – ബൈബിൾ കലോത്സവവും കൂടി കഴിഞ്ഞു. പാടിയും, പ്രസംഗിച്ചും, അഭിനയിച്ചും, എഴുതിയുമൊക്കെ ക്രിസ്തുവിന്റെ സന്ദേശവാഹകരായി ക്രിസ്തു ചൈതന്യം നെഞ്ചിലേറ്റി പ്രേഷിത തീക്ഷണതയോടെ അസാധാരണ മിഷൻമാസം ആഘോഷിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. 'ആരെനിക്കായ് പോകും?' എന്ന ചോദ്യത്തിന് ഞാൻ നിനക്കായ് പോകാം എന്നുറക്കെ പ്രഘോഷിച്ചുകൊണ്ട് പ്രവർത്തിച്ച മാസം, 'വേലനക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിച്ച' മാസം, അസാധാരണ മിഷൻമാസത്തിന്റെ അലയടികൾ കാരുണ്യ പ്രവർത്തികളായി തുടരട്ടെ എന്നാശംസിക്കുന്നു. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യ നമുക്ക് അനുഗ്രഹമാകുന്നതു പോലെ സഹനത്തിന്റെ പുത്രി – കുടുംബങ്ങളുടെ മദ്ധ്യസ്ഥ വി. മറിയം ത്രേസ്യ നമുക്ക് അനുഗ്രഹമാവട്ടെ, ശക്തിയാവട്ടെ.

നവംബർ മാസം വളരെ പ്രത്യേകമായി വൈദികരും സന്യസ്തരു മുള്ള കുടുംബങ്ങൾക്കു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. അതോടൊപ്പം മാനസികവും ശാരീരികവുമായി തളർന്നവർക്ക് ആശ്രയവും ആശ്വാസ വുമേകാൻ നമുക്ക് സാധിക്കട്ടെ. അഗതികളെയും, അനാഥരെയും, വൃദ്ധജനങ്ങളേയുമൊക്കെ സന്ദർശിച്ച് ശുശ്രൂഷ ചെയ്യുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

രൂപത ബൈബിൾ കലോത്സവത്തിനായ് നടത്തിയ പരിശ്രമ ങ്ങളെയും ഒരുക്കങ്ങളെയുംപ്രത്യേകിച്ച് അസംപ്ഷൻ ഇടവകയേയും, ബത്തേരി മേഖലയെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ മനസ്സും പ്രാർത്ഥനയുമെല്ലാം നവംബർ 9 – ലെ സംസ്ഥാന മത്സരത്തിനു വേണ്ടിയാകട്ടെ. അതോടൊപ്പം മത്സരങ്ങൾകൊണ്ടും മിഷൻമാസം കൊണ്ടും അവസാനിക്കുന്ന ഒരു സംഘടന ആകരുത് ചെറുപുഷ്പ

മിഷൻലീഗ്. നിങ്ങൾക്ക് വളരാനും മറ്റുള്ളവരെ വളർത്താനും ഈ സംഘടന പ്രേരകശക്തിയാകട്ടെ. കൂടുതൽ തീക്ഷണതയോടെ നമുക്ക് ഒന്നിച്ചു മുന്നേറാം.

മിഷൻ അഭിവാദ്യങ്ങളോടെ,

**ഷിജു അച്ചൻ**

**പ്രാർത്ഥനാ മലരുകൾ** - 72 വിശ്വാസപ്രമാണം

**മിഷൻപ്രെയർ ബാങ്ക്** - ഫരിദാബാദ് രൂപത (ബത്തേരി മേഖലയിലെ ശാഖകൾ)

**രൂപതാ കലോൽസവം**

നമ്മുടെ ഈ വർഷത്തെ രൂപതാ ബൈബിൾ കലോൽസവം 'പ്രേഷിത വർണ്ണം' എന്ന പേരിൽ 12-10-2019 ന് സുൽത്താൻബത്തേരി അസംപ്ഷൻ ഹൈസ്കൂൾ, യു.പി സ്കൂൾ എന്നിവിടങ്ങളിലായി നടത്തപ്പെട്ടു. 34 മത്സര ഇനങ്ങളിലായി ആയിരങ്ങൾ പങ്കെടുത്തു.

**പ്രതിഷേധിച്ചു**

ക്രിസ്ത്യൻ യുവതികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെയും ലൗ ജിഹാദ് പോലുള്ള പ്രവർത്തികൾക്കെതിരെയും ചെറുപുഷ്പമിഷൻലീഗ് ബത്തേരി അസംപ്ഷൻ ശാഖയും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയും സംയുക്തമായി പ്രതിഷേധ പ്രകടനം നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ, അസംപ്ഷൻ ഫൊറോന വികാരി റവ.ഫാ.ജയിംസ് പുത്തൻപറമ്പിൽ, രൂപത പ്രസിഡണ്ട് രഞ്ചിത്ത് മുതുപ്ലാക്കൽ, രൂപത സെക്രട്ടറി ടോംജോസ് പൂവക്കുന്നേൽ രൂപത റീജണൽ ഓർഗനൈസർ ജോസ് മാങ്കൂട്ടം, അസി. വികാരിമാരായ റവ.ഫാ.അനീഷ് ആലുങ്കൽ, റവ. ഫാ. തോമസ് കാട്ടാത്ത്, ശാഖാ പ്രസിഡന്റ് വിനോയ് തേക്കുങ്കൽ, ശാഖാ ജോ.ഡയറക്ടർ റവ.സി.ഫിൽസി SH, ഷാജി ആരംപുളിക്കൽ, മറ്റ് ഭാരവാഹികൾ, മതാദ്ധ്യാപകർ, കൈക്കാരന്മാർ തുടങ്ങിയവർ നേതൃത്വം നൽകി.

**രാത്രിയാത്രാ നിരോധനത്തിനെതിരെ**

ദേശീയപാത 766 ലെ രാത്രിയാത്രാ നിരോധനത്തിനെതിരെയും പകൽയാത്ര കൂടി നിരോധിക്കാനുള്ള നീക്കങ്ങൾക്കെതിരെയും ബത്തേരിയിലെ യുവജനക്കൂട്ടായ്മ നടത്തിയ അനിശ്ചിതകാല നിരാഹാരസമരത്തിന് ഐക്യദാർഢ്യം അർപ്പിച്ച് ചെറുപുഷ്പ

മിഷൻലീഗ് മാനന്തവാടി രൂപത സമരപന്തൽ സന്ദർശിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ സമരഭടൻമാരെ അഭിവാദനം ചെയ്ത് സംസാരിച്ചു, രൂപതാ പ്രസിഡണ്ട് രഞ്ജിത്ത് മുതുപ്ലാക്കൽ, രൂപതാ സെക്രട്ടറി ടോംജോസ് പൂവക്കുന്നേൽ, രൂപതാ റീജണൽ ഓർഗനൈസർ ജോസ് മാങ്കൂട്ടം, രൂപതാ എക്സിക്യൂട്ടീവ് അംഗം സാബു ഊഉളവള്ളിക്കൽ എന്നിവർ പങ്കെടുത്തു.

**അസാധാരണ മിഷൻമാസ ഉദ്ഘാടനം**

അസാധാരണ മിഷൻമാസ രൂപതാതല ഉദ്ഘാടനം ബത്തേരി അസംപ്ഷൻ ശാഖയിൽ വച്ച് തിരി തെളിച്ചുകൊണ്ട് രൂപതാ ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ നിർവഹിച്ചു. അസംപ്ഷൻ ഫൊറോനാ വികാരി റവ. ഫാ. ജയിംസ് പുത്തൻപറമ്പിൽ, അസി. വികാരിമാർ, രൂപതാ, മേഖലാ, ശാഖാഭാരവാഹികൾ, മതാദ്ധ്യാപകർ എന്നിവർ നേതൃത്വം നൽകി.

**ലിറ്റിൽ ഫ്ളവർ കൺവെൻഷൻ**

അസാധാരണ മിഷൻമാസത്തിൽ സീയോൻ ധ്യാന കേന്ദ്രവുമായി സഹകരിച്ച് ഒക്ടോബർ 5 ന് ലിറ്റിൽഫ്ളവർ കൺവെൻഷൻ നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ വി. ബലി അർപ്പിച്ചു. സീയോൻ അസി. ഡയറക്ടർ ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. ബാബു മൂത്തേടത്ത്, സി. ലിസ്സ എസ്.കെ.ഡി എന്നിവർ നേതൃത്വം കൊടുത്തു.

**വി. കൊച്ചുത്രേസ്യാ അനുസ്മരണം**

അസാധാരണ മിഷൻമാസത്തിൽ എടപ്പെട്ടി ശാഖയിൽ വെച്ച് വി. കൊച്ചുത്രേസ്യാ അനുസ്മരണവും സമ്മേളനവും നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. അരുൺ പേഴേക്കാട്ടിൽ, ഫാ. തോമസ് തേരകം, സി. ഫിലോ SABS എന്നിവർ നേതൃത്വം നൽകി.

**നവമാലിക ക്വിസ്സ്**

അസാധാരണ മിഷൻമാസത്തിൽ എടപ്പെട്ടി ശാഖയിൽ വെച്ച് കുട്ടികൾക്കായി നവമാലിക ക്വിസ്സ് മത്സരം നടത്തപ്പെട്ടു. രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. അരുൺ പേഴേക്കാട്ടിൽ ക്വിസ്സ് മാസ്റ്റർ ആയിരുന്നു. ഫാ. തോമസ് തേരകം, സി. ഫിലോ SABS , ശാഖാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**മേഖല ക്യാമ്പുകൾ**

ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ തരിയോട്, കൽപ്പറ്റ, ദ്വാരക മേഖലകളിൽ നേതൃത്വ പരിശീലന

ക്യാമ്പുകൾ നടത്തി. നേതൃത്വം കൊടുത്ത രൂപത എക്സിക്യൂട്ടീവിനും ക്രമീകരണങ്ങൾ ചെയ്തു തന്ന മേഖല ഡയറക്ടേഴ്സിനും, മേഖല ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

**മാലാഖ 2019 – എയ്ഞ്ചൽസ് മീറ്റ്**

ചെറുപുഷ്പമിഷൻലീഗ് തരിയോട് മേഖലയുടെ നേതൃത്വത്തിൽ എയ്ഞ്ചൽസ് മീറ്റ് – മാലാഖ 2019 കാവുംമന്ദം ശാഖയിൽ വെച്ച് നടത്തി. രൂപത വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. തരിയോട് മേഖല ഡയറക്ടർ ഫാ. ബിജു മാവറ, മേഖല ഭാരവാഹികൾ, കാവുംമന്ദം ശാഖ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**വി. മറിയം ത്രേസ്യാ അനുസ്മരണവും ഛായാ ചിത്രപ്രദർശനവും**

വാഴ്ത്തപ്പെട്ട മറിയംത്രേസ്യായെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിനോടനുബന്ധിച്ച് പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ശാഖയിൽവെച്ച് വി. മറിയം ത്രേസ്യായുടെ ഛായാചിത്ര പ്രദർശനവും സൈക്കിൾ വിളംബര റാലിയും നടത്തി. പാടിച്ചിറ ശാഖക്ക് അഭിനന്ദനങ്ങൾ.

**അസാധാരണ മിഷൻമാസം – മിഷൻ ഞായർ**

ഈ വർഷത്തെ രൂപതാതല മിഷൻ ഞായർ ആഘോഷം അസാധാരണ മിഷൻമാസത്തിന്റെ സമാപനമായി 27-10-2019 ഞായറാഴ്ച നീലഗിരി മേഖലയിലെ ബോസ്പാറ, മണ്ണുവയൽ, വിമലഗിരി എന്നീ ശാഖകളുടെ സഹകരണത്തോടെ സംയുക്തമായി നടത്തി.

**സംസ്ഥാന കലോൽസവം**

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാന കലോൽസവം നവംബർ 9-ന് പാലാ രൂപതയിലെ രാമപുരത്ത് വച്ചു നടത്തപ്പെടുന്നു. രൂപതാ കലോത്സവത്തിൽ നിന്ന് സംസ്ഥാന കലോത്സവത്തിലേക്ക് യോഗ്യത നേടിയവരാണ് പങ്കെടുക്കേണ്ടത്.

**പുരോഹിതൻ എനിക്ക് ആര്? – വീഡിയോ പ്രസംഗം വിജയികൾ**

ഒന്നാം സ്ഥാനം – ഐറിൻ വാതക്കോടത്ത് – (നടവയൽ)
രണ്ടാം സ്ഥാനം – അജു കൊല്ലറാത്ത് – (പാടിച്ചിറ)
മൂന്നാം സ്ഥാനം – സാന്ദ്ര ജേക്കബ് മുണ്ടുനടയ്ക്കൽ – (തവിഞ്ഞാൽ)
മൂന്നാം സ്ഥാനം – ടെൽമ തലമുടിത്തറയിൽ –(ശിശുമല)

**പ്രതിഭ-സംസ്ഥാനകലോൽസവ പരിശീലനം**

സംസ്ഥാന കലോൽസവത്തിലേക്ക് യോഗ്യത നേടിയവർക്കുള്ള പരിശീലനം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. കൂടുതൽ

വിവരങ്ങൾ മത്സരാർത്ഥികളെ നേരിട്ട് അറിയിക്കുന്നതാണ്.

**മതാദ്ധ്യാപകദിനാശംസകൾ**

മാനന്തവാടി രൂപതയിലെ വിശ്വാസ പരിശീലനരംഗത്ത് സേവനം ചെയ്യുന്ന എല്ലാവർക്കും സ്നേഹപൂർവ്വം മതാദ്ധ്യാപകദിനാശംസകൾ

**അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി**

അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി നവംബർ 24 ഞായറാഴ്ച 3 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽവെച്ച് ചേരുന്നു. എല്ലാ മാനേജിംഗ് കമ്മറ്റി അംഗങ്ങളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. അർദ്ധവാർഷിക റിപ്പോർട്ട് യോഗത്തിൽ അവതരപ്പിക്കേണ്ടതാണ്.

**മിഷൻ മാസ റിപ്പോർട്ട്**

മിഷൻമാസ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പ്രത്യേകം തയ്യാറാക്കി നവംബർ 10 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**കയ്യെഴുത്ത് മാസിക**

ഈ വർഷത്തെ കയ്യെഴുത്ത് മാസികകൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി നവംബർ 25 ആണ്.

**ജീവകാരുണ്യനിധി – സമ്മാനകൂപ്പൺ നറുക്കെടുപ്പ്**

ഒന്നാം സമ്മാനം – എബിൻ ജോഷി കോച്ചേരി – ബത്തേരി

രണ്ടാം സമ്മാനം – മേരി മരുതനാനിക്കൽ – ചുണ്ടക്കര

മൂന്നാം സമ്മാനം – ബീന ജോർജ്ജ് ആപ്പുഴയിൽ – ചെറുകാട്ടൂർ

വിജയികൾക്ക് അഭിനന്ദനങ്ങൾ.

**രൂപത കലാമത്സരം**

ഒക്ടോബർ 12-ാം തീയതി നടന്ന രൂപത കലാമത്സരം ഏറ്റവും ഭംഗിയായി നടന്നു. മത്സരങ്ങളുടെ വിജയത്തിനായി പ്രയത്നിച്ച മേഖല ഡയറക്ടേഴ്സ്, ജോ.ഡയറക്ടേഴ്സ്, മേഖല ഭാരവാഹികൾ, ശാഖാ ഭാരവാഹികൾ എന്നിവരേയും നന്ദിയോടെ ഓർക്കുന്നു. മത്സര ക്രമീകരണം ചെയ്ത സി.എം.എൽ. രൂപതാ എക്സിക്യൂട്ടീവ്, ടീം അംഗങ്ങൾ എല്ലാവർക്കും അഭിനന്ദനങ്ങൾ. കലാസാഹിത്യ മത്സരത്തിൽ ബത്തേരി മേഖല ഒന്നാം സ്ഥാനവും, നടവയൽ മേഖല രണ്ടാം സ്ഥാനവും, മുള്ളൻകൊല്ലി മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ശാഖാ തലത്തിൽ നടവയൽ, കല്ലോടി, ബത്തേരി ശാഖകൾ യഥാക്രമം 1, 2, 3, സ്ഥാനങ്ങൾ കരസ്ഥമാക്കി. മേഖലകൾക്കും ശാഖകൾക്കും CML മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ.

**രൂപത കലോത്സവം വിജയികൾ 2019 – 2020**

**മിഷൻ ക്വിസ്സ്**

| **ജൂണിയർ ആൺകുട്ടികൾ** | **സ്ഥാനം** | **ശാഖ** | **മേഖല** |
|---|---|---|---|
| 1. സാം വെള്ളിയാംകണ്ടത്തിൽ | IA | കല്ലോടി | കല്ലോടി |
| 2. മിലൻ മുണ്ടയ്ക്കൽ | IIA | നടവയൽ | നടയൽ |
| 3. ജൂഡ് കൂരാപ്പിള്ളിൽ | IIIA | തെനേരി | കൽപ്പറ്റ |
| **ജൂണിയർ പെൺകുട്ടികൾ** | | | |
| 1. നിധിയ പാറക്കാലായിൽ | IA | ചെറുകാട്ടൂർ | നടവയൽ |
| 2. ദിയ കൊടിയംകുന്നേൽ | IIA | അമ്പലവയൽ | ബത്തേരി |
| 3. ആൻ ഒറവനാംതടം | IIIA | മീനങ്ങാടി | ബത്തേരി |
| **സീനിയർ ആൺകുട്ടികൾ** | | | |
| 1. ട്രെബിൻ പൈനുങ്കൽ | IA | തെനേരി | കൽപ്പറ്റ |
| 2. അജയ്യ് കോയിക്കാട്ടിൽ | IIA | നടവയൽ | നടവയൽ |
| 3. അക്ഷയ് കപ്യാരുമലയിൽ | IIIA | കാരയ്ക്കാമല | ദ്വാരക |
| **സീനിയർ പെൺകുട്ടികൾ** | | | |
| 1. അഞ്ജന ചെറുതറപ്പേൽ | IA | കയ്യൂന്നി | നീലഗിരി |
| 2. മെറീന നെല്ല്യാട്ടുപറമ്പിൽ | IIA | കയ്യൂന്നി | നീലഗിരി |
| 3. ലിജിന മംഗലത്ത് | IIIA | പറളിക്കുന്ന് | നടവയൽ |
| **സൂപ്പർ സീനിയർ ബോയ്സ്** | | | |
| 1. ബേസിൽ പടിഞ്ഞാറെക്കുറ്റ് | IA | ചെറുകാട്ടൂർ | നടവയൽ |
| 2. ജോയൽ പണ്ടാലിത്തോട്ടത്തിൽ | IIA | ബത്തേരി | ബത്തേരി |
| 3. ജോസ് ചക്കാലക്കൽ | IIIA | വിമലഗിരി | നീലഗിരി |
| **സൂപ്പർ സീനിയർ ഗേൾസ്** | | | |
| 1. അമ്പിളി മൂലക്കരയിൽ | IA | ചെന്നലോട് | തരിയോട് |
| 2. ഡാലിയ കച്ചിറയിൽ | IIA | കുറ്റിമൂല | മാനന്തവാടി |
| 3. ലീന ചമ്പക്കര | IIIA | മൺവയൽ | നീലഗിരി |
| **സബ് ജൂണിയർ ബോയ്സ് പ്രസംഗം** | | | |
| 1. ആൽഫിൻ കൊച്ചുവേലിക്കകത്ത് | IA | കൊട്ടിയൂർ | ചുങ്കക്കുന്ന് |
| 2. ജിനോ നെല്ലിയാനിയിൽ | IIA | പറളിക്കുന്ന് | നടവയൽ |
| 3. അഷിൻ മരോട്ടിമൂട്ടിൽ | IIIA | പാടിച്ചിറ | മുള്ളൻകൊല്ലി |
| **സബ് ജൂണിയർ ഗേൾസ് പ്രസംഗം** | | | |
| 1. എറ്റെല്ലാ പ്ലാക്കിയിൽ | IA | പാടിച്ചിറ | മുള്ളൻകൊല്ലി |
| 2. അമൽഡ കരിക്കേടം | IIA | ബത്തേരി | ബത്തേരി |
| 3. അഥീല പെരുംങ്കുഴി | IIIA | കമ്മന | പയ്യമ്പള്ളി |
| 4. ഇവാന വാഴയിൽ | IIIA | പയ്യമ്പള്ളി | പയ്യമ്പള്ളി |

**ജൂണിയർ ബോയ്സ് പ്രസംഗം**

| | | | |
|---|---|---|---|
| 1. ക്രിസ്ബിൻ കപ്യാരുമലയിൽ | IA | ദ്വാരക | ദ്വാരക |
| 2. ആകാശ് കുഴിമുള്ളിൽ | IIA | ചെറുകാട്ടൂർ | നടവയൽ |
| 3. അബിൻ മൂഞ്ഞേലിൽ | IIIA | മീനങ്ങാടി | ബത്തേരി |
| 4. കെവിൻ പുലിക്കുഴിയിൽ | IIIA | പാടിച്ചിറ | മുള്ളൻകൊല്ലി |

**ജൂണിയർ ഗേൾസ് പ്രസംഗം**

| | | | |
|---|---|---|---|
| 1. അഞ്ജന കണങ്കൊമ്പിൽ | IA | കല്ലോടി | കല്ലോടി |
| 2. മെറിൻ കപ്യാരുമലയിൽ | IIA | ദ്വാരക | ദ്വാരക |
| 3. ആൻ ജിസ് കൈതാരം | IIIA | കണിയാരം | മാനന്തവാടി |
| 4. അന്ന തടങ്ങഴി | IIIA | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 5. ടെസ്സ മങ്കുത്തേൽ | IIIA | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |

**സീനിയർ ബോയ്സ് പ്രസംഗം**

| | | | |
|---|---|---|---|
| 1. ജോനാഥ് തടങ്ങഴി | IA | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 2. അനു തോട്ടത്തിൽ | IIA | പാടിച്ചിറ | മുള്ളൻകൊല്ലി |
| 3. ജോബിൻ കല്ലറക്കൽ | IIIA | ചെറുകാട്ടൂർ | നടവയൽ |

**സീനിയർ ഗേൾസ് പ്രസംഗം**

| | | | |
|---|---|---|---|
| 1. ജുവൽസ് ആൻസ് കുടക്കച്ചിറ | IA | പയ്യമ്പള്ളി | പയ്യമ്പള്ളി |
| 2. അനുഷ മഠത്തിക്കുന്നേൽ | IIA | ചെറുകാട്ടൂർ | നടവയൽ |
| 3. ദിൽന ഇലഞ്ഞിക്കൽ | IIIA | ഏലപ്പീടിക | മാനന്തവാടി |
| 4. അനഘ വളയംപള്ളി | IIIA | മൂലങ്കാവ് | ബത്തേരി |

**സൂപ്പർ സീനിയർ ബോയ്സ് പ്രസംഗം**

| | | | |
|---|---|---|---|
| 1. ജെയിംസ് കൊച്ചുവേലിക്കകത്ത് | IA | കൊട്ടിയൂർ | ചുങ്കക്കുന്ന് |
| 2. വിനോദ് ചെറുപറമ്പിൽ | IIA | തോമാട്ടുചാൽ | ബത്തേരി |
| 3. ഷിൻസ് തകരപ്പിള്ളിൽ | IIIA | ദ്വാരക | ദ്വാരക |

**സൂപ്പർ സീനിയർ ഗേൾസ് പ്രസംഗം**

| | | | |
|---|---|---|---|
| 1. ജിൻസി എഴങ്ങോട്ടിൽ | IA | വിമലഗിരി | നീലഗിരി |
| 2. അനു വരിക്കാനായിൽ | IIA | വിളമ്പുകണ്ടം | ദ്വാരക |
| 3. സൗമ്യ പ്ലാപ്പറമ്പിൽ | IIIA | പനമരം | നടവയൽ |

**സബ് ജൂണിയർ ബോയ്സ് സംഗീതം**

| | | | |
|---|---|---|---|
| 1. ഡോൺ ജോസ് വയലുങ്കൽ | IA | കൽപ്പറ്റ | കൽപ്പറ്റ |
| 2. അജയ്യ് കൊട്ടാരത്തിൽ | IIA | വാളേരി | കല്ലോടി |
| 3. ഗോഡ്സ മറ്റത്തിലാനിക്കൽ | IIIA | മുതിരേരി | മാനന്തവാടി |

**സബ് ജൂണിയർ ഗേൾസ് സംഗീതം**

| | | | |
|---|---|---|---|
| 1. എവ്‌ലിൻ വല്ലത്ത് | IA | മരക്കടവ് | മുള്ളൻകൊല്ലി |
| 2. ബദ്സെയ്ത നെല്ലിക്കുന്നേൽ | IIA | നടവയൽ | നടവയൽ |
| 3. ആൽഫിയ തടത്തിൽ | IIIA | ബത്തേരി | ബത്തേരി |

**ജൂണിയർ ബോയ്സ് സംഗീതം**

| | | | |
|---|---|---|---|
| 1. അലൻ തുണ്ടുപറമ്പിൽ | IA | കൽപ്പറ്റ | കൽപ്പറ്റ |
| 2. അജിൻ വയലിൽ | IIA | നടവയൽ | നടവയൽ |
| 3. ആഷ്യൽ കപ്യാരുമലയിൽ | IIIA | കാരയ്ക്കാമല | ദ്വാരക |

**ജൂണിയർ ഗേൾസ് സംഗീതം**

| | | | |
|---|---|---|---|
| 1. ആഷ്‌ലി പടകൂട്ടിൽ | IA | കല്ലോടി | കല്ലോടി |
| 2. എയ്ഞ്ചലിൻ പൊയ്കയിൽ | IIA | കോട്ടത്തറ | തരിയോട് |
| 3. ആനി ഒറവനാംതടം | IIIA | മീനങ്ങാടി | ബത്തേരി |

**സീനിയർ ബോയ്സ് സംഗീതം**

| | | | |
|---|---|---|---|
| 1. സാംസനോവ് കല്ലുപുരയ്ക്കൽ | IA | പുതിയിടംകുന്ന് | കല്ലോടി |
| 2. ഗോഡ്‌വിൻ മറ്റത്തിലാനിക്കൽ | IIA | യവനാർകുളം | മാനന്തവാടി |
| 3. ഗോഡ്സ തൊട്ടിയിൽ | IIIA | ചെന്നലോട് | തരിയോട് |

**സീനിയർ ഗേൾസ് സംഗീതം**

| | | | |
|---|---|---|---|
| 1. ക്രിസ്റ്റീന വടക്കേക്കര | IA | ഒറ്റപ്ലാവ് | ചുങ്കക്കുന്ന് |
| 2. ഹൃദ്യ പുതിയകുന്നത്ത് | IIA | ബത്തേരി | ബത്തേരി |
| 3. അഞ്ജലിൻ പഞ്ഞിക്കാലായിൽ | IIIA | ശിശുമല | മുള്ളൻകൊല്ലി |

**സൂപ്പർസീനിയർ ബോയ്സ് സംഗീതം**

| | | | |
|---|---|---|---|
| 1. സ്റ്റെഫിൻ മംഗലത്ത് | IA | ബത്തേരി | ബത്തേരി |
| 2. രാജേഷ് പനച്ചിക്കൽ | IIA | കൊട്ടിയൂർ | ചുങ്കക്കുന്ന് |
| 3. ബെന്നി തെക്കുംചേരി | IIIA | കല്ലുവയൽ | നടവയൽ |

**സൂപ്പർസീനിയർ ഗേൾസ് സംഗീതം**

| | | | |
|---|---|---|---|
| 1. റോസ മുകുളേൽ | IA | കല്ലോടി | കല്ലോടി |
| 2. ആഷ്‌ലി ഓണിശ്ശേരി | IIA | തൃശ്ശിലേരി | പയ്യമ്പള്ളി |
| 3. ലിഞ്ചു ആലക്കൽ | IIIA | ചാരിറ്റി | കൽപ്പറ്റ |
| 4. ഷീജ വെള്ളമറ്റത്തിൽ | IIIA | കല്ലുമുക്ക് | ബത്തേരി |

**സബ് ജൂണിയർ ബോയ്സ് ബൈബിൾ വായന**

| | | | |
|---|---|---|---|
| 1. ഐവിൻ വാതക്കോടത്ത് | IA | നടവയൽ | നടവയൽ |
| 2. ഡെറിക് മാങ്കോട്ട് | IIA | മഞ്ഞൂറ | തരിയോട് |
| 3. ജോസഫ് പ്ലാക്കൂട്ടത്തിൽ | IIIA | കൊട്ടിയൂർ | ചുങ്കക്കുന്ന് |

**സബ് ജൂണിയർ ഗേൾസ് ബൈബിൾ വായന**

| | | | |
|---|---|---|---|
| 1. ആൻ മേരി പുതിയേടത്ത് | IA | കേണിച്ചിറ | നടവയൽ |
| 2. അൽന ചേറാടി | IIA | തോമാട്ടുചാൽ | ബത്തേരി |
| 3. അറ്റീറ്റ തേവർമഠം | IIIB | ജൂഡ്സ് മൗണ്ട് | കല്ലോടി |

**സബ് ജൂണിയർ കഥാപ്രസംഗം** (സംസ്ഥാനത്തിന് ഒന്നാം സ്ഥാനക്കാർ മാത്രം)

| | | | |
|---|---|---|---|
| 1. റോസ് മരിയ കൊച്ചുവെമ്പള്ളി | IA | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 2. ഏയ്ഞ്ചലീന പ്ലാവിലകുടി | IIA | ആറാട്ടുതറ | പയ്യമ്പള്ളി |
| 3. ആൻ റോസ് മാങ്കൂട്ടത്തിൽ | IIIA | നടവയൽ | നടവയൽ |

**ജൂണിയർ കഥാപ്രസംഗം** (സംസ്ഥാനത്തിന് ഒന്നാം സ്ഥാനക്കാർ മാത്രം)

| | | | |
|---|---|---|---|
| 1. അന്ന തടങ്ങഴി | IA | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 2. എലിസബത്ത് മോളേപറമ്പിൽ | IIA | മരകാവ് | മുള്ളൻകൊല്ലി |
| 3. ഐറിൻ വാക്കോടത്ത് | IIIA | നടവയൽ | നടവയൽ |

**സീനിയർ കഥാപ്രസംഗം** (സംസ്ഥാനത്തിന് ഒന്നാം സ്ഥാനക്കാർ മാത്രം)

| | | | |
|---|---|---|---|
| 1. വിജി മഞ്ഞിലാടി | IA | അരുൾനിലയം | നീലഗിരി |
| 2. ജെഫ് വില്ലാട്ട് | IIA | പയ്യമ്പള്ളി | പയ്യമ്പള്ളി |
| 3. അനഘ പാറപ്പുറത്ത് | IIIA | നടവയൽ | നടവയൽ |

**സബ് ജൂണിയർ ഗേൾസ് നാടോടി നൃത്തം**

| | | | |
|---|---|---|---|
| 1. ഏയ്ഞ്ചലിൻ മരിയ മുട്ടത്ത് | IA | നടവയൽ | നടവയൽ |
| 2. അലോണ അടയ്ക്കാമരത്തോട്ടത്തിൽ | IIA | ബത്തേരി | ബത്തേരി |
| 3. അഫ്റ്റിയ ആലവെന്തക്കാലായിൽ | IIIA - | പാടിച്ചിറ | മുള്ളൻകൊല്ലി |

**ജൂണിയർ ഗേൾസ് നാടോടി നൃത്തം**

1. അലീന പുതിയകുന്നേൽ IA - സീതാമൗണ്ട്
2. ആഷ്‌ലി മങ്ങാട്ടുകുന്നേൽ IIA - പാടിച്ചിറ
3. സിയോണ അടയ്ക്കാമരത്തോട്ടത്തിൽ IIIA - ബത്തേരി
4. അൽഡോണ പാറയ്ക്കൽ IIIA - കേളകം

**പരിചമുട്ടുകളി** (സംസ്ഥാനത്തിന് ഒന്നാം സ്ഥാനക്കാർ മാത്രം)

| ശാഖ | സ്ഥാനം | മേഖല |
|---|---|---|
| 1. പാടിച്ചിറ | IA | മുള്ളൻകൊല്ലി |
| 2. പാൽച്ചുരം | IIA | ചുങ്കക്കുന്ന് |
| 3. കല്ലോടി | IIIA | കല്ലോടി |

**മാർഗ്ഗംകളി** (സംസ്ഥാനത്തിന് ഒന്നാം സ്ഥാനക്കാർ മാത്രം)

| | | |
|---|---|---|
| 1. ബത്തേരി | IA | ബത്തേരി |
| 2. പാടിച്ചിറ | IIA | മുള്ളൻകൊല്ലി |
| 3. കണിയാരം | IIIA | മാനന്തവാടി |

**ബൈബിൾ ദൃശ്യാവതരണം** (സംസ്ഥാനത്തിന് ഒന്നാം സ്ഥാനക്കാർ മാത്രം)

| | | |
|---|---|---|
| 1. നടവയൽ | IA | നടവയൽ |
| 2. കൊട്ടിയൂർ | IIA | ചുങ്കക്കുന്ന് |
| 3. തരിയോട് | IIIA | തരിയോട് |

**സമൂഹഗാനം** (സംസ്ഥാനത്തിന് ഒന്നാം സ്ഥാനക്കാർ മാത്രം)

| | | |
|---|---|---|
| 1. കൽപ്പറ്റ | IA | കൽപ്പറ്റ |
| 2. ബത്തേരി | IIA | ബത്തേരി |
| 3. മുള്ളൻകൊല്ലി | IIIA | മുള്ളൻകൊല്ലി |

**മിഷൻ ആന്തം (സംസ്ഥാനത്തിന് ഒന്നാം സ്ഥാനക്കാർ മാത്രം)**

| | | |
|---|---|---|
| 1. കൽപ്പറ്റ | IA | കൽപ്പറ്റ |
| 2. നടവയൽ | IIA | നടവയൽ |
| 3. മീനങ്ങാടി | IIIA | ബത്തേരി |

കേരള സഭയുടെ യശസ്സ് വാനോളമുയർത്തിക്കൊണ്ട് വീണ്ടും ഒരു വിശുദ്ധ കൂടി അൾത്താര വണക്കത്തിന് യോഗ്യയായിരിക്കുന്നു. വി. മറിയം ത്രേസ്യയുടെ സഹന ജീവിതചര്യ നമുക്ക് പ്രാർത്ഥനയോടെ ഓർക്കാം. മിഷൻ ജീവിതത്തിന് മുതൽക്കൂട്ട് ആവുന്ന ഈ നല്ല മാതൃകകളാണ് നമ്മുടെ പ്രവർത്തനങ്ങൾക്ക് എന്നും ഊർജ്ജം പകരുന്നത്. വി. മറിയം ത്രേസ്യയുടെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് ഒന്നിച്ച് മുന്നേറാം.

**ടോം ജോസ് പൂവക്കുന്നേൽ**

സി.എം.എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**അഞ്ചാമത് വാർഷികാഘോഷം**

മാനന്തവാടി രൂപതയിൽ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ആരംഭിച്ചിട്ട് അഞ്ച് വർഷം പൂർത്തിയാകുന്നു. യുവജനശുശ്രൂഷയിലൂടെ യുവജനങ്ങൾക്കുംകുഞ്ഞുങ്ങൾക്കും നാളിതുവരെ ദൈവം നല്കിയിട്ടുള്ള നന്മകൾക്ക് നന്ദിപറയുവാനും വ്യത്യസ്തമായ യുവജനശുശ്രൂഷാ രീതികളെ പരിചയപ്പെടുവാനും നവംബർ 9 രണ്ടാം ശനിയാഴ്ച്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ സാന്നിധ്യത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ അഞ്ചാമത്തെ വർഷത്തിൽ ആദ്യമായി വാർഷികാഘോഷം നടത്തപ്പെടുന്നു. ഈ സന്തോഷത്തിൽ പങ്കെടുക്കുന്നതിനായി അച്ചനേയും ഇടവകയിലെ സിസ്റ്റേഴ്സിനേയും പ്രധാന അധ്യാപകനേയും, കുടുംബ കൂട്ടായ്മയുടെ Standing Committee Chairman, രണ്ട് യുവജന പ്രതിനിധികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**സി. ലിൻസി എസ്.സി.വി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**ലവ് ജിഹാദെന്ന ഭീകര വിപത്ത് - കെസിവൈഎം പ്രതിഷേധ റാലി**

കിറ്റ് ലവ് ജിഹാദ് എന്ന പേരിൽ മത തീവ്രവാദം സൃഷ്ടിക്കുന്ന ലവ് ജിഹാദ് പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധ മുന്നറിയിപ്പുമായി കെ.സി.വൈ.എം. യുവജനങ്ങൾ വാ മൂടിക്കെട്ടി മൗനജാഥയും പൊതുസമ്മേളനവും സെപ്റ്റംബർ 29-ാം തീയതി നടത്തി. ലവ് ജിഹാദെന്ന ഭീകര വിപത്തിന്റ കാണാപ്പുറങ്ങൾ മനസ്സിലാക്കാനും ക്രൈസ്തവ-ഹിന്ദു യുവതികളെ പ്രണയമെന്ന വൻ ചതിക്കുഴിയിൽ നിന്നും രക്ഷിക്കാനും സർവ്വരും പ്രതിജ്ഞാബദ്ധരാകണമെന്ന് മാനന്തവാടി ഗാന്ധി പാർക്കിൽ മുഖ്യ പ്രഭാഷണം നടത്തി സംസാരിച്ച കെ.സി.വൈ.എം. മാനന്തവാടി രൂപത മുൻപ്രസിഡണ്ട് ശ്രീ.അനീഷ് ഓമക്കര അഭിപ്രായപ്പെട്ടു. മതേതരത്വത്തിന് പേരുകേട്ട നമ്മുടെ രാജ്യത്തുനിന്ന് മതസ്പർദ്ധയും പീഡനവും അവസാനിപ്പിക്കണമെന്ന് പ്രതിഷേധ കൂട്ടായ്മയിലൂടെ കെ.സി.വൈ.എം. ആവശ്യപ്പെട്ടു. രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി, മുൻ രൂപത പ്രസിഡണ്ട് ശ്രീ. മാത്യു തറയിൽ, രൂപത സിൻഡിക്കേറ്റംഗം കുമാരി ടെസ്സിൻ വയലിൽ, ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടയ്ക്കാതടത്തിൽ എന്നിവർ പ്രസംഗിച്ചു. രൂപത ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടം, സെക്രട്ടറി റ്റോബി കൂട്ടുങ്കൽ, ആനിമേറ്റർ സി. സാലി സി.എം.സി. മേഖല ഡയറക്ടർമാർ, സിൻഡിക്കേറ്റ് അംഗങ്ങൾ മേഖലാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള 300 ൽ പരം യുവജനങ്ങളും വൈദീകർ, സിസ്റ്റേഴ്സ് എന്നിവർ പങ്കെടുത്തു. കിറ്റ് ലവ് ജിഹാദ് എന്ന പ്രതിഷേധ കൂട്ടായ്മയിൽ സാന്നിധ്യസഹകരണം നല്കി അനുഗ്രഹിച്ച എല്ലാവർക്കും മുഖ്യ പ്രഭാഷണം നടത്തിയ ശ്രീ. അനീഷ് ഓമക്കരയ്ക്കും രൂപത സമിതിയുടെ നന്ദി അറിയിക്കുന്നു.

**അഖില വയനാട് വടംവലി മത്സരം**

റിപ്പൺ യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്ന അഖില വയനാട് വടംവലി മത്സരത്തിൽ പ്രോത്സാഹനവും പ്രചോദനവും നൽകുന്നതിനായി മാനന്തവാടി രൂപത കെ.സി.വൈ.എം. ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടം, രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി,

സെക്രട്ടറി റ്റോബി കൂട്ടുങ്കൽ, ആനിമേറ്റർ സി. സാലി സി. എം. സി, സി. ഡാനി പീറ്റർ എസ്. എച്ച് . എന്നിവർ പങ്കെടുത്തു. കെ.സി.വൈ.എം. റിപ്പൺ യൂണിറ്റിന് മാനന്തവാടി രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**സ്വാഭാവിക വനം വെട്ടി നശിപ്പിക്കുന്നതിനെതിരെ നിവേദനം നല്കി**

സ്വാഭാവിക വനമായി മാറിയ നോർത്ത് വയനാട് വനം ഡിവിഷനിലെ ബേപ്പൂർ റേഞ്ചിലെ ഒണ്ടയങ്ങാടി പ്ലാന്റേഷനിലെ മരങ്ങൾ മുറിച്ച് നീക്കി പുതിയ തേക്ക് തൈകൾ നട്ടു പിടിപ്പിക്കാനുള്ള കണ്ണൂർ സർക്കിൾ സി സി എഫ് ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് മാനന്തവാടി ഡിവിഷൻ സീനിയർ ഫോറസ്റ്റ് ഓഫീസർ മുരളീധരൻ സാറിന് കെ.സി.വൈ.എം. രൂപത സമിതി നിവേദനം നല്കി. വയനാടിന്റ സ്വാഭാവിക പ്രകൃതിയെ സൂക്ഷിച്ച് വനത്തെ സംരക്ഷിച്ചില്ലെങ്കിൽ ഇപ്പോൾ സംഭവിച്ചതിനേക്കാൾ വലിയ പ്രകൃതി ദുരന്തം ആയിരിക്കും വയനാടിനെ കാത്തിരിക്കുന്നത്. അതിനാൽ കാർഷിക ഭൂമിക്കും ജനങ്ങൾക്കും അനുകൂലമായ നടപടി സ്വീകരിക്കണമെന്നും രൂപതാ നേതൃത്വം നിവേദനത്തിലൂടെ ആവശ്യപ്പെട്ടു. രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടം, രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി, ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടയ്ക്കാതടത്തിൽ, സെക്രട്ടറി റ്റോബി കൂട്ടുങ്കൽ, മാനന്തവാടി മേഖല സെക്രട്ടറി പ്രിൻസ് പാലമറ്റം എന്നിവർ ചേർന്നാണ് നിവേദനം സമർപ്പിച്ചത്.

**സമുദ്ര – 2019**

സെപ്റ്റംബർ 26, 27, 28 തീയതികളിൽ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിലും കൊച്ചി രൂപതയുടെ ആതിഥേയത്വത്തിലും നടത്തിയ സമുദ്ര തീരദേശ സഹവാസ പഠന ക്യാമ്പിൽ മാനന്തവാടി രൂപത കെ.സി.വൈ.എം. പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് രൂപത ട്രഷറർ ശ്രീ. ജിയോ ജെയിംസ്, വഞ്ഞോട് യൂണിറ്റ് ശ്രീ. ജോജി കുന്നത്ത്, ശ്രീ. ലിപിൻ മേപ്പുറത്ത്, ശ്രീ. അലൻ അന്തനാത്ത്, കല്ലോടി യൂണിറ്റ് ശ്രീ. ഡാനിഷ് തേക്കേനാലിൽ, ശ്രീ. അതുൽ ആവണിക്കൽ, സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ ശ്രീ. ബിബിൻ ചെമ്പക്കര എന്നിവർ പങ്കെടുത്തു. സമുദ്രയിൽ സംബന്ധിച്ച എല്ലാവർക്കും രൂപതാ സമിതിയുടെ അഭിനന്ദനങ്ങളും കൃതജ്ഞതയും അറിയിക്കുന്നു.

**എൻ എച്ച് 766 രാത്രി യാത്ര നിരോധനത്തിന് ഐക്യദാർഢ്യം**

മുഴുവൻ സമയ രാത്രി യാത്ര നിരോധനത്തിനെതിരെ ബത്തേരി ടൗണിൽ നടത്തിയ നിരാഹാര യുവജന സമരത്തിന് ഐക്യദാർഢ്യമായ് മാനന്തവാടി രൂപതാ കെ.സി.വൈ.എം. യുവജനങ്ങൾ 3/10/2019ന്

വൈകുന്നേരം 6 മണിക്ക് ബത്തേരി അസംപ്ഷൻ ദേവാലയത്തിൽ ഒന്നിച്ച്ചേർന്നു. രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടം, രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി, ബത്തേരി അസംപ്ഷൻ ഫൊറോനാ വികാരി റവ. ഫാ. ജെയിംസ് പുത്തൻപറമ്പിൽ, ബത്തേരി മേഖല ഡയറക്ടർ റവ. ഫാ. രജീഷ് കറുത്തേടം, രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടയ്ക്കാതടത്തിൽ എന്നിവരുടെ നേതൃത്വത്തിൽ കെ.സി.വൈ.എം. പതാകയുമേന്തി 500 ൽ പരം യുവജനങ്ങൾ പന്തം കൊളുത്തി പ്രകടനം നടത്തി. ആവേശമുണർത്തുന്ന, വികാര നിർഭരമായ മുദ്രാവാക്യങ്ങൾ മുഴക്കി നടത്തിയ പ്രകടനം പൊതുജനശ്രദ്ധ ആകർഷിക്കുന്നതായിരുന്നു. സമരപന്തലിൽ നടത്തിയ സമ്മേളനത്തിൽ രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി, പ്രളയത്തിൽ മുങ്ങിത്താഴ്ന്ന വയനാടൻ ജനതയക്ക് ഇരുട്ടടി എന്ന പോലെയാണ് രാത്രി യാത്രാ നിരോധനവും. കാടുകൊണ്ടും വന്യജീവികൾക്കൊണ്ടും ജീവിതം വഴിമുട്ടിയ വയനാടിന്റെ തുടർ വികസനംകൂടി ഇല്ലാതാക്കുന്നതാണ് ഈ നടപടിയെന്ന് പ്രസംഗിച്ചു. വയനാടിന്റ വികസനത്തിന് എതിരായി വന്ന എന്തിനും കെ.സി.വൈ.എം. എന്നും എക്കാലത്തും സമരമുറകളുമായ് ഉണ്ടായിരുന്നു. ഇനിയും അവകാശങ്ങൾ നേടിയെടുക്കും വരെ ഗാന്ധിജിയുടെ മാർഗ്ഗങ്ങൾ പിൻതുടരും എന്ന് രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ പ്രഭാഷണത്തിൽ ഓർമ്മിപ്പിച്ചു. പന്തംകൊളുത്തി പ്രകടനം വിജയമാക്കാൻ സഹായിച്ച ബത്തേരി അസംപ്ഷൻ ഫൊറോനാ വികാരി റവ. ഫാ. ജെയിംസ് പുത്തൻപറമ്പിലച്ചനും, ബത്തേരി മേഖല ഡയറക്ടർ റവ. ഫാ. രജീഷ് കറുത്തേടത്തച്ചനും ബത്തേരി മേഖല ഭാരവാഹികൾക്കും ബഹു. വൈദീകർ, സിസ്റ്റേഴ്സ് പ്രകടനത്തിൽ പങ്കെടുത്ത വിവിധ യൂണിറ്റുകളിലെ യുവജനങ്ങൾക്കും രൂപതാ നേതൃത്വത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയറിയിക്കുന്നു.

**രൂപതയോട് ചേർന്ന് കെ.സി.വൈ.എം.**

ബത്തേരിയിൽ നടന്നുകൊണ്ടിരുന്ന അനിശ്ചിതകാല സമരത്തിന് പിന്തുണ പ്രഖ്യാപിച്ച് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ 6/10/2019 ന് നടത്തിയപ്രകടനത്തിൽ കെ.സി.വൈ.എം. രൂപതാസമിതിയും വിവിധ യൂണിറ്റുകളിൽ നിന്നുള്ള യുവജനങ്ങളും പങ്കെടുത്തു.

**ഹോദോസ് – 2019**

രജത ജൂബിലിയുടെ നിറവിലായിരിക്കുന്ന കെ.സി.വൈ.എം. മാനന്തവാടി രൂപത ഹോദോസ്–2019 എന്ന പേരിൽ യുവജന കൺവെൻഷൻ സംഘടിപ്പിച്ചു. ഒക്ടേബർ 7 ന് രാവിലെ 8.30 ന് ദ്വാരക

മേഖലയുടെ നേതൃത്വത്തിൽ രജിസ്ട്രേഷൻ നടത്തി. 9.00 മണിക്ക് രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി പതാക ഉയർത്തി. രൂപത ഡയറക്ടർ റവ.ഫാ.അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ വചന പ്രതിഷ്ഠയും സന്ദേശവും നല്കി. തുടർന്ന് പാടിച്ചിറ ഇടവക വികാരിയും കെ.സി. വൈ.എം. യൂണിറ്റ് ഡയറക്ടറുമായ റവ. ഫാ. ജെയ്സ് പൂതക്കുഴി പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകനും ഡയറക്ടറും പ്രശസ്ത വാഗ്മിയുമായ റവ. ഫാ. ഡേവിസ് ചിറമ്മേൽ ക്ലാസ്സ് നയിച്ചു. മനുഷ്യ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം പങ്കുവയ്ക്കലിലാണെന്നും, യഥാർത്ഥ സ്നേഹത്തെ തിരിച്ചറിയുന്ന യുവത്വമാണ് സമൂഹോന്നതിക്ക് നിതാന്തമായിട്ടുള്ളതെന്നും നിസ്വാർത്ഥ സ്നേഹം തിരിച്ചറിയാതെ പോകുന്നതാണ് യുവാക്കൾക്കിടയിൽ വർദ്ധിച്ചു വരുന്ന പ്രണയത്തിന്റെ പേരിലുള്ള ആക്രമണങ്ങൾക്ക് കാരണമാകുന്നതെന്ന് പ്രഭാഷണമധ്യേ അച്ചൻ പറഞ്ഞു. മാനന്തവാടി രൂപത വികാരി ജനറൽ ബഹുമാനപ്പെട്ട അബ്രാഹം നെല്ലിക്കൽ അച്ചന്റ മുഖ്യകാർമ്മികത്വത്തിൽ നടന്ന വി. ബലിയിൽ തരിയോട് മേഖല ഡയറക്ടർ റവ. ഫാ. ജെയിംസ് കുന്നത്തേട്ട്,രൂപതാ മുൻ ഡയറക്ടർ റവ. ഫാ. റോബിൻ പടിഞ്ഞാറയിൽ എന്നിവർ സഹകാർമ്മികരായിരുന്നു. ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ, വൈസ് പ്രസിഡണ്ട് അലീന ജോയി, സെക്രട്ടറി ചിപ്പി അബ്രാഹം, ട്രഷറർ ശ്രീ. ജിയോ മച്ചുക്കുഴിയിൽ, കോഡിനേറ്റർ ശ്രീ. റ്റിബിൻ പാറയ്ക്കൽ എന്നിവരും മേഖല ഡയറക്ടർമാരായ റവ. ഫാ. ഷൈജു മുതിരക്കാലായിൽ, റവ. ഫാ. പോൾ എടയക്കൊണ്ടാട്ട്, റവ. ഫാ. സിജോ എടക്കുടി, റവ. ഫാ. ബിജോ കറുകപ്പള്ളി, രൂപതാ ആനിമേറ്റർ സി. സാലി സി.എം.സി, സിൻഡിക്കേറ്റ് അംഗങ്ങൾ, മേഖല പ്രസിഡണ്ടുമാർ എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകി. ആയിരത്തിൽ പരം യുവജനങ്ങൾ പങ്കെടുത്ത ഹോദോസ് - 2019 യുവജന കൺവെൻഷൻ വിജയത്തിൽ എത്തിച്ച യൂണിറ്റ് ഡയറക്ടർമാരായ ബഹു. വൈദീകർക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും പങ്കെടുത്ത യുവജനങ്ങൾക്കും വിവിധങ്ങളായ സഹായ സഹകരണങ്ങൾ നല്കിയ എല്ലാവർക്കും ദ്വാരക മേഖല ടീമിനും ക്ലാസ്സ് നയിച്ച റവ. ഫാ. ഡേവിസ് ചിറമ്മേൽ അച്ചനും രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദിയറിയിക്കുന്നു.

**പരസ്പരം- 2019**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ പരസ്പരം - 2019 എന്ന പേരിൽ ഒക്ടോബർ 19 ന് ഡിബേറ്റ് മത്സരം

സംഘടിപ്പിച്ചു. നടവയൽ മേഖലയുടെ പനമരം യൂണിറ്റാണ് ആതിഥേയത്വം വഹിച്ചത്. വിവിധ മേഖലകളെ പ്രതിനിധീകരിച്ച് 8 ടീമാണ് പങ്കെടുത്തത്. മത്സരവിജയികൾ

1–ാം സ്ഥാനം – ദ്വാരക മേഖല, കൊമ്മയാട് യൂണിറ്റ്, ജിതിൻപ്ലാച്ചേരിക്കുഴി, നോജിൻ മുണ്ടങ്ങാട്ടിൽ

2–ാം സ്ഥാനം – മുള്ളൻകൊല്ലി മേഖല, പാടിച്ചിറ യൂണിറ്റ് അനു തോട്ടത്തിൽ, ബിബിൻ അറക്കൽ

3–ാം സ്ഥാനം – ബത്തേരി മേഖല, അസംപ്ഷൻ യൂണിറ്റ്, ബ്രാവോ ബിനു ഡെനിൽ ജോഷി

4–ാം സ്ഥാനം – മാനന്തവാടി മേഖല, പോരൂർ യൂണിറ്റ്, നിഖിൽ മണിയംകാട്ടെൽ, നിധീഷ് കുഴികാലായിൽ

യഥാക്രമം 1,2,3,4 സ്ഥാനങ്ങൾ കരസ്ഥമാക്കുകയും പങ്കെടുക്കുകയും ചെയ്ത മേഖലകൾക്കും യൂണിറ്റുകൾക്കും യുവജനങ്ങൾക്കും രൂപത സമിതിയുടെ അഭിനന്ദനങ്ങൾ! ഡിബേറ്റ് മത്സരത്തെ വിജയത്തിലെത്തിച്ച മേഖല ഡയറക്ടർമാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, മേഖല ഭാരവാഹികൾ, യൂണിറ്റ് ഡയറക്ടർമാർ, യൂണിറ്റ് ആനിമേറ്റർ സിസ്റ്റേഴ്സ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർക്കും നിറമനസ്സോടെ ആതിഥേയത്വം വഹിച്ച നടവയൽ മേഖലയുടെയും പനമരം യൂണിറ്റിന്റെയും ഡയറക്ടർ റവ. ഫാ. ഷൈജു മുതിരക്കാലയിൽ, ആനിമേറ്റർ റവ. സി. ജെസ്സി പോൾ സി.എം.സിയ്ക്കും പനമരം യൂണിറ്റിലെ യുവജനങ്ങൾക്കും രൂപത സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദിയർപ്പിക്കുന്നു.

**കൺസൽട്ടേഷൻ മീറ്റിംഗ്**

സാമൂഹിക സേവനരംഗങ്ങളിൽ കെ.സി.വൈ.എംമ്മിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി കെ.സി.വൈ.എം. സംസ്ഥാന സമിതിയും കാരിത്താസ് ഇന്ത്യയും സംയുക്തമായ് ഒരു കൺസൽട്ടേഷൻ മീറ്റിംഗ് പി ഒ സി യിൽ വച്ച് ഒക്ടോബർ 18 ന് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപത ആനിമേറ്റർ റവ. സി. സാലി സി.എം.സി. പങ്കെടുത്തു. രൂപത സമിതിയുടെ നന്ദിയർപ്പിക്കുന്നു.

**നവംബർ മാസത്തെ പ്രവർത്തനങ്ങൾ**

**നവംബർ – 9 രൂപതാ കലാമത്സരങ്ങൾ**

***മേഖല വാർത്തകൾ***

**മണിമൂളി മേഖല**

പേൾ 2019 മേഖല സാഹിത്യ മത്സരത്തിൽ ഓരോ യൂണിറ്റിൽ നിന്നും ധാരാളം യുവജനങ്ങൾ മത്സരിക്കുകയുണ്ടായി. ക്രൈസ്തവ

പീഡനങ്ങൾക്കും, ലൗജിഹാദിനും, നീതിനിഷേധത്തിനുമെതിരെ മേഖല സമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി രൂപത യൂത്ത് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ മുഖ്യപ്രഭാഷണം നടത്തി. എടക്കര പാലത്തിങ്കൽ നിന്നും ആരംഭിച്ച പ്രതിഷേധ മൗനജാഥ മേഖല ഡയറക്ടർ റവ. ഫാ. മാത്യു കറുത്തേടത്ത് ഉദ്ഘാടനം ചെയ്തു. വിവിധ യൂണിറ്റുകളിൽ നിന്നും മാതാപിതാക്കളും, യുവജനങ്ങളും പങ്കെടുത്തു. ഹോദോസ് യുവജന കൺവെൻഷനിൽ മേഖലയിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**കൊട്ടിയൂർ യൂണിറ്റ്**

കൊട്ടിയൂർ ഇടവകയിലെ യുവജനങ്ങൾ ചേർന്ന് പള്ളിപരിസരം വൃത്തിയാക്കി. സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന ഒരു കുടുംബത്തെ സന്ദർശിച്ചു. മിഷൻ ലീഗ് മത്സരത്തിന് കെ.സി.വൈ.എം. അംഗങ്ങൾ എല്ലാ വിധ സഹായ സഹകരണങ്ങൾ ചെയ്ത് കൊടുത്തു.

**പാതിരിപ്പാടം യൂണിറ്റ്**

ഇടവകയിൽ വി. മത്തായി ശ്ലീഹായുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് യൂണിറ്റ് ഡയറക്ടർ അനിൽ മൂഞ്ഞനാട്ട് അച്ചന് സംഘടനയുടെ നേതൃത്വത്തിൽ പൂച്ചെണ്ട്, ഷാൾ എന്നിവ നല്കി ആദരിച്ചു. മേഖല സാഹിത്യ മത്സരത്തിൽ യൂണിറ്റിൽ നിന്നും 10 പേർ പങ്കെടുത്തു. ക്രൈസ്തവ പീഡനങ്ങൾക്കും, ലൗജിഹാദിനും, നീതിനിഷേധത്തിനുമെതിരെ എടക്കരയിൽ നടത്തിയ പ്രതിഷേധ സംഗമത്തിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പ്ലകാർഡ് ഉണ്ടാക്കുന്നതിലും റാലിയിലും സജീവപങ്കാളിത്തം തെളിയിച്ചു. ഹോദോസ് യുവജന കൺവെൻഷനിൽ യൂണിറ്റിയിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ചോക്കാട് ശാന്തിസദൻ സന്ദർശിച്ചു, ക്ലീനിങ്ങിനും മറ്റു നിത്യോപയോഗ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിൽ യുവജനങ്ങൾ താല്പര്യം കാണിച്ചു.

**ചുങ്കക്കുന്ന് യൂണിറ്റ്**

ശാഖാഎക്സിക്യൂട്ടീവ് ചേർന്ന് പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും കലാമത്സരങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. പരി.അമ്മയുടെ ജനനതിരുനാളിന് ഒരുക്കമായി ഇടവകയിൽ വച്ച് നടത്തപ്പെട്ട വി.കുർബാനയിലും ജപമാലയിലും യുവജനങ്ങൾ പങ്ക്ചേരുകയും 7 -ാം തീയതി ജപമാലയ്ക്ക് നേതൃത്വം വഹിച്ച് കാഴ്ചസമർപ്പണം നടത്തുകയും ചെയ്തു. ഉണർവ് - ഓണാഘോഷവുമായി ബന്ധപ്പെട്ട് ചുങ്കക്കുന്ന് മേഖലയും ഹൈവിഷനും

സംയുക്തമായി സംഘടിപ്പിച്ച ഉണർവ്വ് ഓണാഘോഷം 2019 എന്ന പരിപാടി ഇരട്ടതോട് കോളനിയിൽ വച്ച് നടത്തുകയും, ഓണസദ്യ, പൂക്കളം, വൈവിധ്യങ്ങളായ കളികൾ എന്നിവ സംഘടിപ്പിച്ചു. യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. പേൾ – 2019 മേഖല സാഹിത്യ മത്സരത്തിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. തൊഴില വസരങ്ങൾ – പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ സർക്കാർ ആനുകൂല്യങ്ങൾ, തൊഴിലവസരങ്ങൾ വിദ്യാഭ്യാസപദ്ധതികൾ, കോഴ്സുകൾ, സ്കോളർഷിപ്പുകൾ തുടങ്ങി വിവിധങ്ങളായ അറിവുകളും അവസരങ്ങളും മീഡിയം വാട്സ് ആപ്പ് വഴി ഇടവകാജനങ്ങളിലേക്ക് എത്തിക്കുവാൻ ഇടവകയിലെ യുവജനങ്ങൾ ഉത്സുകരാകുന്നു. തിരുനാൾ – വി. വിൻസെന്റ് ഡിപോളിന്റെ തിരുനാളിന് ഫൊറോനാ വികാരിയും കെ.സി.വൈ.എം. മേഖല ഡയറക്ടറുമായ റവ. ഫാ. വിൻസെന്റ് കളപ്പുരയുടെ നാമഹേതുക തിരുനാൾ ആഘോഷിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

**കയ്യൂന്നി യൂണിറ്റ്**

സെപ്റ്റംബർ 1 മുതൽ പരി. അമ്മയുടെ ജനനതിരുനാളിന് ഒരുക്കമായി ഇടവകയിൽ വച്ച് നടത്തപ്പെട്ട വി. കുർബാനയിലും ജപമാലയിലും യുവജനങ്ങൾ പങ്ക്ചേർന്ന് പ്രാർത്ഥിച്ചു. 22/9/19 ന് യുവജനങ്ങൾ സഭയോട് ചേർന്ന് എന്ന വിഷയത്തെ സംബന്ധിച്ച് യുവജന സെമിനാർ നടത്തി. ആന്റണി സാർ ക്ലാസ്സുകൾ നയിച്ചു. നൂറ്റിമുപ്പത് യുവജനങ്ങൾ സെമിനാറിൽ പങ്കെടുത്തു.

**കല്ലോടി യൂണിറ്റ്**

കാലത്തിന്റെ ഒഴുക്കിൽപ്പെട്ട് തളർന്നു പോകേണ്ടവരല്ല യുവജനങ്ങൾ, മറിച്ച് സാമൂഹ്യപ്രശ്നങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്കൊപ്പം കൈകോർത്ത് നീങ്ങേണ്ടവരാണെന്നും ഉള്ള ബോധ്യവും സെമിനാർ ഹാളുകളിൽ മാത്രം പലപ്പോഴും ഒതുങ്ങിപ്പോകുന്ന ക്യാമ്പുകളിൽ നിന്നും പ്രവർത്തിപഥങ്ങളിലേയ്ക്കും അനുഭവങ്ങളുടെ തീരത്തേക്കും നയിക്കുവാനും യുവജനങ്ങളെ സഹായിച്ച സമുദ്ര – 2019 തീരദേശ പഠന ക്യാമ്പിൽ കല്ലോടി ഇടവകയിൽ നിന്നും അതുൽ അവണയ്ക്കലും, ഡാനിഷ് തേക്കേനാലിലും പങ്കെടുത്തു. 29–ാം തീയതി മാനന്തവാടിയിൽ വച്ച് നടന്ന കിറ്റ് ലൗ ജിഹാദ് യുവജന പ്രതിഷേധത്തിൽ യുവജനങ്ങൾ പങ്കെടുത്തു.

**പാറത്തോട്ടം യൂണിറ്റ്**

കെ.സി.വൈ.എം. അംഗങ്ങൾ എട്ട് നോമ്പാചരണത്തിൽ പങ്കെടുക്കുകയും നേർച്ച പായസം ഉണ്ടാക്കാൻ സഹായിക്കുകയും

ചെയ്തു. കോളയാടുള്ള ആലഞ്ചേരി സ്നേഹ ഭവൻ യൂണിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും അവരോടൊപ്പം ബലിയർപ്പിക്കുകയും പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായം നല്കുകയും ചെയ്തു. യുവജനങ്ങൾക്കായ് ലൈബ്രറി ഉദ്ഘാടനം ചെയ്തു.

**നരിവാലമുണ്ട യൂണിറ്റ്**

ഇടവകയിൽ രോഗികളായി കഴിയുന്നവരെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മണിമൂളിയിൽ വച്ച് നടന്ന സാഹിത്യമത്സരത്തിൽ ഇടവകയിൽ നിന്ന് നിരവധി യുവജനങ്ങൾ പങ്കെടുത്തു. ക്രൈസ്തവ പീഡനങ്ങൾക്കും, ലൗജിഹാദിനും, നീതി നിഷേധത്തിനുമെതിരെ മേഖല സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രതിഷേധ പരിപാടിക്ക് യുവജനങ്ങൾ പങ്കെടുത്തു. ഒക്ടോബർ 7 ന് മാനന്തവാടിയിൽ വച്ച് നടന്ന യുവജന കൺവെൻഷന്റെ വിജയത്തിനായി കരുണ കൊന്തചൊല്ലി പ്രാർത്ഥിക്കുകയും കൺവെൻഷനിൽ പങ്കെടുക്കുകയും ചെയ്തു.

**മണിമൂളി യൂണിറ്റ്**

പരി. അമ്മയുടെ ജനനതിരുനാളിന് ഒരുക്കമായി ഇടവകയിൽ വച്ച് നടത്തപ്പെട്ട വി. കുർബാനയിലും ജപമാലയിലും യുവജനങ്ങൾ പങ്ക്ചേരുകയും 6 -ാം തീയതി വി. ബലിയ്ക്കും ജപമാലയ്ക്കും നേതൃത്വം വഹിക്കുകയും ചെയ്തു. അസ്സി. വികാരി റവ. ഫാ. അജിൻ ചക്കാലക്കലിന്റ നേതൃത്വത്തിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ഓണക്കളികളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നല്കി.

**മക്കിയാട് യൂണിറ്റ്**

കെ.സി.വൈ.എം. നേതൃത്വത്തിൽ യൂത്ത് മാഗസിനുള്ള എഡിറ്റോറിയൽ ബോർഡ് രൂപികരിച്ചു. പരി. അമ്മയുടെ ജനനതിരുനാളിന് ഒരുക്കമായി നടത്തപ്പെട്ട വി. കുർബാനയിലും ജപമാലയിലും യുവജനങ്ങൾ സജീവമായി പങ്കുചേർന്നു. ഇടവകയിലെ ക്യാൻസർ രോഗികളെ സന്ദർശിച്ചു. മേഖല സാഹിത്യ മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു. ലോഗോസ് ക്വിസിൽ യുവജനങ്ങൾ പങ്കെടുത്തു. മാനന്തവാടിയിൽ വച്ച് നടന്ന ക്വിറ്റ് ലൗ ജിഹാദ് യുവജന പ്രതിഷേധ റാലിയിൽ യുവജനങ്ങൾ പങ്കെടുത്തു. സമർപ്പിത ജീവിതത്തെയും പൗരോഹിത്യത്തെയും വിമർശനാത്മകമായി നോക്കികാണുന്ന സമകാലിക ജനതയ്ക്ക് ഈ ജീവിതങ്ങളുടെ പ്രസക്തിയും സഭയോടുള്ള സ്നേഹവും പ്രകടിപ്പിച്ചുകൊണ്ട് യൂറ്റ്യൂബിൽ അലീന മടത്താശ്ശേരി മോണോ ആക്ട് അവതരിപ്പിച്ചു. അഭിനന്ദനങ്ങൾ.

**പൂളപ്പാടം യൂണിറ്റ്**

മാതാവിന്റെ ജനന തിരുനാളിന് ഒരുക്കമായി എല്ലാ ദിവസവും യുവജനങ്ങൾ പള്ളിയിൽ വരികയും പ്രാർത്ഥിക്കുകയും ചെയ്തു. തിരുനാൾ ദിനം കെ.സി.വൈ.എം. മ്മിന്റ നേതൃത്വത്തിൽ നേർച്ച ഭക്ഷണം നൽകി. ചോക്കാട് അനാഥമന്ദിരം സന്ദർശിക്കുകയും അവർക്ക് ആവശ്യമായ സാധനങ്ങൾ നൽകുകയും ചെയ്തു. പ്രളയത്തിൽ വീട് നഷ്ടപ്പെട്ട കുടുംബത്തിന് സാമ്പത്തിക സഹായം ചെയ്തു. മേഖല സാഹിത്യ മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു. കാരിത്താസ് എന്ന സംഘടനവഴി  പ്രളയ ബാധിതർക്ക് പുനരധിവാസത്തിനായ് ധന സഹായം ലഭിക്കാൻ കെ.സി.വൈ.എം. അപേക്ഷകൾ സമർപ്പിക്കാൻ സഹായിച്ചു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
കെ. സി. വൈ. എം.  ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 1 മുതൽ 4 വരെ നടന്ന MPC യിൽ 104 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| നവംബർ 11-14 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ 22-25 | - | മണിമൂളി പാസ്റ്ററൽ സെന്റർ |
| ഡിസംബർ 1-4 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രോലൈഫ്**

മലബാർ മേഖല സംഘടിപ്പിച്ച ഒന്നാകാൻ സംഗമത്തിലേക്ക് 3000 പേർ പങ്കെടുത്തു. നമ്മുടെ രൂപതയിൽ നിന്നും 463 പേർ സംബന്ധിച്ചു. ഇതിന്റെ വിജയത്തിനായി സഹകരിച്ച രൂപതാ ഭാരവാഹികൾ, വികാരിയച്ചന്മാർ, സിസ്റ്റേഴ്സ്, മാതൃവേദി അംഗങ്ങൾ എന്നിവർക്ക് നന്ദി അറിയിക്കുന്നു.

**മാതൃവേദി**

ഒക്ടോബർ 12 ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. മികച്ച മേഖലാ സന്ദർശനം, രൂപതാ വാർഷികം എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. മികച്ച ശാഖാ മേഖലാ റിപ്പോർട്ടുകൾ നവംബർ 3 ന് മുമ്പായി രൂപതയിൽ എത്തിക്കേണ്ടതാണ്. ശേഷം വരുന്നവ പരിഗണിക്കുകയില്ല. രൂപതാ വർഷികം ഡിസംബർ 14 ന് നടത്തുന്നു. ശാഖാ മേഖലാ ആനിമേറ്റർമാർ, ഭാരവാഹികൾ, കൗൺസിൽ അംഗങ്ങൾ എന്നിവർ പങ്കെടുക്കുക. ഒരു ഇടവകയിൽനിന്നും 8 പേർ. രജി. ഫീസ് 50 രൂപ. ആനിമേറ്റർക്ക് രജി. ഫീസ് ഇല്ല. രൂപതാ വിഹിതമായ 250 രൂപയും അന്ന് എത്തിക്കണം. ഓരോ ഇടവകയിൽനിന്നും വരുന്നവരുടെ എണ്ണം ഡിസംബർ 4 ന് മുമ്പായി മേഖലാ ഭാരവാഹികൾ വഴി രൂപതയിൽ അറിയിക്കണം. രൂപതാ പ്രോലൈഫ് സമിതിക്ക് ആവശ്യമായ പിൻതുണ മാതൃവേദി നൽകണം. സംഭാവന കൂപ്പണുകൾ ഇടവകയിലേക്ക് എത്തിച്ചിട്ടുണ്ട്. കൂപ്പണുകൾ വിറ്റ് അവയുടെ 25%

ശാഖക്കും 25% മേഖലക്കും എടുത്ത ശേഷം ബാക്കി 50% മാത്രം നവംബർ 30 നു മുമ്പായി രൂപതയിൽ എത്തിക്കുക. രൂപതാ വാർഷികദിനത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്. നവംബർ 9 രൂപതാ ടീം പ്രാർത്ഥനാ ദിനമാണ്.

അന്തർദേശീയ സീറോ മലബാർ മാതൃവേദി സംഘടിപ്പിച്ച മരിയൻ ക്വിസ് പ്രോഗ്രാമിൽ മാനന്തവാടി രൂപത അഞ്ചാം സ്ഥാനം നേടി. മൽസരത്തിൽ പങ്കെടുത്തത് അമ്പായത്തോട് ഇടവകാംഗങ്ങളായ ഷീന മാളിയേക്കൽ, ബീന ഇലഞ്ഞിമറ്റം, ബിൻസി ഇലഞ്ഞിമറ്റം എന്നീ അമ്മമാരാണ്. അവർക്ക് രൂപതാ മാതൃവേദിയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**തരിയോട് മേഖല**

സാഹിത്യമത്സരം നടത്തി. ഭവനങ്ങൾ സന്ദർശിച്ചു. മേഖല ഭാരവാഹികൾ രോഗീസന്ദർശനം നടത്തി. ആനിമേറ്റർ സിസ്റ്ററിന്റെ ഫീസ്റ്റ് വിഷ് ചെയ്തു.

**കല്ലോടി മേഖല**

രചനാമത്സരങ്ങൾ നടത്തി. ബഹു. രൂപതാ പ്രസിഡന്റ് വിജി ജോർജ്ജ് 'കുടുംബജീവിതവും പ്രാർത്ഥനയും' എന്ന വിഷയത്തെ സംബന്ധിച്ച് 250 അമ്മമാർക്ക് ഏകദിന സെമിനാർ നടത്തി.

**മാനന്തവാടി മേഖല**

മേഖല സാഹിത്യ മത്സരം നടത്തി. കുഴിനിലത്തുള്ള ടെസ്സാ ഭവനം സന്ദർശിച്ചു. വചനവാക്യമത്സരത്തിൽ 35-ഓളം അമ്മമാർ പങ്കെടുത്തു. സമരിറ്റൻ ഭവനം സന്ദർശിച്ചു. അവർക്കാവശ്യമായ നിത്യോപയോഗസാധനങ്ങൾ നൽകി. ആലാറ്റിൽ ഇടവകയിൽ സൗഹൃദസന്ദർശനം നടത്തി.

**ബോസ്പാറ**

ബഹു. ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ എല്ലാ ഭവനങ്ങളും സന്ദർശനം നടത്തി 13000 രൂപയുടെ നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ച് ഗൂഡല്ലൂരിലെ മരിയൻ വൃദ്ധസദനത്തിൽ എത്തിച്ചു. രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു. സെപ്റ്റംബർ 8-ാം തീയതി പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തി. സൺഡേ സ്കൂളിലെ എല്ലാ അദ്ധ്യാപകർക്കും മാതൃവേദിയുടെ നേതൃത്വത്തിൽ ലോഗോസ് ഒരുക്ക പരീക്ഷ നടത്തി. മേഖല സാഹിത്യമത്സരത്തിലും ലോഗോസ് പരീക്ഷയിലും അമ്മമാർ പങ്കെടുത്തു. ഭിന്നശേഷിയുള്ള ഒരു നിർദ്ധന സ്ത്രീക്ക് 2000 രൂപ സംഭാവന നൽകി.

**വാളേരി**

മാതാവിന്റെ ജനന തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. കാഴ്ചവെയ്പ്പിൽ കിട്ടിയ തുകയിൽനിന്ന് 2000 രൂപ പുതിയിടം കുന്നിലെ ക്യാൻസർ സെന്ററിലേക്ക് നൽകി. മേഖല കൺവെൻഷനിൽ 70 അമ്മമാരും സാഹിത്യമത്സരത്തിൽ 4 പേരും പങ്കെടുത്തു.

**കല്ലുവയൽ**

മാതാവിന്റെ ജനനതിരുനാൾ ആഘോഷിച്ചു. രോഗിസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. ദ്വാരകയിൽവെച്ച് നടന്ന സമർപ്പിത ശബ്ദം പരിപാടിക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ച് 12 പേർ പങ്കെടുത്തു. സിമിത്തേരി വൃത്തിയാക്കി. ശുദ്ധീകരണാത്മക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**കുഞ്ഞോം**

എട്ടുനോമ്പാചരണം, വി. മദർതെരേസ അനുസ്മരണം എന്നിവ ഭക്തിനിർഭരമായി നടത്തി. ഒരു നിർദ്ധനകുടുംബത്തെ ദത്തെടുത്ത് ധനസഹായം നൽകി. ലോഗോസ് പരീക്ഷയിൽ അമ്മമാർ പങ്കെടുത്തു.

**പുതിയിടംകുന്ന്**

ഇടവകയിൽ നടക്കുന്ന പ്രാർത്ഥനാശുശ്രൂഷയിലും ആശുപത്രി ശുശ്രൂഷയിലും അമ്മമാർ സജ്ജീവമായി പ്രവർത്തിക്കുന്നു. മേഖല കൺവെൻഷനിൽ 7 അമ്മമാർ പങ്കെടുത്തു. മാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് മുടങ്ങാതെ പള്ളിയിൽവന്ന അമ്മമാരെ നറുക്കിട്ടെടുത്ത് ലക്കി മേരിയെ കണ്ടെത്തി സമ്മാനം നൽകി.

**കയ്യൂന്നി**

ലോഗോസ് ഒരുക്കപരീക്ഷയിൽ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. എരുമാടുള്ള കനിവ് പാലിയേറ്റീവ് കെയറിലെ നിർദ്ധനരായ 10 ക്യാൻസർ രോഗികൾക്ക് 10 ഭക്ഷണകിറ്റുകൾ നൽകി. രൂപത ക്കുള്ളിലുള്ള ഏതാനും വൃദ്ധസദനങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ തുടങ്ങിയവ സന്ദർശിച്ച് ഇടവകയിൽ നിന്ന് ലഭിച്ച നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു. വാർഷികാഘോഷം നടത്തി. യാത്രാ നിരോധനത്തിന് എതിരെ നടന്ന റാലിയിൽ ധാരാളം പേർ പങ്കെടുത്തു.

**കൽപ്പറ്റ**

എട്ടാം തീയതി മാതൃദിനം ആചരിച്ചു. ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി. കാരുണ്യമാതാവിന്റെ തിരുനാൾ ആചരിച്ചു. ഭവനസന്ദർശനം നടത്തി. ക്രൈസ്തവ വിശ്വാസ രൂപീകരണ യോഗത്തിൽ സംബന്ധിച്ചു. ബഹു. ജിബിൻ വട്ടുകുളം അച്ചന് തിരുനാൾ മംഗളങ്ങൾ നേർന്നു.

**പാറത്തോട്ടം**

മാതാവിന്റെ ജനന തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. ഭവനസന്ദർശനം രോഗീസന്ദർശനം എന്നിവ നടത്തി. അമ്മമാർ ലോഗോസ് ക്വിസ്സിൽ പങ്കെടുത്തു.

**മരകാവ്**

സെപ്റ്റംബർ 8-ാം തീയതി മാതൃദിനമായി ആചരിച്ചു. കാഴ്ചസമർപ്പണം, അംഗത്വ നവീകരണം എന്നിവ നടത്തി. സംഘടനാ ശാക്തീകരണത്തെക്കുറിച്ച് ബഹു. രൂപതാപ്രസിഡണ്ട് വിജി ജോർജ്ജ് ക്ലാസ്സെടുത്തു. 400-ഓളം അമ്മമാർ പങ്കെടുത്തു. മേഖല മരിയൻക്വിസ്സ് നടത്തി. പഴൂർ അഗതി മന്ദിരം സന്ദർശിച്ചു. ക്ലീനിംഗ് നടത്തി.

**ബത്തേരി**

മാതാവിന്റെ ജനനതിരുനാൾ, മദർതെരേസ ദിനം എന്നിവ ആചരിച്ചു. അദ്ധ്യാപകർക്ക് ആശംസകൾ നേർന്നു. അമ്മമാരുടെ തട്ടുകടയിൽ നിന്ന് ശേഖരിച്ച 35000-രൂപ ക്യാൻസർ രോഗിയായ മേരി ടീച്ചർക്ക് ഭവനം നിർമ്മിക്കാൻ നൽകി. രണ്ട് നിർദ്ധനയുവതികൾക്ക് വിവാഹസഹായം നൽകി. ഭവനസന്ദർശനം നടത്തി. പച്ചക്കറിത്തോട്ടം നിർമ്മിച്ചു. ശാഖാ തെരഞ്ഞെടുപ്പ് നടത്തി. ശാഖയിൽ പ്രോ-ലൈഫ് കോഡിനേറ്ററിനെ തെരഞ്ഞെടുത്തു. വിയാനിഭവൻ സന്ദർശിച്ചു. സെമിനാരി വിദ്യാർത്ഥികൾക്കായി 13000-രൂപ രൂപതയിൽ എത്തിച്ചു. ശാഖാ മേഖലാ മത്സരത്തിൽ വിജയികളായവരെ രൂപതയിലേക്ക് സെലക്ട് ചെയ്തു.

**ഇടിവണ്ണ**

ബഹു. ഫാ. ജെയ്സൺ കാഞ്ഞിരംപാറയുടെ നേതൃത്വത്തിൽ നല്ല കാലാവസ്ഥയ്ക്കായി ആരാധന നടത്തി. എട്ടുനോമ്പാചരണം ആഘോഷപൂർവ്വം കൊണ്ടാടി. ഓണാഘോഷം നടത്തി. സി. സിനി മാതൃത്വത്തെക്കുറിച്ച് ക്ലാസ്സെടുത്തു. വൈദികവിദ്യാർത്ഥികൾക്കായി 300 രൂപ നൽകി.

**ചുങ്കക്കുന്ന്**

മാതാവിന്റെ ജനനതിരുനാളിന് പാച്ചോർ നേർച്ച നടത്തി. മേഖലാതല സാഹിത്യമത്സരത്തിൽ അമ്മമാർ പങ്കെടുത്തു. കമ്മില്ലസ് ഹോസ്പിറ്റൽ സന്ദർശിച്ചു. ഗവ. ആശുപത്രി സന്ദർശിച്ച് രോഗികൾക്ക് ഭക്ഷണം പാകം ചെയ്തു കൊടുത്തു. ദ്വാരകയിൽ വെച്ച് നടത്തിയ സമർപ്പിതശബ്ദം മീറ്റിംഗിൽ അമ്മമാർ പങ്കെടുത്തു. ബഹു. വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു.

**കളത്തുവയൽ**

വിവാഹം കഴിഞ്ഞ് 50 വർഷമായ ദമ്പതികളെ ആദരിച്ച് സമ്മാനം നൽകി. സെമിനാർ നടത്തി. ക്യാൻസർമൂലം മരണമടഞ്ഞ മാതൃവേദി അംഗത്തിന്റെ മൃതസംസ്കാരത്തിൽ പങ്കെടുത്ത് റീത്ത് സമർപ്പിച്ചു. ദുരിതാശ്വാസക്യാമ്പ് സന്ദർശിച്ച് ആവശ്യമായ സാധനങ്ങൾ നൽകി. വിവിധ നിയോഗങ്ങൾക്കായി കരുണകൊന്ത, തിരുഹൃദയകൊന്ത എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. മാതാവിന്റെ ജനനതിരുനാൾ ആഘോഷിച്ചു. മേഖലാ രചനാമത്സരത്തിൽ അമ്മമാർ പങ്കെടുത്തു. സോപ്പുപൊടിയും ഹാൻഡ് വാഷും നിർമ്മിച്ച് വിപണനം ചെയ്തു. ലോഗോസ് പരീക്ഷയിൽ അമ്മമാർ പങ്കെടുത്തു.

**അമ്പായത്തോട്**

മാതാവിന്റെ കപ്പേള വൃത്തിയാക്കി. തിരുസ്വരൂപം അലങ്കരിച്ചു. ആലഞ്ചേരി അറയങ്ങാട്ട് സ്നേഹഭവൻ സന്ദർശിച്ച് 5000 രൂപയുടെ സാധനങ്ങൾ നൽകി. അമ്മമാർക്ക് പച്ചക്കറി തൈകൾ, വിത്ത് എന്നിവ വിതരണം ചെയ്തു. തിരുസഭയ്ക്കുവേണ്ടിയും ഭാരത നാടിനുവേണ്ടിയും ജപമാലചൊല്ലി പ്രാർത്ഥിച്ചു.

**കുറുമണി**

മേഖലാ സാഹിത്യ മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. റൂത്ത് ഭവനം സന്ദർശിച്ച് അവർക്ക് ആവശ്യസാധനങ്ങൾ വാങ്ങികൊടുത്തു. നോമ്പുനോക്കി 11054 രൂപ സമാഹരിച്ചു. പാച്ചോർ നേർച്ച നടത്തി. രോഗീസന്ദർശനം നടത്തി.

**കോട്ടത്തറ**

മാതാവിന്റെ പിറവിതിരുനാൾ ആഘോഷിച്ചു. ഓണാഘോഷം നടത്തി. അമ്മമാരുടെ നേതൃത്വത്തിൽ കൊന്തറാലി നടത്തി. ഒരു നിർദ്ധനകുടുംബത്തിന് 3000- രൂപ ചികിത്സ സഹായം നൽകി. കിടപ്പുരോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. വിവിധ നിയോഗങ്ങൾക്കായി കരുണകൊന്ത, തിരുഹൃദയജപമാല എന്നിവ ചൊല്ലി പ്രാർത്ഥിച്ചു.

**കൽപ്ര**

എട്ടുനോമ്പാചരണത്തിൽ അമ്മമാർ കാഴ്ചസമർപ്പണം, ബൈബിൾ വായന, ജപമാല, ഗാനശുശ്രൂഷ സ്നേഹവിരുന്ന്

എന്നിവയിൽ സജ്ജീവമായി പങ്കെടുത്തു. ഓണാഘോഷപരിപാടി സംഘടിപ്പിച്ചു. വിധവാ സംഗമം നടത്തി. ഭവനസന്ദർശനം, രോഗിസന്ദർശനം എന്നിവ നടത്തി. ഇടവക നിയോഗത്തിനായി കുരിശിന്റെ വഴിചൊല്ലി പ്രാർത്ഥിച്ചു.

**പട്ടാണിക്കൂപ്പ്**

ജനറൽബോഡി സംഘടിപ്പിച്ചു. 100 അമ്മമാർ പങ്കെടുത്തു. ബഹു. ഫാ. സിബി ചേലക്കാപള്ളിയുടെ നേതൃത്വത്തിൽ വി. ബലി അർപ്പിച്ചു. സി. ലിസ്സ അമ്മമാർക്ക് ക്ലാസ്സ് നയിച്ചു. ആരാധന നടത്തി.

**പാതിരിപ്പാടം**

അമ്മമാർ ജപമാലക്ക് നേതൃത്വം നൽകി. ഒരമ്മക്ക് തയ്യൽ മെഷീൻ വാങ്ങാൻ സഹായിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ( 4-10-19)**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഒരു മാസത്തെ ശുശ്രൂഷകൾ വിലയിരുത്തി. തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. 5 മണിക്ക് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി കൺവെൻഷൻ (5-10-19)**

രാവിലെ 6 മണിക്ക് ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 8.45ന് പൊതുശുശ്രൂഷകൾ ആരംഭിച്ചു. ജപമാല പ്രദക്ഷിണം, സ്തുതി ആരാധന, എന്നിവയ്ക്ക് ശേഷം റവ. ഫാ. മാത്യു കൊട്ടാരത്തിൽ (OCD) വചനപ്രഘോഷണവും, റവ. ഫാ. ഷിജു ഐക്കരക്കാനായിൽ (മിഷൻലീഗ് ഡയറക്ടർ), വി. ബലിയും അർപ്പിച്ചു. കുമ്പസാരത്തിനും സ്പിരിച്ച്വൽ ഷെയറിംഗിനുമായി ധാരാളം പേർ പങ്കെടുത്തു. ലഘുഭക്ഷണത്തിനുശേഷം ദിവ്യകാരുണ്യ ആരാധനയ്ക്ക് അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ റവ. ഫാ. ബാബു മൂത്തേടത്ത് എന്നിവർ നേതൃത്വം നൽകി. 3.30ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാം ശനി - പൊതുസ്പിരിച്ച്വൽ ഷെയറിംഗ് (12-10-19)**

വെള്ളിയാഴ്ച വൈകിട്ട് 4 മണി മുതൽ സ്പിരിച്ച്വൽ ഷെയറിംഗിനു ഒരുക്കമായി ശുശ്രൂഷകർ പ്രാർത്ഥന കൂട്ടായ്മ നടത്തി. 8 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു. ശനിയാഴ്ച രാവിലെ 6 മണി മുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 9.30 ന് സ്പിരിച്ച്വൽ ഷെയറിംഗ് ആരംഭിച്ചു. 60 പേർ പങ്കെടുത്തു.

**അഖണ്ഡജപമാല (14-10-19)**

സീയോൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സീയോൻ ചാപ്പലിൽ 30 മണിക്കൂർ അഖണ്ഡജപമാല നടത്തി. രാവും പകലുമായി ധാരാളം പേർ പങ്കെടുത്തു.

**ജാഗരണം - മൂന്നാം വെള്ളി (18-10-19)**

വൈകിട്ട് 6 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ചു. തുടർന്ന് കരുണ കൊന്ത, ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ നടത്തി. ബ്രദർ മത്തായി കാരക്കാട്ട്, ബ്രദർ പൈലി തുറപ്പാട്ട് എന്നിവർ നേതൃത്വം

നൽകി. റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലി അർപ്പിച്ചു. 5 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**താമസിച്ചുള്ള മരിയൻ ധ്യാനം (18–21)**

നാല് ദിവസത്തെ താമസിച്ചുള്ള മരിയൻ ധ്യാനത്തിന് സിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട്, അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. ബാബു മൂത്തേടം, റവ. ഫാ. സണ്ണി മഠത്തിൽ, റവ. ഫാ. റ്റിബിൻ ചക്കുളം, ബ്ര. ജോസഫ് വടക്കുന്നേൽ, ബ്ര. പൈലി, സി. അന്ന (FCC), സി. ലിസ (SKD) എന്നിവർ നേതൃത്വം നല്കി.

**നാലാം ശനി – രോഗസൗഖ്യ ശുശ്രൂഷ ദിനം– (26–10–19)**

രാവിലെ 9.30 ന് രോഗസൗഖ്യ ശുശ്രൂഷകൾക്കുവേണ്ടിയുള്ള പ്രാർത്ഥന ആരംഭിച്ചു. സ്തുതി ആരാധന, കുരിശിന്റെ വഴി, വി.കുർബാന എന്നിവയ്ക്ക് ശേഷം തൈലാഭിഷേക പ്രാർത്ഥനയ്ക്ക് റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ നേതൃത്വം നല്കി.

**ഇടവക ധ്യാനം**

24 മുതൽ 27 വരെ സിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ പറളിക്കുന്ന് ഇടവകയിൽ വാർഷികധ്യാനം നടത്തി.

**2019 നവംബർ മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 1–10–2019 ആദ്യവെള്ളി | – | എൽഡറിംഗ്, ടീം മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 2–10–2019 ആദ്യശനി | – | ഏകദിനകൺവെൻഷൻ |
| 8–10–2019 രണ്ടാം വെള്ളി | – | തൂവാനിസാ സംഗമം |
| 9–10–2019 രണ്ടാം ശനി | – | പൊതുസ്പിരിച്ചൽ ഷെയറിംഗ് |
| 15–10–2019 മൂന്നാം വെള്ളി | – | ജാഗരണപ്രാർത്ഥന |
| 15–18 വെള്ളി, തിങ്കൾ | – | ആന്തരികസൗഖ്യധ്യാനം |
| 19–22 ബുധൻ, വെള്ളി | – | ഇടവകധ്യാനം (വിളമ്പുകണ്ടം) |
| 23–10–2019 നാലാംശനി | – | രോഗസൗഖ്യശുശ്രൂഷദിനം |
| 24–27 ഞായർ, ബുധൻ | – | ഇടവകധ്യാനം (കൊട്ടിയൂർ) |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

**നീർത്തട വികസന പദ്ധതി സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കി**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തട പ്രദേശങ്ങളിൽ അടുത്ത നാലു വർഷ ക്കാലം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെ ഉൾച്ചേർത്തുകൊണ്ട് സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കി നബാർഡിന് സമർപ്പിച്ചു. കാലാവസ്ഥ വ്യതിയാനങ്ങളെ മുന്നിൽ കണ്ടുകൊണ്ട് കാർഷിക പാരിസ്ഥിതിക മേഖലകളിൽ അനുവർത്തിക്കേണ്ട വികസന പദ്ധതികളാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൺ കയ്യാല നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, ചെറുകിട ജലസേചനം, പുത യിടിൽ, ജൈവകൃഷി വ്യാപനം, മണ്ണ് പരിശോധന, വാരണാസി കമ്പോസ്റ്റ് നിർമ്മാണം, ജൈവ വേലി, തേനീച്ച വളർത്തൽ, ഒറ്റ ഞാർ കൃഷി, നാടൻ വാഴ ഇനങ്ങളുടെ സംരക്ഷണം, നാടൻ കിഴങ്ങിനങ്ങളുടെ സംരക്ഷണം, ഫല വൃക്ഷ തൈകളുടെ വിതരണം, അസോള കൃഷി വ്യാപനം, തീറ്റപ്പുൽ കൃഷി വ്യാപനം തുടങ്ങി വിവിധങ്ങളായ വിക സന പദ്ധതികൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി നീർത്തട പ്രദേശങ്ങളിലെ മുഴുവൻ ഭവ നങ്ങളും കയറി സർവ്വേ നടത്തി. കൂടാതെ നീർത്തട പ്രദേശത്തിന്റെ പങ്കാളിത്ത പഠന പരിപാടിയും സംഘടിപ്പിച്ചു. മാസ്റ്റർ പ്ലാൻ തയ്യാറാ ക്കുന്നതിന് കാരിത്താസ് ഇന്ത്യ എൻ ആർ എം കോ ഓർഡിനേറ്റർ ഡോ. ഹരിദാസ്, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറ ക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ. എന്നി വർ നേതൃത്വം നൽകി.

**നബാർഡ് പ്രതിനിധികൾ നീർത്തട പ്രദേശങ്ങൾ സന്ദർശിച്ചു**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തട പ്രദേശങ്ങളിൽ അടുത്ത നാലു വർഷ ക്കാലം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളുടെ പ്രായോഗികത പരിശോധിക്കുന്നതിന് നബാർഡ് പ്രതിനിധികൾ

നീർത്തട പ്രദേശങ്ങൾ സന്ദർശിച്ചു. നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ പദ്ധതികളെ കുറിച്ച് നീർത്തട കമ്മിറ്റി അംഗങ്ങളുമായും, നീർത്തട സമൂഹവുമായും ചർച്ച നടത്തി. സന്ദർശനത്തിന് നബാർഡ് ജില്ല മാനേജർ ജിഷ വി, കേരള റീജിയൻ ഓഫീസിലെ മാനേജർ മുഹമ്മദ് റിയാസ്, മട്ടിലയം-പൊർലോം നീർത്തട കമ്മിറ്റി അംഗങ്ങൾ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ. എന്നിവർ നേതൃത്വം നൽകി.

**അന്ത്യോദയ ദിവസ് ആചരിച്ചു**

ഇന്ത്യൻ ചിന്തകനും ഭാരതീയ ജനതാ ഏകീകരണ നവോത്ഥാന ചിന്തകനുമായ പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യയുടെ ജന്മദിനമായ സെപ്റ്റംബർ 25, കേന്ദ്ര സർക്കാർ ഇന്ത്യയിലെ നിർദ്ധന കുടുംബത്തിലെ കുട്ടികൾക്കായി നടത്തുന്ന സൗജന്യ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതിയുടെ മലബാർ മേഖലയിലെ പ്രധാന പ്രവർത്തകരായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബോയ്സ് ടൗൺ പരിശീലന കേന്ദ്രത്തിൽ സാഘോഷം ആചരിച്ചു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം പ്രശസ്ത കവിയും ഗാനരചയിതാവുമായ ശ്രീ.ജിത്തു തമ്പുരാൻ ഉദ്ഘാടനം നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ്.പി. എ. മുഖ്യപ്രഭാഷണവും, ബോയ്സ് ടൗൺ ഇടവക വികാരി ഫാ. ബാബു ചക്യത്ത് അനുഗ്രഹ പ്രഭാഷണവും നടത്തി. കുടുംബശ്രീ ജില്ലാ പ്രോഗ്രാം ഇൻചാർജ് ശ്രീ. രാഹുൽ എം. പി, ഡി.ഡി.യു.ജി.കെ.വൈ. സെനറ്റർ ഇൻചാർജ് ശ്രീ. വിബിൻ പി.എസ്, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡി.ഡി.യു.ജി.കെ.വൈ. സംസ്ഥാന അദ്ധ്യക്ഷൻ ശ്രീ. റോബിൻ ജോസഫ് സ്റ്റാഫ് പ്രതിനിധി ശ്രീ. അഭിലാഷ് എം.യു. എന്നിവർ സംസാരിച്ചു. തുടർന്ന് പ്രശസ്ത പ്രചോദാദ്മക പ്രഭാഷകൻ ശ്രീ. സിറാജ് കെ.എ. പ്രചോദാദ്മക ക്ലാസ്സും കുട്ടികളുടെ വിവിധങ്ങളായ കലാപരിപാടികളും നടത്തി. സ്റ്റാഫ് അംഗങ്ങളായ ശ്രീ. ബിജു കെ.ജെ, ജോബി ജോസഫ്, കുമാരി സ്റ്റെഫിയ ജോൺ, ആഞ്ചലീന ജോളി, സിസ്റ്റർ റോസ് മേരി എന്നിവർ നേതൃത്വം നൽകി.

**കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രളയ പുനരധിവാസ പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ് വേ ബാംഗ്ലൂരിന്റെ സാമ്പത്തിക സഹായത്തോടെ കാവുംമന്ദം പ്രദേശത്തെ 50 കുടുംബങ്ങൾക്ക് മുട്ട കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. ഓരോ കുടുംബത്തിനും ഗിരിരാജ ഇനത്തിൽപ്പെട്ട 20 കോഴിക്കുഞ്ഞുങ്ങളെ വീതമാണ് വിതരണം ചെയ്തത്. കാവുംമന്ദത്ത് വെച്ച് നടന്ന വിതരണം കാവുംമന്ദം ലൂർദ്ദ് മാതാ ദേവാലയം വികാരി റവ. ഫാ. ബിജു മാവറ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം കോ ഓർഡിനേറ്റർ അമൽജിത്ത് മാത്യു, ജോൺ മാത്യു മുണ്ടുനടക്കൽ, വിൽസൺ അങ്ങേമഠം എന്നിവർ നേതൃത്വം നൽകി.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി കുടുംബോദ്ധാരണ പദ്ധതിയിൽ മാനന്തവാടി, കൽപ്പറ്റ, കൽപ്പറ്റ, പുൽപ്പള്ളി റീജിയണിൽ പെട്ട 48 ഇടവകകളിലായി 336 കുടുംബങ്ങൾക്ക് സഹായം ലഭിച്ചു വരുന്നു. ചെറുകാട്ടൂർ, ദീപ്തിഗിരി, കോട്ടത്തറ, കുറുമ്പാലക്കോട്ട, കുഞ്ഞോം, ഒണ്ടയങ്ങാടി, പാടിച്ചിറ, പയ്യമ്പള്ളി, പാറത്തോട്ടം, പുതിയിടം ഇടവകകളിൽ സെന്റർ ലെവൽ മീറ്റിംഗുകളും ആടിക്കൊല്ലി, കുറുമ്പാലക്കോട്ട, പയ്യമ്പള്ളി, പാറത്തോട്ടം, പുതിയിടം, ഒണ്ടയങ്ങാടി, ശശിമല, സീതാമൗണ്ട്, വഞ്ഞോട് ഇടവകകളിൽ ഫാമിലി ആക്ഷൻ ടീം മീറ്റിംഗുകളും നടത്തി. മൂന്ന് റീജിയണിലുമായി 76 കുടുംബങ്ങളിൽ ആനിമേറ്റേഴ്സ് ഭവനസന്ദർശനം നടത്തി, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ഈ മാസം 15 കുടുംബങ്ങളെ ഈ പദ്ധതിയിൽ ചേർക്കുവാൻ അവസരമുണ്ട്. അർഹതപ്പെട്ടവർ WSSS ഓഫീസുമായി ബന്ധപ്പെടുക. സേവ് എ ഫാമിലി പ്ലാൻ ഗോൾഡൻ ജൂബിലി ഭവനനിർമ്മാണ പദ്ധതിയിലുള്ള 22 ഭവനങ്ങളുടേയും പണികൾ പൂർത്തിയായി.

സേവ് എ ഫാമിലി പ്ലാൻ ഉപഭോക്താക്കൾക്ക് വിവിധ ഇടങ്ങളിൽ നിന്നും ലഭിച്ച ധനസഹായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ഭവനനിർമ്മാണം | - | 50000 (ഗവൺമെന്റ്) |
| | | 145000 (SAFP) |
| ഗൃഹോപകരണങ്ങൾ | - | 35000 (വാട്ട്സ് ആപ്പ് കൂട്ടായ്മ) |
| മൃഗസംരക്ഷണം | - | 39000 (SAFP) |
| കൃഷി | - | 20000 (SAFP) |

| | | |
|---|---|---|
| തയ്യൽ | - | 32000 (SAFP) |
| കോഴി വളർത്തൽ | - | 40000 (SAFP) |
| ചെറുകിട വ്യാപാരം | - | 13000 (SAFP) |
| പെൻഷൻ | - | 29000 (ഗവൺമെന്റ്) |
| ചികിത്സാ സഹായം | - | 2500 (WSSS) |
| ആകെ | - | 405500 (SAFP) |

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**ക്ഷേമ പദ്ധതികൾ**

തയ്യൽ തൊഴിലാളി ക്ഷേമനിധി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി എന്നീ 4 ക്ഷേമ പദ്ധതികൾ KLM ന്റെ കീഴിൽ രൂപതയിൽ നടത്തി വരുന്നു. ഇതിൽ ചേർന്ന അംഗങ്ങളുടെ മക്കൾക്ക് യഥാക്രമം സ്കോളർഷിപ്പ്, ക്യാഷ് അവാർഡ്, വിവാഹ ധനസഹായം എന്നിവ ലഭിച്ചു തുടങ്ങി. അർഹതപ്പെട്ട അംഗങ്ങൾക്ക് പ്രസവാനുകൂല്യവും ലഭിച്ചു വരുന്നു.

**സ്വാവലംബൻ**

സ്വാവലംബൻ പെൻഷൻ പദ്ധതിയിൽ ചേർന്ന 60 വയസ്സ് പൂർത്തിയായ വ്യക്തികൾക്കു ലഭിച്ച തുകയുടെ വിവരം അതാത് ഇടവകയിലെ വികാരിയച്ചന്മാരെ അറിയിച്ചിട്ടുണ്ട്. 24 വ്യക്തികൾക്ക് തുക ലഭിച്ചു.

**ഈ പദ്ധതിയിൽ ചേർന്ന് 60 വയസ്സ് ആകുമ്പോൾ WSSS ഓഫീസിൽ കൊണ്ടുവരേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.**

1) ഒറിജിനൽ പാൻകാർഡ് -1, 2) പാൻകാർഡ് കോപ്പി - 1, 3) ആധാർ കോപ്പി (അറ്റസ്റ്റഡ്) -1, 4) റേഷൻ കാർഡ് കോപ്പി - 1, 5) ബാങ്ക് പാസ്ബുക്ക് - 1, 6) ചെക്ക് ലീഫ് (ക്യാൻസൽ ചെയ്തത്) - 1, 7) ഫോട്ടോ -2

**കെ.എൽ.എം. രൂപതാ ഭാരവാഹികളുടെ യോഗം**

കെ.എൽ.എം. രൂപതാ ഭാരവാഹികളുടെ യോഗം സെപ്റ്റംബർ 22 ഞായറാഴ്ച രാവിലെ എറണാകുളം പാലാരിവട്ടത്തുള്ള POC യിൽ നടന്നു. രൂപതയിൽ നിന്നും KLM കോർഡിനേറ്റർ ശ്രീമതി മിനി, പ്രസിഡണ്ട് ശ്രീ. ബിജു പോൾ എന്നിവർ പങ്കെടുത്തു.

**ജീവസ്**

രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന ജീവസ് മെഡിക്കൽ ഇൻഷുറൻസ് പദ്ധതി ഭംഗിയായി നടന്നു വരുന്നു. ഈ വർഷത്തിൽ ഇതുവരെ 254 ക്ലെയിമുകൾ ലഭിച്ചു. 178 ക്ലെയിമുകൾക്കു 1291175 രൂപ പാസ്സായി.

**DDU-GKY**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്തവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെയുക്കാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറഅറിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തി വരുന്നു. പൂർണ്ണമായും സൗജന്യമായ ഈ കോഴ്സുകൾക്ക് കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രൊജക്റ്റുകൾ ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിൽ ആക്കുന്നത്.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ ബോയ്സ് ടൗണിൽ ഉള്ള റെസിഡൻഷ്യൽ സെന്ററൽ ഫാബ്രിക്കേഷൻ, ബ്യൂട്ടീഷ്യൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ എന്നീ കോഴ്സുകളിലുള്ള ക്ലാസ്സുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികൾക്ക് ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ, സൗജ്യമായി താമസിച്ചു പഠിക്കുവാനുള്ള സൗകര്യം, സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, വ്യക്തിത്വ വികസനം എന്നിവയിൽ പ്രത്യേക പരിശീലനങ്ങൾ മുതലായവ ലഭ്യമാക്കുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ്സ് എന്നിവയും കൊടുക്കുന്നതാണ്. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സേവന ദിനാചരണം നടത്തി. കൂടാതെ DDU-GKY പദ്ധതിയുടെ വാർഷികം നടത്തുകയും വിദ്യാർത്ഥികൾക്ക് വേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ സങ്കടിപ്പിക്കുകയും ചെയ്തു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവവിഭവങ്ങളുപയോഗിച്ച് പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പ്രാദേശിക കാലാവസ്ഥാഭേദങ്ങൾക്ക് അനുസരണമായി ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥായിയായ കൃഷിരീതികളെ ജൈവകൃഷി എന്ന് പറയാം. മണ്ണിന്റെയും വിലയുടെയും ഉദ്പാദനക്ഷമത ഉയർത്തുകയും നിലനിർത്തുകയും ചെയ്യുന്നതരത്തിലുള്ള കൃഷിമുറകളായിരിക്കണം ജൈവകൃഷിയിൽ അനുവർത്തിക്കേണ്ടത്. നിലവിൽ 15643 കർഷകരാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്, ഇവരിൽതന്നെ 6649 കർഷകർ പൂർണ്ണമായും നാല് വർഷത്തെ പരിവർത്തന കാലയളവ് പൂർത്തീകരിച്ച ജൈവകൃഷിയിടങ്ങളുള്ളവരാണ് എന്നത് അഭിമാനിക്കാൻ വകയുള്ള നേട്ടം തന്നെയാണ്. 2000ത്തോളം കർഷകർ പുതുതായി പദ്ധതിയിൽ അംഗങ്ങളാവാൻ കഴിഞ്ഞ ഒരു വർഷമായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നത് ബയോവിന്റെ ഈ മേഖലയിലെ പ്രവർത്തനമികവ് കിട്ടുന്ന അംഗീകാരം തന്നെയാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കർഷകഗ്രൂപ്പുകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വില്ലേജ് ഫ–1 ക്ലബുകളിൽ നടക്കുകയും തിരഞ്ഞെടുക്കപ്പെട്ട 319 ഗ്രൂപ്പുകളിൽ റീജിണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചർ, എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുകയും കർഷകഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**

പുതിയ വർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 185 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി.

**വൊഫ പ്രത്യേക പൊതുയോഗം**

WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷന്റെ പ്രത്യേക പൊതുയോഗം 2019 സെപ്റ്റംബർ 14 നു WSSS

ഓഡിറ്റേറിയത്തിൽ വച്ച് ചേർന്നു. യോഗത്തിന് വൊഫെ ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ അധ്യക്ഷത വഹിച്ചു. പൊതുയോഗത്തിന്റെ ഔദ്യേഗിക ഉദ്ഘാടനം ബയോവിൻ അസോസി യേറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ നിർവഹിച്ചു.

**യോഗ തീരുമാനങ്ങൾ**

1. വോഫെയുടെ നിയന്ത്രണത്തിൽ ഒഴക്കോടിയിൽ ആരംഭിച്ചി ട്ടുള്ള പാർച്ച്മെന്റ് കോഫി യൂണിറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബയോവിൻ ലീസായി നൽകിയിട്ടുള്ള ഭൂമി നിയമപരമായി രജിസ്റ്റർ ചെയ്യുന്നതിനും ആയതിനായുള്ള ക്രമീകരണം നടത്തുന്നതിനും സെക്രട്ടറി ശ്രീ. ജോയി പരിയാരത്തിനെ ചുമതലപ്പെടുത്തി.

2. ചികിത്സ സഹായത്തിനായി ലഭിച്ച 458 അപേക്ഷകളും പരി ശോധിക്കുകയും മുഴുവനാളുകൾക്കും 5000 രൂപ വിതം നൽകുവാനും തീരുമാനിച്ചു.

3. ഭവനപുനരുദ്ധാരണ/നിർമ്മാണ സാമ്പത്തികസഹായത്തി നായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ പരിശോധിച്ച് അർഹരായ 52 അപേക്ഷകർക്കായ് 17,60,000 രൂപയുടെ സാമ്പത്തികസഹായം അനു വദിച്ചു.

4. വോഫെയുടെ ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെ ത്തുന്നതിനും നിലവിലെ വോഫെയുടെ ഉത്പന്നങ്ങൾ വാങ്ങുന്ന കമ്പ നികളുടെ പ്രതിനിധികളെ സന്ദർശിക്കുന്നതിനുമായി ദേശീയ / അന്തർദേശീയതല സെമിനാർ പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് വൊഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയെ ചുമതലപ്പെടുത്തി.

5. കർഷകരിൽനിന്നും ഉത്പന്നങ്ങൾ വൊഫ സംഭരിക്കുമ്പോൾ പരിശോധന നടത്തി കീടനാശിനി രഹിതമാണെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഉദ്പന്നങ്ങൾ സംഭരിക്കുകയുള്ളുവെന്ന് യോഗത്തിൽ ചെയർമാൻ അറിയിച്ചു.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും സെപ്റ്റംബർ മാസം ഉണക്കകാപ്പി കിലോയ്ക്ക് 88 രൂപ നിരക്കിൽ 13300 കിലോയും, കുരുമുളക് കിലോയ്ക്ക് 395 രൂപ നിരക്കിൽ 2800 കിലോയും സംഭരിച്ചു. 3750 രൂപ നിരക്കിൽ 56 കിലോ ഏലം സംഭരിച്ചു. 45 രൂപ നിരക്കിൽ 3200 കിലോ ഞാലിപ്പൂവൻ വാഴക്കുല സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന്,

വർഷക്കാരിൽ നിന്നും, കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നു മായി 5700 കിലോ ഉണക്ക കാപ്പി കിലോഗ്രാമിന് 79 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽനിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യ മാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ സെപ്റ്റംബർ മാസത്തിലും കാപ്പി, മഞ്ഞൾ, കുരുമുളക്, വാഴ പ്പഴം, തേങ്ങാ തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 880 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പന്ന ങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യു കയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

**മീഡിയവില്ലേജ് 90.8 റേഡിയോ നാടകം -സ്ക്രിപ്റ്റ് പുരസ്കാരങ്ങൾ**

ചങ്ങനാശ്ശേരി മീഡിയവില്ലേജ് 90.8 സംഘടിപ്പിച്ച അഖിലകേരള റേഡിയോനാടകം -സ്ക്രിപ്റ്റ് മത്സരത്തിൽ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്ത ഏകലവ്യൻ എന്ന നാടകം മൂന്നാം സ്ഥാനം നേടി. റേഡിയോ മാറ്റൊലി ടെക്നീഷ്യൻ ആയ ശ്രീകാന്ത് കെ. രചനയും സംവിധാനവും ശബ്ദമിശ്രണവും നിർവ്വഹിച്ച നാടകമാണ് സമ്മാനർഹമായത്. മികച്ച ശബ്ദമിശ്രണത്തിനുള്ള അവാർഡിനും ശ്രീകാന്ത് കെ. അർഹനായി. കൂടാതെ സ്ക്രിപ്റ്റ് രചനാ മത്സരത്തിൽ റേഡിയോ മാറ്റൊലിയുടെ ഗുൽമോഹർ എന്ന നാടകത്തിന് രണ്ടാം സ്ഥാനവും ലഭിച്ചു. റേഡിയോമാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസർ ഷാജു. പി. ജെയിംസ് ആണ് ഗുൽമോഹറിന്റെ രചന നിർവഹിച്ചിരിക്കുന്നത്.

**ഗാന്ധിജയന്തി ദിനാഘോഷം**

ഒക്ടോബർ 2-ന് ജില്ലാ ജയിലിൽ നടന്ന ഗാന്ധിജയന്തി ദിനാഘോഷ ചടങ്ങിൽ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളിയുടെ നേതൃത്വത്തിൽ റേഡിയോ മാറ്റൊലി ടീം വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു. മംഗലശ്ശേരി മാധവൻ മാസ്റ്റർ, ദിപിൻ കാട്ടാംകോട്ടിൽ, കെ.കെ. ചന്ദ്രശേഖരൻ, ആവണി പ്രവീൺ എന്നിവർ പങ്കെടുത്തു.

**ജില്ലാ ജയിൽക്ഷേമദിനാഘോഷങ്ങൾ**

ഒക്ടോബർ 10-ന് ജില്ലാ ജയിലിലെ ജയിൽ ക്ഷേമദിനാഘോഷങ്ങളിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പരിപാടിയിൽ പങ്കെടുത്തു ആശംസകളർപ്പിച്ചു. ജയിൽക്ഷേമദിനാഘോഷങ്ങളുടെ ഭാഗമായി ഒക്ടോബർ 17 ന് കാത്തിരിക്കുന്ന കുടുംബം എന്ന വിഷയത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി ജില്ലാ ജയിൽ അന്തേവാസികൾക്കായി ക്ലാസ്സ് എടുത്തു.

**എന്നെന്നും മഹാത്മ**

ഗാന്ധിജിയുടെ 150-ാം ജന്മവാർഷികത്തിന്റെ ഭാഗമായി റേഡിയോ

മാറ്റൊലി എന്നെന്നും മഹാത്മ എന്ന പേരിൽ പ്രത്യേക പരിപാടി സംഘടിപ്പിച്ചു. ഒക്ടോബർ ഒമ്പതു വരെയാണ് പരിപാടി പ്രക്ഷേപണം ചെയ്തത്. എല്ലാ ദിവസവും രാത്രി 8.20 നും അടുത്ത ദിവസം ഉച്ചയ്ക്ക് 1.15 നും ശ്രോതാക്കൾക്ക് വേണ്ടി എന്നെന്നും മഹാത്മ എന്ന പരിപാടി പ്രക്ഷേപണം ചെയ്തു. മംഗലശ്ശേരി മാധവൻ മാസ്റ്റർ, ഈ ശ്രീധരൻ മാസ്റ്റർ, ജോൺ മാസ്റ്റർ, സുധാകരൻ മടക്കിമല, ഡോ. പി. ലക്ഷ്മണൻ, മംഗലശ്ശേരി നാരായണൻ, എം. ചന്ദ്രൻ മാസ്റ്റർ, എച്ച്. ബി. പ്രദീപ് മാസ്റ്റർ, ഫാ. മാത്യൂ കാട്ടറത്ത് എന്നിവരെയാണ് ഈ പരിപാടിയിലൂടെ ശ്രോതാക്കൾക്ക് പരിചയപ്പെടുത്തിയത്.

**വയോജന ദിനം പ്രത്യേക തത്സമയ ഫോൺ ഇൻ പരിപാടി**

ഒക്ടോബർ 1 ലോക വയോജന ദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി പ്രത്യേക സല്ലാപം തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മംഗലശ്ശേരി മാധവൻ മാസ്റ്റർ അതിഥിയായി പങ്കെടുത്തു.

**വയനാടൻ മൂപ്പൻ @ 1000**

റേഡിയോമാറ്റൊലി പ്രക്ഷേപണം ചെയ്തു വരുന്ന പരിപാടിയായ വയനാടൻ മൂപ്പന്റെ കൗതുകങ്ങൾ എന്ന പ്രോഗ്രാം ആയിരം എപ്പിസോഡുകൾ പിന്നിട്ടു. ഈ പ്രോഗ്രാമിന്റെ അണിയറ ശില്പിയായ റേഡിയോമാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസർ ശ്രീ. ജോസഫ് പള്ളത്തിന് റേഡിയോമാറ്റൊലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**നോബൽ പുരസ്കാരനിറവിൽ ലോകം**

2019 ലെ നോബൽ സമ്മാനങ്ങൾ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നോബൽ സമ്മാന ജേതാക്കളേയും അവരുടെ സംഭാവനകളേയും പരിചയപ്പെടുത്തിക്കൊണ്ട് നോബൽ പുരസ്കാരനിറവിൽ ലോകം എന്ന പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**രാത്രിയാത്രാ നിരോധനം**

രാത്രി യാത്ര നിരോധനത്തിനെതിരായി ബത്തേരിയിൽ നടത്തിയ സംയുക്ത നിരാഹാരസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**പങ്കാളിത്തം**

സെപ്റ്റംബർ 26 ന് തിരുവനന്തപുരത്ത് വെച്ച് പി.ആർ.ഡി ഡയറക്ടറും കമ്മ്യൂണിറ്റി റേഡിയോ ഡയറക്ടർമാരുമായി നടന്ന

യോഗത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി പങ്കെടുത്തു. കൂടാതെ എക്സൈസ്, എനർജി മാനേജ്മെന്റ്, ലോട്ടറി ഡിപ്പാർട്ട്മെന്റ് എന്നിവയുടെ മേധാവികളുമായി ചർച്ചകൾ നടത്തുകയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. വയനാട് എൻജിനീയറിംഗ് കോളേജ് പ്രൊഫസർ ഡോ. അനിതയുമായി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി കൂടിക്കാഴ്ച നടത്തി. വിവിധ പ്രോഗ്രാമുകളിൽ സഹകരിക്കുന്നതിനും സോളാർ എനർജിയിൽ പ്രവർത്തിക്കുന്ന റേഡിയോ സെറ്റുകൾ എൻജിനീയറിംഗ് കോളേജ് സ്റ്റുഡൻസ് വഴി നിർമ്മിക്കുന്ന പദ്ധതിയേക്കുറിച്ചും ചർച്ച ചെയ്തു.

**സന്ദർശനം**

നബാർഡ് ഡി ഡി എം ജിഷാ വടക്കുംപറമ്പിൽ റേഡിയോ മാറ്റൊലിയിൽ സൗഹൃദ സന്ദർശനം നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. പ്രഭാകരൻ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന ജീവനം പദ്ധതിയേക്കുറിച്ച് സംസാരിക്കുന്നതിനായി മാറ്റൊലിയിൽ വന്നു. പ്രോഗ്രാം റെക്കോർഡ് ചെയ്തു.

**പഠന സന്ദർശനം**

മലപ്പുറം എടക്കര ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു. 60 വിദ്യാർത്ഥികളും 7 അധ്യാപകരും ശില്പശാലയിൽ പങ്കെടുത്തു. സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി, അസി. ഡയറക്ടർ ഫാ.മനോജ് കാക്കോനാൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. വിദ്യാർത്ഥികളുടെ വിവിധ പരിപാടികളും പ്രക്ഷേപണം ചെയ്തു. കോഴിക്കോട് കടമേരി RACHSS പ്ലസ്ടൂ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു. 59 വിദ്യാർത്ഥികളും 3 അധ്യാപകരും അടങ്ങിയ ടീമിന് സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി, അസി. ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യു എന്നിവർ ക്ലാസ്സുകൾ നല്കുകയും സാങ്കേതികവിദ്യയും റേഡിയോയുടെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു. പിലാത്തറ സെന്റ് ജോസഫ്സ് കോളേജിലെ 41 വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടന്ന് വരുന്നു. യൂണിറ്റുകളുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലും **NDS** ന് നല്ല പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുന്നു. ധർമ്മഗിരി, കല്പ്ര, യൂണിറ്റുകളിലെ അംഗങ്ങൾ ചേർന്ന് നടത്തുന്ന ചിട്ടികൾ എല്ലാവർക്കും ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. കയ്യൂന്നി യൂണിറ്റിൽ ചിട്ടി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി നടന്നുവരുന്നു.

കയ്യൂന്നി യൂണിറ്റ് കഴിഞ്ഞ മാസം മാതൃകാപരമായ ഒത്തിരി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രളയബാധിതരായവർക്ക് ഭക്ഷണം, വസ്ത്രം, മറ്റ് ഉപകരണങ്ങൾ എന്നിവയും സമാഹരിച്ച് നൽകി. രോഗിസഹായങ്ങൾ അനാഥാലയങ്ങൾ സന്ദർശിച്ച് സഹായങ്ങൾ നൽകുക, റോഡ് വെട്ടിത്തെളിക്കുക എന്നിവയും ചെയ്തു. കല്പ്ര യൂണിറ്റ്, പ്രളയബാധിത ഭവനങ്ങൾ സന്ദർശിക്കുകയും വൃത്തിയാക്കുകയും ചെയിതു. ഇതു കൂടാതെ തങ്ങളുടെ ദുരിതങ്ങൾ വക വെയ്ക്കാതെ, ഭക്ഷ്യവസ്തുക്കൾ ശേഖരിച്ച് മേപ്പാടി ദുരിതാശ്വാസ ക്യാമ്പിൽ എത്തിക്കാനും കല്പ്ര യൂണിറ്റിന് സാധിച്ചു. വിവിധ യൂണിറ്റുകൾ, സി. യു. ലോണുകളും SHG ലോണുകളും അംഗങ്ങളുടെ ആവിശ്യാനുസരണം കൊടുത്തുവരുന്നു.

കൂടാതെ സാമൂഹ്യമേഖലകളിൽ തങ്ങളാൽ കഴിവുള്ള രീതിയിൽ എല്ലാ യൂണിറ്റുകളും നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു. പ്രളയ ദുരിത ബാധിത പ്രശ്നങ്ങളിൽ NDS സജീവമായി രംഗത്തിറങ്ങുകയും ബാധിത പ്രദേശങ്ങളെ സർക്കാർ തലത്തിലും, രൂപതാ തലത്തിലും അറിയുകയും രണ്ട് മേഖലകളിൽ നിന്നും ലഭിച്ച സഹായങ്ങൾ അർഹതപ്പെട്ടവർക്ക് എത്തിച്ച് കൊടുക്കുവാനും മേഖലാ നേതൃത്വത്തിനും സാധിച്ചു. രോഗീ സഹായം, രോഗീ സന്ദർശനം, ബോധവത്ക്കരണ സെമിനാറുകൾ, സാമൂഹിക പ്രതിസന്ധികൾ തുടങ്ങിയ മേഖലകളിലെല്ലാം ഓരോ യൂണിറ്റുകളും തങ്ങളാൽ സാധിക്കുന്ന രീതിയിൽ സഹകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നു

അരുൾനിലയം യൂണിറ്റിന്റെ കീഴിലുള്ള അയൽക്കൂട്ടങ്ങൾ വളരെ മാതൃകപരമായി ക്രഡിറ്റ് യൂണിയൻ നിക്ഷേപം സ്വീകരിക്കുകയും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ലോൺ അനുവദിക്കുകയും ചെയ്യുന്നു. ലോൺ അപേക്ഷ പരിഗണിച്ച ജീവനദി അയൽക്കൂട്ടത്തിന് 40000 രൂപയും അന്നാ തെരേസ് അയൽക്കൂട്ടത്തിന് 20000 രൂപയും അനുവദിച്ചു.

**ജൈവകൃഷി**

ജൈവകർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി 13 കർഷകർക്കായി 1100 കാപ്പി തൈകൾ സൗജന്യമായി വിതരണം ചെയ്തു. ജൈവകർഷക്കർക്ക് ആവശ്യമായ ക്ലാസുകളും സെമിനാറുകളും എല്ലാ മാസവും ഗ്രൂപ്പടിസ്ഥാനത്തിൽ നടത്തിവരുന്നു. ഓർഗാനിക് വളങ്ങളും കീടനാശിനികളും ഓരോ ഗ്രൂപ്പിലും നിർമ്മിക്കുകയും ആവശ്യാനുസരണം എല്ലാ കർഷകർക്കും നല്കുകയും ചെയ്യുന്നു. ജൈവകൃഷി രീതിയിലേക്ക് കർഷകരെ ബോധവത്ക്കരിക്കുവാൻ ഈ ക്ലാസുകളും വളനിർമ്മാണവും സഹായകരമാണ്.

**NDA ഓഫീസ് വെഞ്ചിരിപ്പ്**

നീലഗിരി റീജണിലെ സഭയുടെ സാമൂഹ്യ, കർഷക ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് സ്വന്തമായി ഒരു ഓഫീസ് എന്ന സ്വപ്നം യാഥാർത്ഥ്യമാവുകയാണ്. നീലഗിരി റീജണിലെ രൂപതയുടെ ഭാവി പ്രവർത്തനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ഗൂഡല്ലൂർ ടൗണിൽ അധികാരി വയലിലുള്ള ഓഫീസ് കെട്ടിടം നവംബർ 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് അഭിവന്ദ്യ പിതാവ് വെഞ്ചിരിച്ച് ഉദ്ഘാടനം ചെയ്യുന്നതാണ്. നീലഗിരി മേഖലക്ക് മുഴുവൻ സന്തോഷം നൽകുന്ന ഈ റീജണൽ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകിയ അഭിവന്ദ്യ പിതാവിനും, ജനറാളച്ചനും, പ്രക്യുറേറ്റർ ജിൽസൺ അച്ചനും, സാമ്പത്തികമായി സഹായിച്ച ഫാ. ജോൺ ചൂരാപ്പുഴ, ഫാ. പോൾ കൂട്ടാല, ഫാ. ജിനോജ്, ഫാ. ബിനു എന്നിവർക്കും, നീലഗിരി റീജണൽ വികാരി തോമസ് മണക്കുന്നേലച്ചനും, റീജണിലെ എല്ലാ വൈദീകർക്കും നന്ദി അറിയിക്കുന്നു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

# ജയിൽ മിനിസ്ട്രി

*തടവുകാരോട് നിങ്ങളും അവരോടൊപ്പം തടവിലായിരുന്നാലെന്നപോലെ പെരുമാറുവിൻ. (ഹെബ്രാ.13,3)*

യേശുസാഹോദര്യകൂട്ടായ്മയുടെ നേതൃത്വത്തിൽ വൈത്തിരി, മാനന്തവാടി ജയിലുകളിൽ കഴിയുന്ന സഹോദരങ്ങളെ സന്ദർശിച്ച് സ്നേഹസാന്ത്വനം പകർന്നു നല്കി. തടവറകൾ ജീവിതത്തിന്റെ അവസാനമല്ലെന്നും പ്രത്യാശയോടെ സ്വപ്നങ്ങൾ കാണണമെന്നും അവരെ ഉദ്ബോധിപ്പിച്ചു. അതോടൊപ്പം കൗൺസിലിംഗും തൊഴിൽ പരിശീലനവും നല്കിവരുന്നു.

ഈ വർഷത്തെ ജയിൽ ക്ഷേമദിനത്തോടനുബന്ധിച്ച് വൈത്തിരി സബ്ജയിലിൽ ഒക്ടോബർ 13ന് കൽപ്പറ്റ സ്നേഹസദനിലെ സഹോദരിമാർ കലാപരിപാടികൾ അവതരിപ്പിച്ചു. അവരെ പ്രോത്സാഹിപ്പിച്ച എസ്.എച്ച് സിസ്റ്റേഴ്സിന് നന്ദി പറയുന്നു. ഒക്ടോബർ 20ന് സമാപന സമ്മേളനത്തിൽ കാഴ്ചപ്പാടുകൾ മാറേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഡയറക്ടർ അച്ചൻ തടവറയിൽ കഴിയുന്നവരെ ഓർമ്മിപ്പിച്ചു.

മാനന്തവാടി ജില്ലാ ജയിലിൽ ഒക്ടോബർ 7ന് കുറുമ്പാല ഇടവകയുടെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു. ജില്ലാ ജയിലിൽ നടന്ന ജയിൽ ക്ഷേമദിനാഘോഷത്തിൽ ബഹു. ബിജോ കറുകപ്പള്ളിയച്ചനും എഫ്. സി. സി. സിസ്റ്റേഴ്സും പങ്കെടുത്തു. ഒക്ടോബർ 13ന് തവിഞ്ഞാൽ ഇടവകയുടെ നേതൃത്വത്തിൽ താളമേളം എന്ന പേരിൽ വിവിധകലാപരിപാടികൾ അവതരിപ്പിച്ചു. ബഹു. ആന്റോ മമ്പള്ളിയച്ചന് പ്രത്യേകം നന്ദി പറയുന്നു. ഒക്ടോബർ 14 ന് കാത്തിരിക്കുന്ന കുടുംബം എന്ന വിഷയത്തിൽ ബഹു. ബിജോ കറുകപ്പള്ളിയച്ചൻ ക്ലാസ്സ് എടുത്തു. അച്ചനെ നന്ദിയോടെ ഓർക്കുന്നു. ഒക്ടോബർ 19 ന് സമാപന സമ്മേളനത്തിൽ മഞ്ഞൂറ ഇടവകയിലെ മിഷൻലീഗ് അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു.

യേശുസാഹോദര്യകൂട്ടായ്മയോട് സഹകരിച്ച് പ്രവർത്തിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

**ഫാ.ജോൺ പുളിന്താനത്ത്**

ഡയറക്ടർ, ജീസസ് ഫ്രെട്ടേണിറ്റി

**September - October 2019**

1) Examination: Internal Examinations for III Semester, V Semester UG and III Semester P G students were conducted from 17/09 19 to 23/09/19

V$^{th}$ semester U G and III Semester P G University examination started on10/10/19 and 11/10/2019 respectively.

Internal examination for I Semester U G and I Semester P G started 09/10/2019 and is expected to finish on 16/10/2019.

2) Higher Education Conclave:

Aim: Job oriented higher education course and specialisations with a hands-on experience towards training students to excel in the competitive exams.

Resource persons: Prof JiIthin Benedict and Prof Vinu Wilson, from Naipunnya College Chalakkudi, conducted a session for the students of Bcom on 18/09/19.

3) Orientation on Tally: [19/09/19]

A programme was conducted by G TEC for 1$^{st}$ year and 2$^{nd}$ year Bcom students to make them aware of the various courses available in G-TEC, connected with commerce. Plenty of information was provided regarding jobs and other opportunities provided by G -TEC to commerce graduates. Their coordinator Mr. Anoop and Mr. Sajin Das took the class. The programme was coordinated by our commerce teachers Ms Rajitha Xavier and Ms Ramya Krishnan.

4) Felicitation & Jubilee celebration: [23/09/19]

The zoology department felicitated Dr Maria Martin Joseph (Principal), Dr Joseph K J (HoD of Malayalam), Dr Rajeev Thomas (HoD of Chemistry) and Dr Mercy Ignatious (HoD of Zoology) who completed 25 years of teaching in our institute. They were honoured by the students on their Jubliee.

5) College Union and Fine Arts Club inauguration:[26/09/19]

Chief Guest for the event: Sri Bala Prasad Violinist. The inaugural session was followed by violin performance by the guest and in the afternoon session cultural programs for and by the students. A team from each department performed on the occasion.

Mr Amal Abraham who participated in the student parliament at New Delhi was honored during the function.

6) Drug Abuse Awareness campaign and Kathak Performance:

The Drug Abuse Awareness programme was followed by a Kathak performance by renowed Kathak artist Ms Shlini Sharma. The programme was organized by Ms Shalini Sharma in collaboration with Spic Macay. The state coordinator Spic Macay, Mr Unni Varier also was present.

7) Gandhi Jayanthi-2019:

NCC and NSS units of the college participated in the Swachhata Hi Sewa campaign on 02/10/19. NCC units of Mary Matha Arts & Science college, Govt. College and GVHSS Mananthavady jointly organized a mini marathon - an awareness campaign from Gandhi park Mananthavady to Mary Matha college. Dr Vaibhav Saxena IPS flagged off the marathon. A total of 150 students (60 from our college) participated in the event.

150th Gandhi Jayanthi celebrations began under the auspices of the NSS on October 2nd 2019, in the college auditorium. The one week programme was inaugurated by Rev Fr George Myladoor, Manager. Dr Rakesh Kalia, HoD, Hindi, delivered the keynote address in the function presided by Dr Maria Martin Joseph, Principal. After the formal function, the first year students were engaged in cleaning of the Karttikulam- Mananthavady road. The premises was cleaned and the waste materials were brought to the college for disposal. The Cultural Programmes scheduled for October 2nd was held in the auditorium- speech and quiz competition, poster making competition and other activities were held as a part of the celebrations. Various programmes to commemorate Gandhiji will be held in the coming days. The oneweek programme will conclude with a street play which is

scheduled on October 11th 2019 at Gandhi park, Mananthavady.

Conducted Power quiz for the students of the college on 03/10/2019. It was organized by the KSEB Officers' Association.

On 04/10/19 Gandhi quiz for the students of the college was organized by the NSS volunteers of the computer science department.

On 05/10/19 versification competition and essay writing competition for the students was organised by the NSS volunteers of Zoology department and Commerce department respectively.

NSS of Mathematics department conducted a debate competition on the topic "Is Gandhi relevant today' and drawing competition by volunteers of Physics department on 10/10/2019.

23 NCC students attended CATC at HQ, West hill, Kozhikode. Anupama Rajeev & Don Benny got selected into the Pre RD Camp I.

8) **Achievements:**

(i) Amal Abraham, participated in the National Youth Parliament organized under the GOI-UNDP-UNV project 'Strengthening NYKS and NSS' at India Habitat Center, Lodhi Road, New Delhi, on 18th and 19th September 2019.

(ii) Joji Jose, II year Physics , participated and won the Gold Medal in Health & hygiene at the All India Thal Sainik Camp, New Delhi. He represented the Kerala & Lakshadweep NCC Directorate.

(iii) College women wrestling team won the runners up trophy in the Kannur University Inter Collegiate wrestling championship held at S N College, Kannur on 5 October 2019.

**Dr Maria Martin Joseph**
Principal

# CEADOM വിദ്യാഭ്യാസ മേഖല

## സ്കൂളുകളുടെ ഓഡിറ്റ്

2018-2019 സാമ്പത്തികവർഷത്തെ നമ്മുടെ സ്കൂളുകളുടെ ഓഡിറ്റ് കോർപ്പറേറ്റ് ഓഫീസിൽ വച്ച് എല്ലാ വെള്ളിയാഴ്ചകളിലും നടന്നുകൊണ്ടിരിക്കുന്നു. ഓഡിറ്റ് നടത്താത്ത സ്കൂളുകൾ ഓഫീസുമായി ബന്ധപ്പെട്ട് നവംബർ 15-നുള്ളിൽ ഓഡിറ്റ് നടത്തേണ്ടതാണ്.

## സ്കൂൾ സന്ദർശനം

സ്കൂൾ നടത്തിപ്പ് രീതികൾ, അദ്ധ്യാപക-അനദ്ധ്യാപകരുടെ നിലപാടുകളും, സഹകരണവും, കുട്ടികളുടെ പഠനനിലവാരവും-സ്കൂൾ അന്തരീക്ഷവും, പഠനാനുബന്ധ പ്രവർത്തനങ്ങളുടെ പുരോഗതി, സ്കൂളിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ, എന്നിവ നേരിട്ട് മനസിലാക്കുവാനും അദ്ധ്യാപക-അനദ്ധ്യാപകരുടെ നിർദ്ദേശങ്ങൾ ആരായുന്നതിനും വേണ്ടി കോർപ്പറേറ്റ് മാനേജർ നവംബർ മാസം മുതൽ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലും സന്ദർശനം നടത്തുന്നതാണ്.

## സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്

### അസംപ്ഷൻ എ. യു. പി. സ്കൂൾ, സുൽത്താൻ ബത്തേരി

**രക്ഷിതാക്കൾക്ക് ബോധവത്കരണ സെമിനാർ:** കുട്ടികളുടെ പഠനം, വ്യക്തിത്വ വികസനം എന്നിവയിൽ രക്ഷിതാക്കളുടെ പങ്ക് എന്ന വിഷയത്തിൽ രക്ഷിതാക്കൾക്ക് ബോധവത്കരണ സെമിനാർ നടത്തി. റവ. ഫാദർ സജി കണ്ടശാംകുന്നേൽ ക്ലാസ് നയിച്ചു.

**കുട്ടികളുടെ കൗൺസലിംഗ്:** പി. ടി. എ. -യുടെ നേതൃത്വത്തിൽ കുട്ടികൾക്ക് കൗൺസലിംഗ് ആരംഭിച്ചു. പച്ചിലക്കാട് പ്രശാന്തിയിലെ റവ. ഫാദർ സജി കണ്ടശാംകുന്നേൽ അച്ചൻ മാസത്തിൽ 2 ദിവസം കൗൺസലിംഗ് നടത്തുന്നു.

**നാടക ക്യാമ്പ്:** സ്കൂളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി ഏകദിന നാടക ക്യാമ്പ് നടത്തി. ഗിരീഷ് കാരാടി, ബാലകൃഷ്ണൻ ആണ്ടൂർ എന്നിവർ നേതൃത്വം നൽകി.

**സ്കൂൾ ഒരു പാഠപുസ്തകം:** കുട്ടികൾക്ക് സ്വയം പഠനത്തിന് അവസരമൊരുക്കി 'സ്കൂൾ ഒരു പാഠപുസ്തകം' എന്ന പദ്ധതി ആരംഭിച്ചു.

ഒന്നം ഘട്ടമായി മഹത്വ്യക്തികളുടേതടക്കം നൂറോളം ചിത്രങ്ങൾ ചുമരുകളിൽ സ്ഥാപിച്ചു. അധ്യാപകർ 1000 രൂപ വീതം എടുത്താണ് സ്കൂൾ ഒരു പാഠപുസ്തകം പദ്ധതി നടപ്പിലാക്കുന്നത്.

**സ്ത്രീ സുരക്ഷ:** പെൺകുട്ടികളുടെ ശാരീരിക സുരക്ഷയെ സംബന്ധിച്ച് പെൺകുട്ടികൾക്ക് കേരള വനിത പോലീസിന്റെ 2 ദിവസത്തെ ക്യാമ്പ് നടത്തി.

**ലഹരി വിരുദ്ധ സെമിനാർ:** എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ആൺകുട്ടികൾക്കായി അർദ്ധദിന ലഹരി വിരുദ്ധ സെമിനാർ നടത്തി.

**വിദ്യാരംഗം ഉദ്ഘാടനം:** വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും സ്കൂളിലെ വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം പ്രമുഖ ടെലിഫിലിം സംവിധായകൻ ശ്രീ. ഷാജു പി. ജെയിംസ് നിർവഹിച്ചു.

**സ്വാതന്ത്ര്യദിനം:** സ്വാതന്ത്ര്യദിനത്തിൽ സ്കൂൾ മാനേജർ റവ. ഫാദർ ജെയിംസ് പുത്തൻപറമ്പിൽ ദേശീയ പതാക ഉയർത്തി.

**സ്കൂൾ മേളകൾ:** സ്ക്കൂൾ ശാസ്ത്ര, കലാ, കായിക മേളകൾ നടത്തി.

**ടോയ്ലറ്റ് ഉദ്ഘാടനം:** സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റി സ്കൂളിന് 8 ലക്ഷം രൂപ ചിലവിൽ നിർമ്മിച്ച ടോയ്ലറ്റ് കോംപ്ലക്സിന്റെ ഉദ്ഘാടനം മുൻസിപ്പൽ ചെയർമാൽ ശ്രീ. ടി. എൽ. സാബു നിർവഹിച്ചു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീ. സി.കെ. സഹദേവൻ അദ്ധ്യക്ഷനായിരുന്നു. മാനേജർ ഫാദർ ജെംയിംസ് പുത്തൻപറമ്പിൽ, പി. ടി. എ. പ്രസിഡന്റ് റ്റിജി ചെറുതോട്ടിൽ എന്നിവർ പ്രസംഗിച്ചു.

**ദുരിതാശ്വാസ നിധി:** മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിലേക്ക് 34,070/ രൂപ സംഭാവന നൽകി.

**ഗാന്ധിജയന്തി:** ഗാന്ധിജയന്തി സമുചിതമായി ആചരിച്ചു. 54 വിദ്യാർത്ഥികൾ ഗാന്ധി വേഷത്തിൽ ബത്തേരി ടൗണിലൂടെ സന്ദേശയാത്ര നടത്തി.

**ഐ. ടി. ലാബ് നവീകരണം:** കൈറ്റിന്റെ സഹായത്തോടെ ഐ. ടി. ലാബ് നവീകരണം നടത്തി. 16 ലാപ്ടോപ്പുകളും, 6 പ്രൊജക്ടറും ലഭിച്ചു. കുട്ടികൾ കാര്യക്ഷമമായി ലാബ് ഉപയോഗിക്കുന്നു.

**എം. എൽ. എ. ഫണ്ട്:** ശ്രീ. ഐ. സി. ബാലകൃഷ്ണൽ എം. എൽ. എ. -യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 3 ലക്ഷം രൂപ ഐ. ടി. ലാബിനായി സ്കൂളിന് അനുവദിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് സ്കൂളിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**അരിഞ്ചേർമല സെന്റ് തോമസ് എൽ. പി. സ്കൂൾ**

- ഒക്ടോബർ 1 ന് വൃദ്ധദിനത്തോട് അനുബന്ധിച്ച് നല്ലപാഠം കുട്ടികളും , പി. ടി. എ. അംഗങ്ങളും കണിയാമ്പറ്റ തണൽ വൃദ്ധമന്ദിരം

സന്ദർശിച്ചു. അവരോടൊപ്പം കലാപരിപാടികൾ വിദ്യാർത്ഥികൾ അവതരിപ്പിച്ചു.

- നല്ലപാഠത്തിനോടൊപ്പം അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ. എന്നിവരുടെ സഹായത്തോടെ പ്രളയബാധിതർക്ക് ആവശ്യവസ്തുക്കൾ നൽകി. ചടങ്ങിൽ മാനേജർ ഫാ. വിൻസെന്റ് താമരശ്ശേരി കിറ്റുകൾ വിതരണം ചെയ്തു.
- അധ്യാപകദിനത്തോട് അനുബന്ധിച്ച് അധ്യാപകർ വിദ്യാർത്ഥികൾക്ക് നന്മയുടെ നല്ലപാഠം പകർന്ന് നൽകികൊണ്ട് നിർദ്ധനരായ രോഗികൾക്ക് സാമ്പത്തിക സഹായവും ഓണ സമ്മാനവും നൽകി നാടിന് മാതൃകയായി.
- ഓസോൺ ദിനത്തോട് അനുബന്ധിച്ച് കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങളിൽ പങ്കുചേർന്ന് ഓസോൺ പാളി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഡോക്യുമെന്ററിയും ബോധവത്കരണവും പി. ടി. എ. ക്ക് നൽകിയതോടൊപ്പം മുഴുവൻ കുട്ടികകൾക്കും സൈക്കിളിംഗ് പരിശീലനം നൽകാനുള്ള നടപടിയും ആരംഭിച്ചു.
- ഇതോടൊപ്പം തന്നെ നാട്ടുമാവിൻ തൈകൾ പി. ടി. എ. -യുടെ നേതൃത്വത്തിൽ റോഡരികിൽ നട്ടു. പി. ടി. എ. പ്രസിഡന്റ് പദ്ധതി ഉദ്ഘാടനം ചെയ്തു.

**ഫാ. ബിജു പൊൻപാറക്കൽ**
കോർപ്പറേറ്റ് മാനേജർ

# അറിയിപ്പുകൾ



**വിധവാ ധ്യാനം**

ലാസലെറ്റ് മരിയൻ ധ്യാനകേന്ദ്രത്തിൽ നവംബർ മാസം 27 ബുധൻ രാവിലെ 9 മണി മുതൽ 30 ശനി രാവിലെ 9 മണി വരെ വിധവകൾക്കായി താമസിച്ചുള്ള ധ്യാനം നടത്തപ്പെടുന്നു. ഈ ധ്യാനത്തിന് ഫീസ് ഉണ്ടായിരിക്കുന്നതല്ല. താല്പര്യമുള്ളവർ വിശദവിവരങ്ങൾക്കും ബുക്കിംഗിനുമായി വിളിക്കുക.


ലാസലെറ്റ് മരിയൻ ധ്യാനകേന്ദ്രം<br>
കായക്കുന്ന്, നടവയൽ 04935 220264,<br>
8281987754, 9544294475

**ഫാ. ജെൻസൺ**


## Logos Quiz -2019

ലോഗോസ് ക്വിസ്സിന്റെ സംസ്ഥാനതല മത്സരം നവംബർ 10 ഞായറാഴ്ച കോഴിക്കോട് വച്ച് നടത്തപ്പെടുന്നതാണ്.


**Fr. Paul Vazhappilly**<br>
Director, Bible Apostolate

# Pastoral Centre Programme



**November 2019**

| | | |
|---|---|---|
| 02 | - | Zion Convention |
| 07- 08 | - | North Kerala Bishops' Meeting |
| 09 | - | Youth Ministry Anniversary |
| 11 - 14 | - | Marriage Preparation Course |
| 15 - 18 | - | Zion Retreat |
| 24 | - | Catechism, + 1 Sangamam |
| 29 - 30 | - | Kudumba koottayma, Retreat for Parish Trusees |

**Kudumba Koottayma**

Dear Rev. Fathers,

I express my sincere thanks and gratitude to all the Priests who sent the Trustees for the seminar on 19th Oct. It was a good experience for them to know each other and clarify some doubts and issues. Very Rev. Fr Abraham Nellickal our Vicar General, Mr. Sebastian Palamparambil and Fr Paul Vazhappilly led the Seminar.

**Retreat for Trustees**

As it was announced during our Annual Retreat, a special Retreat for the Parish Trustees is arranged on 29th 9.30 am to 30th 4.00 pm. It was a good proposal from them during the Seminar. This may be the first attempt to bring them together and motivate them through a Retreat. So please make them aware and encourage them to participate. Zion Director Fr Sony Vazhakatt will preach the Retreat. Registration fee will be Rs.350/. Please register their names before 15th November.

**Fr Paul Vazhappilly**
Director Pastoral Centre

# Bishop's Programme



**November 2019**

2 Saturday ........... Back from Rome

3 Sunday................ MMC: Benefactors' Day

06 Wednesday.......... Dharmagiri: Vestition-MSMI Sisters

07 Thur- 8 Friday .... Dwaraka: North Kerala Bishops' Meet

09 Saturday.............. Dwaraka:Youth Ministry Anniversary

**Afternoon** ....... Kartikulam: Blessing of Karunabhavan

12 Tuesday .............. Kayakunnu: La Salette - Minor Orders

13 Wednesday.......... Deacons' Parents' Meet

14 Thur- 15 Fri ........ Trichur

16 Saturday ............. Thalappuzha: Blessing of Church

17 Sunday................ Makkiyad: Blessing of Parish Hall

**Afternoon**....... Kuzhinilam: Profession of Camillius Sisters

18 Monday ............. Dwaraka: Jubilee of SABS Sisters

19 Tuesday .............. Gudallor: Blessing of NDS Office

20 Wednesday ......... Vadapuram: Ordination-Dn Justin Palaithayyil OFM Cap.

**Afternoon** ...... Nenmeni: Ordination-Dn Melvin OFM Cap.

21 Thursday ............ MMC: Homeday

22 Friday ................ Out of Station

23 Saturday ............ Dwaraka: Jubilee-KCYM

*24 Sunday ............. Dwaraka: Puls one Sangamam*

*25 Monday ............. Visitors' Day*

*26 Tuesday ............ Kartikulam: Parents' Day: Divine Providence Seminary*

*27 Wednesday ......... Kunnalady: Ordination - Dn. Robin Parampanatt OFM*

*28 Thursday ........... Theneri: Ordination - Dn Jino Kaithamattam*
***Afternoon**.....Cherukattoor:Ordination - Dn Stefinson OFM*

*29 Friday ............... Out of Station*

*30 Saturday ............ Kalpetta: Anniversary - De Paul Public School*

## *December*

*1 Sun-6 Fri............ Out of Station*

*7 Saturday ............ Thamarassery*

*8 Sunday ............ Puthussery: Parish Jubilee*

*11 Wednesday ......... Dwaraka: Priests' Conference*

*13 Fri-18 Wed.......... Out of Station*

*19 Thursday ........... Thamrassery*

*20 Friday................. Out of Station*

*21 Saturday.............. Visitors' Day*

*23 Monday ........... Visitors' Day*

*24 Tuesday ........... Visitors' Day*

*25 Wednesday ........ Cathedral: Christmas*

*26 Thursday............ Yevanarkulam: Ordination – Dn Vinoy Kalapurackal*
***Afternoon.......** Deepthigiri: Ordination Dn Nidheesh Thalachira*

*27 Friday................. Out of Station*

*28 Saturday ........... Velloony: Ordination*

*Dn Ribin Peshakattil*

*30 Monday ............. Pookkoottumpadam: Ordination –*

*Dn Varghese Thekkekkara O.Praem.*

***Afternoon**..... Elapeedika: Ordination*

*Dn Nidhin Alackathadathil*

*31 Tuesday ............. Karimbil: Ordination –*

*Dn Prince Thekkethil*